## ചെയർമാന്റെ കത്ത്

# പ്രതീക്ഷയുടെ കോവിഡാനന്തര സമ്മേളനം



**ബ്രദർ രാജൻ ആര്യപ്പള്ളി**
[ചെയർമാൻ, ബിലീവേഴ്സ് ജേണൽ]

പെന്തെക്കോസ്ത് സമൂഹം പോലെ ഇഴയടുപ്പമുള്ള മറ്റൊരു സമൂഹമുണ്ടെന്ന് തോന്നുന്നില്ല. പല സംഘടനകളുടെ ലേബലിൽ അറിയപ്പെടുമ്പോഴും ആത്മാവിന്റെ ഐക്യതയിൽ മുന്നേറുന്ന സമൂഹമാണിത്. മലങ്കരയിൽ നിന്നും ഏഴാം കടൽ കടന്ന് ഉപജീവനമാർഗ്ഗം തേടിയെത്തിയ പെന്തെക്കോസ്തുകാർ അവർ എത്തപ്പെട്ട ദേശങ്ങളിലെല്ലാം ആരാധനയോടൊപ്പം സുവിശേഷവും പങ്കിട്ടു. വിരലിലെണ്ണാവുന്നത്ര ചുരുക്കമായിരുന്നവർ നൂറുകണക്കിനായി വർദ്ധിച്ചു. അമേരിക്കൻ ഐക്യനാടുകളിലും കാനഡയിലുമായി ചിതറിപ്പാർത്തിരുന്നവർക്ക് ഒരുമിച്ച് കൂടി കർത്താവിനെ ആരാധിക്കുവാനും കൂട്ടായ്മാ ബന്ധം പുതുക്കുവാനും പി.സി.എൻ.എ.കെ. വേദിയായി മാറി. വീണ്ടും ഒരു പി.സി.എൻ.എ.കെ. സമ്മേളനത്തിനായി പെൻസിൻവാനിയ ഒരുങ്ങുകയാണ്. ലാങ്കസ്റ്ററിൽ കൗണ്ടി കൺവൻഷൻ സെന്റർ 2023 സമ്മേളനത്തിനു വേദിയാകുന്നു. പി.സി.എൻ.എ.കെ. ചരിത്രത്തിൽ ഏറ്റവുമധികം ജനപങ്കാളിത്വം ഉണ്ടായിരുന്ന 2003 പെൻസിൻവാനിയ കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും ഇവിടേക്ക് പി.സി.എൻ.എ.കെ. എത്തുകയാണ്. അതുകൊണ്ട് തന്നെ പ്രതീക്ഷകളും വലുതാണ്. ഇത്തവണയും വലിയ ജനപങ്കാളിത്തമാണ് പ്രതീക്ഷിക്കുന്നത്. അതിനനുസൃതമായ ഒരുക്കങ്ങളും നടക്കുന്നു. പാസ്റ്റർ റോബി മാത്യു (നാഷണൽ കൺവീനർ), ബ്രദർ വിൽസൻ യോഹന്നാൻ (നാഷണൽ സെക്രട്ടറി), ബ്രദർ വിത്സൻ തരകൻ (നാഷണൽ ട്രഷറർ), ബ്രദർ ഫിന്നി വി. ഫിലിപ്പ് (യൂത്ത് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിലുള്ള നാഷണൽ കമ്മിറ്റിയും ലോക്കൽ കമ്മിറ്റിയും സമ്മേളന വിജയത്തിനായുള്ള യത്നത്തിലാണ്. ഐക്യ പ്രവർത്തനങ്ങൾക്ക് എന്നും പിന്തുണ നൽകിയിട്ടുള്ള ബിലീവേഴ്സ് ജേണൽ പിസിഎൻഎകെ സമ്മേളനവുമായി ബന്ധപ്പെട്ട് കൂടുതൽ പേജുകൾ ഇതിനായി മാത്രം മാറ്റി വെച്ച് പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുകയാണ്. കേവിഡാനന്തര സമ്മേളനം ഏറെ പ്രതീക്ഷ പുലർത്തുന്നു. അതുകൊണ്ടുതന്നെ ഏറെ പ്രതീക്ഷയോടും പ്രാർത്ഥനയോടും 2023 പി.സി.എൻ.എ.കെ. സമ്മേളനത്തിനായി ഒരുങ്ങാം. ദൈവം ഏവരെയും അനുഗ്രഹിക്കട്ടെ.

## എഡിറ്റോറിയൽ

# ചരിത്രത്തിന്റെ വഴിമാറ്റത്തിന് ഒരുങ്ങുന്ന പെൻസിൽവേനിയ സമ്മേളനം



**പാസ്റ്റർ സാംകുട്ടി മാത്യു**
ചീഫ് എഡിറ്റർ

ഇന്നേക്ക് കൃത്യം രണ്ടുപതിറ്റാണ്ടുമുമ്പ് പെൻസിൽവേനിയ പെന്തെക്കോസ്തൽ കോൺഫറൻസ് ഓഫ് നോർത്തമേരിക്കൻ കേരളൈറ്റ്സ് (പി.സി.എൻ.എ.കെ.) സമ്മേളനത്തിന് വേദിയായിരുന്നു. പെന്തെക്കോസ്ത് കോൺഫറൻസ് ചരിത്രത്തിൽ എന്തുകൊണ്ടും തങ്കലിപികളിൽ രേഖപ്പെടുത്തുവാൻ കഴിഞ്ഞ കോൺഫറൻസ് ആയിരുന്നു റവ. ജോർജ്ജ് മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന ആ മഹാസമ്മേളനം. പതിനായിരത്തിലധികം ആളുകൾ പങ്കെടുത്ത ആ മീറ്റിംഗ് ദീപ്തമായ സ്മരണയായി ഇന്നും ആളുകൾ അയവിറക്കുന്നത് എനിക്ക് കേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ചില പിസിഎൻഎകെ സമ്മേളനങ്ങളിൽ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടുള്ള വ്യക്തി എന്ന നിലയിൽ അതിന്റെ നടത്തിപ്പും ക്രമീകരണവും എന്നെ എന്നും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. 1983ൽ റവ. ഉമ്മൻ എബ്രഹാം കൺവീനറായി ആരംഭം കുറിച്ച സമ്മേളനം നാല് പതിറ്റാണ്ടുകൾ തികയുന്ന വർഷം കൂടിയാണിത്. കോവിഡ് കാലത്ത് സമ്മേളനം നടക്കാതിരുന്നതുകൊണ്ട് 38-ാമത് സമ്മേളനമാണ് ഈ വർഷം പെൻസിൽവേനിയയിലെ ലാങ്കാസ്റ്റർ കൗണ്ടിയിൽ നടക്കുന്നത്. ഏഴാം കടലിനക്കരെ ജീവനോപാധി തേടി എത്തിയ മലങ്കരയിലെ വിശ്വാസി തങ്ങൾക്ക് ലഭിച്ച വെളിച്ചത്തിന്റെ സന്ദേശം മറ്റുള്ളവരിലേക്കു പകരുന്നതിൽ ഉത്സുകരായിരുന്നു. ആദ്യകാലങ്ങളിൽ എത്തിയവർ ബന്ധുക്കളെയും സുഹൃത്തുക്കളെയും ഇവിടേക്ക് എത്തിച്ചു. അനേകർ ദൈവീക സന്ദേശം ഏറ്റെടുത്തു പെന്തെക്കോസ്ത് മാർഗ്ഗത്തിലെത്തി. അവർ എത്തിച്ചേർന്ന പട്ടണങ്ങളിലൊക്കെ പെന്തെക്കോസ്ത് സഭകൾ ഉടലെടുത്തു. കാലക്രമേണ സഭകളുടെയും വിശ്വാസികളുടെയും എണ്ണത്തിൽ വലിയ വർദ്ധനവ് തന്നെ ഉണ്ടായി. അമേരിക്കയിലും കാനഡയിലുമായി ചിതറിപ്പാർത്തവർ വിവിധ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങളുടെ ലേബലിൽ ആരാധിച്ചുവന്നപ്പോൾ തന്നെ കൂട്ടായ്മയ്ക്കായി ഒന്നിച്ചു ഒരു കുടക്കീഴിൽ അണിനിരന്നതിന്റെ ഫലമാണ് പിസിഎൻഎകെയുടെ പിറവി. അമേരിക്കൻ വിശ്വാസികളുടെ പൂർവ്വദേശമായ കേരളക്കരയിൽ ഇത്തരം ഐക്യ സംരംഭങ്ങൾ ആരംഭിച്ചെങ്കിലും ആരംഭശൂരത്വം മാത്രമായിരുന്നു ഉണ്ടായിരുന്നത്. അധികാരമോഹവും അസൂയയും പടലപിണക്കവുമൊക്കെ അത്തരം സംരംഭങ്ങളെ കാലയവനികയ്ക്ക് അപ്പുറമെത്തിച്ചു. എന്നാൽ സ്ഥിരസംവിധാനങ്ങൾ ഒന്നുമില്ലാതെ കഴിഞ്ഞ മുപ്പത്തിയേഴ് സമ്മേളനങ്ങൾ വിജയകരമായി നടത്തുവാൻ അമേരിക്കയിലെ വിശ്വാസസമൂഹത്തിന് സാധിച്ചത് എടുത്തുപറയേണ്ടതും അഭിനന്ദനാർഹവുമാണ്. ഒരു സമ്മേളനത്തിൽ തിരഞ്ഞെടുക്കപ്പെടുന്നവർ അടുത്ത സമ്മേളന വിജയത്തിനായി യത്നിക്കുകയും സമ്മേളന ശേഷം പുതിയ ഭാരവാഹികളെ ചുമതലയേൽപ്പിച്ചു മാറുകയും ചെയ്യുന്നു. തങ്ങൾ നടത്തുന്ന കോൺഫറൻസിൽ നിന്ന് അധിക തുക ലഭിച്ച കുറച്ചു പണം ജിവകാരുണ്യ പ്രവർത്തനങ്ങൾക്ക് ചിലവഴിക്കുകയും ബാക്കിതുക പുതിയ ഭാരവാഹികളെ ഏൽപ്പിക്കുകയും ചെയ്യുന്ന രീതിയാണ് കണ്ടുവരുന്നത്. ഈ ഐക്യസമ്മേളനം വിജയിപ്പിക്കുന്നതിനായി വില കൊടുത്തവർ ധാരാളമുണ്ട്. പ്രാർത്ഥിക്കുന്നവർ, അദ്ധ്വാനിക്കുന്നവർ, തങ്ങളുടെ നന്മ ചിലവഴിക്കുന്നവർ, ദീർഘദൂരം യാത്ര ചെയ്ത് സമ്മേളനത്തിനായി എത്തിച്ചേരുന്നവർ ഇങ്ങനെ അനവധി ആളുകളുടെ കൂട്ടായ പ്രവർത്തനമാണ് ഓരോ സമ്മേളനത്തിന്റെയും വിജയം.

2023 പിസിഎൻഎകെ കോൺഫറൻസ് ഏറെ പ്രതീക്ഷ പുലർത്തുന്ന സമ്മേളനമാണ്. സമർപ്പിതരും ഉത്സാഹശാലികളും പ്രാപ്തരുമായ പ്രീയപ്പെട്ടവരാണ് ഇതിന്റെ എക്സിക്യൂട്ടീവ്സായി പ്രവർത്തിക്കുന്നത്. 2020-ൽ നടക്കേണ്ടിയിരുന്ന സമ്മേളനം കോവിഡിനെ തുടർന്ന് മാറ്റിവയ്ക്കേണ്ടി വന്നത് ആശങ്ക ഉളവാക്കിയിരുന്നു. എന്നാൽ കൂടുതൽ ഉത്സാഹത്തോടെ സമ്മേളനവിജയത്തിനായി ഈ പ്രിയപ്പെട്ടവർ പ്രവർത്തിക്കുന്നതാണ് നമ്മൾ കാണുന്നത്. നാഷണൽ കൺവീനർ റവ. റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറാർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ബ്രദർ ഫിന്നി വി. ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ സോഫി വർഗീസ് എന്നിവർ എനിക്ക് പരിചിതരും സ്നേഹിതരുമാണ്. ഒപ്പം നാഷണൽ ലോക്കൽ കമ്മറ്റികൾ സമ്മേളനം അനുഗ്രഹമാകട്ടെ. ബിലീവേഴ്സ് ജേണൽ സ്പെഷ്യൽ ലക്കം വായനക്കാർക്കായി സമർപ്പിക്കുന്നു.

# ലാങ്കസ്റ്റർ കൗണ്ടിയിലെ ഐക്യതയുടെ കോൺഫറൻസ്

**ബാബുക്കുട്ടി ജോർജ്ജ്**
[ലോക്കൽ കോർഡിനേറ്റർ]



ലോകത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ കോവിഡ് വൈറസിന്റെ ആക്രമണം രണ്ടു വർഷം നഷ്ടമാക്കി. 2020-ൽ നടക്കേണ്ടിയിരുന്ന സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതിനിടെയാണ് കോവിഡിന്റെ കടന്നുകയറ്റം ഉണ്ടായതും സമ്മേളനം അനിശ്ചിതമായി മാറ്റിവയ്ക്കേണ്ടി വന്നതും. കോവിഡിന്റെ ആശങ്ക ഒഴിയാതെ നീണ്ടുപോയതും സമ്മേളനത്തെകുറിച്ചുണ്ടായ അനിശ്ചിതത്വം വർദ്ധിപ്പിച്ചു. ദൈവത്തിന്റെ കരുണയാൽ ഏറെ പ്രതീക്ഷകൾ ഉണർത്തികൊണ്ടണ് കോവിഡാനന്തര സമ്മേളനം നടക്കുവാൻ പോകുന്നത്. എല്ലാ ഭാഗത്തുനിന്നും ലഭിക്കുന്ന റിപ്പോർട്ടുകളും ആ നിലിയിൽ ഉള്ളതാണ്. രജിസ്ട്രേഷനിലെ വലിയ പങ്കാളിത്തം സൂചിപ്പിക്കുന്നത് നമ്മുടെ വിശ്വാസ സമൂഹം ഈ ഐക്യതയുടെ സമ്മേളനത്തിന് നൽകുന്ന പ്രാധാന്യമാണ്. ജനം വെച്ചുപുലർത്തുന്ന പ്രതീക്ഷകളെ സാക്ഷാത്ക്കരിക്കുന്ന നിലയിലാണ് പിസിഎൻഎകെ കോൺഫറൻസിന്റെ സംഘാടക സമിതി കാര്യങ്ങൾ ക്രമീകരിക്കുന്നത്. ആത്മീക വിരുന്നിനൊപ്പം മികച്ച ഭക്ഷണവും താമസസൗകര്യവും അനുബന്ധക്രമീകരണങ്ങളും ഈ സമ്മേളനത്തെ വേറിട്ട അനുഭവമാക്കിമാറ്റും. വിശാലമായ നിലയിലാണ് സംഘാടകർ കാര്യങ്ങൾ ക്രമീകരിക്കുന്നത്.

2023 ജൂൺ 29 മുതൽ ജൂലൈ 2 വരെ സാഹോദര്യ സ്നേഹത്തിന്റെ പട്ടണം എന്നറിയപ്പെടുന്ന ഫിലദൽഫിയയുടെ സമീപ സ്ഥലമായ ലാങ്കാസ്റ്റർ കൗണ്ടി കൺവെൻഷൻ സെന്ററിൽ നടത്തുവാൻ വിപുലമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. 2019ൽ മയാമിൽ വെച്ച് നടന്ന 37-മത് കോൺഫ്രൻസ് കഴിഞ്ഞ് നമ്മൾ പിരിയുമ്പോൾ 2020 പെൻസിൽവാനിയായിൽ കാണാം എന്നുള്ള പ്രതീക്ഷയോടും ആഗ്രഹത്തോടും കൂടിയാണ് യാത്ര പറഞ്ഞത്. എന്നാൽ കഴിഞ്ഞ മൂന്നു വർഷക്കാലം കോവിഡ് എന്ന മഹാമാരി സൃഷ്ടിച്ച വലിയ പ്രതിസന്ധി മൂലം അതിനു സാധിച്ചില്ല. എങ്കിലും പ്രയാസങ്ങളുടെയും പ്രതിസന്ധികളുടെയും നാളുകളിൽ ദൈവം നമ്മെ കൈവിട്ടില്ല. അമേരിക്കയിൽ നടക്കുന്ന സൗത്ത് ഏഷ്യൻ കമ്മ്യൂണിറ്റിയിലെ ഏറ്റവും വലിയ പെന്തക്കോസ്ത് മഹാ സമ്മേളനത്തിനാണ് ലാങ്കാസ്റ്റർ പട്ടണം ഒരുങ്ങുന്നത്.

ഇന്നയോളം അത്ഭുതകരമായി വഴി നടത്തിയ കർത്താവായ യേശുക്രിസ്തുവിലുള്ള അചഞ്ചലമായ വിശ്വാസവും ആശ്രയവും മുറുകെപ്പിടിച്ച് ഏൽപ്പിച്ച ദൗത്യം പൂർണ്ണ ഉത്തരവാദിത്വത്തോടെ ചെയ്തു തീർക്കുക എന്ന കടമ നമുക്കുണ്ട്. ന്യൂയോർക്കിൽ നിന്ന് മൂന്നു മണിക്കൂറും കാനഡയിൽ നിന്ന് എട്ടുമണിക്കൂറും ഡ്രൈവ് ചെയ്ത് സമ്മേളന നഗരിയിലെത്താം. നാഷണൽ കമ്മറ്റിയോടൊപ്പം ലോക്കൽ കമ്മറ്റിയും സമ്മേളനവിജയത്തിനായി അഹോരാത്രം അധ്വാനിക്കുകയാണ്. ഐക്യതയുടെ സമ്മേളനത്തിലേക്ക് ഏവർക്കും ഹൃദയപൂർവ്വമായ സ്വാഗതം.

# പെന്തെക്കോസ്ത് കോൺഫറൻസ്– വെല്ലുവിളികളും സാധ്യതകളും



സാം റ്റി. ശാമുവേൽ

അമേരിക്ക ഒരു കുടിയേറ്റ രാജ്യമാണ്. 'റെഡ് ഇൻഡ്യൻസ്' എന്നറിയപ്പെടുന്ന അമേരിക്കയിലെ ആദിമവാസികൾ പോലും വളരെ വർഷങ്ങൾക്കു മുൻപ് ഏഷ്യയിൽ നിന്നും ബെറിംഗ് കടലിടുക്ക് വഴി ഇവിടെ എത്തിച്ചേർന്നവരാണ്. 1492ൽ കൊളംബസ് അമേരിക്കൻ ഭൂഖണ്ഡം കണ്ടുപിടിച്ചശേഷം യൂറോപ്പിൽ നിന്നും ഇവിടേയ്ക്ക് വലിയതോതിലുള്ള അധിനിവേശം ആരംഭിച്ചു. സ്പാനിഷുകാരാണ് ആദ്യം എത്തിയത്. തുടർന്ന് ഡച്ചുകാരും ഫ്രഞ്ച്കാരും ഇവിടെയെത്തി കോളനികൾ സ്ഥാപിച്ചു. 1620-ൽ മേയ്ഫ്ലവർ എന്ന കപ്പലിൽ മസ്സാച്ച്യുസെറ്റ്സിലെ പ്ലിമത്തിൽ എത്തിയ പ്യൂരിറ്റൻ തീർത്ഥാടകരാണു ബ്രിട്ടീഷ് കുടിയേറ്റത്തിനു നാന്ദികുറിച്ചത്. യൂറോപ്യന്മാർ കൂടെകൊണ്ടുവന്ന സംക്രമികരോഗങ്ങൾ പിടിപെട്ടു റെഡ് ഇന്ത്യൻ വംശജരിൽ ബഹുഭൂരിപക്ഷവും ചത്തൊടുങ്ങി. അങ്ങനെ അവരുടെ ഭൂമിയും കുടിയേറ്റക്കാരുടെ കൈകളിൽ എത്തിച്ചേർന്നു.

മെച്ചപ്പെട്ട ജീവിത സാഹചര്യം തേടി അന്യനാടുകളിലേക്കു കുടിയേറുന്ന രീതി കേരളീയരുടെ ഒരു സ്വഭാവമാണ്. പ്രത്യേകിച്ചും മലങ്കര ക്രൈസ്തവരുടെ. തിരുവിതാംകൂറിൽ നിന്നും മലബാറിലേക്കും മലയോരപ്രദേശങ്ങളിക്കും ഒരുകാലത്തു വലിയ തോതിലുള്ള കുടിയേറ്റമാണ് ഇവർ നടത്തിയത്. പിൽക്കാലത്തു വടക്കേ ഇന്ത്യയിലേക്കും ബർമ്മയിലേക്കും സിലോണിലേക്കും മലേഷ്യയിലേക്കും സിംഗപ്പൂരിലേക്കും ധാരാളം ആളുകൾ ജോലി അന്വേഷിച്ചു കടന്നുപോയി. കേരളത്തിലുണ്ടായ വിദ്യാഭാസപുരോഗതിയാണ് ഇത്തരം കുടിയേറ്റങ്ങൾക്കു കാരണമായത്. 1970കൾക്ക് ശേഷം പേർഷ്യൻ ഗൾഫ് നാടുകളിലേക്കും ഒരു വലിയ തള്ളിക്കയറ്റം ഉണ്ടായി. അക്കൂട്ടത്തിൽ ക്രൈസ്തവർ മാത്രമല്ല, എല്ലാ മതത്തിലും പെട്ടവർ ഉണ്ടായിരുന്നു. അമേരിക്കയിലേക്കുള്ള മലയാളി പ്രവാഹം ശക്തമാകുന്നത് 1965ലെ കുടിയേറ്റ നിയമം ഉദാൽക്കവരിച്ചതോടെയാണ്. ഇപ്പോൾ ഏതാണ്ട് മൂന്നു ലക്ഷത്തോളം മലയാളികൾ അമേരിക്കയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ലോകത്തിലെ മിക്ക കുടിയേറ്റങ്ങൾക്കും നേതൃത്വം നൽകിയത് പുരുഷന്മാർ ആയിരുന്നെങ്കിൽ അമേരിക്കയിലെ സുറിയാനി ക്രിസ്ത്യാനികളുടെ ചരിത്രം മറ്റൊന്നാണ്. ഇവിടെ മലയാളി നഴ്സുമാരാണ് കുടിയേറ്റത്തിനു പിന്നിലെ ചാലകശക്തി. സ്ത്രീകൾ ആദ്യമെ അമേരിക്കയിലേക്കു പോവുകയും പിന്നാലെ പുരുഷന്മാരും മറ്റു ബന്ധുക്കളും ജോലിതേടി അവിടെ എത്തുകയുമാണു മിക്കപ്പോഴും നടക്കുന്നത്. നേഴ്സുമാരുടെ ശമ്പളംകൊണ്ടുതന്നെ സുഖമായി ജീവിക്കാനുള്ള വരുമാനം ലഭിക്കുമെന്നതിനാൽ പല പുരുഷന്മാർക്കും തിരക്കുള്ള ജോലികളിൽ ഏർപ്പെടേണ്ടി വരുന്നില്ല. ഒട്ടും ജോലി ചെയ്യാത്തവരും ചെറിയ ബിസിനെസ്സിൽ ഏർപ്പെട്ടിരിക്കുന്നവരും ഉണ്ട്. അവർ പള്ളികമ്മറ്റിയും സംഘടനാപ്രവർത്തനവും ഒക്കെയായി സമയം ചെലവഴിക്കുന്നു. സോഷ്യൽ മീഡിയ വ്യാപകമായത്തിനു ശേഷം സൂര്യനുകീഴിലുള്ള എല്ലാറ്റിനെയും കുറിച്ചു വാട്സാപ്പിലും ഫേസ്ബുക്കിലും കമെന്റുകൾ എഴുതുന്നതിൽ വ്യാപൃതരായിരിക്കുന്നു മറ്റു ചിലർ.

അമേരിക്കയിലേക്കുള്ള അദ്യകാല മലയാളീ കുടിയേറ്റക്കാരിൽ നിരവധി പെന്തെക്കോസ്തുകാർ ഉണ്ടായിരുന്നു. അവർ താമസ്സമാക്കിയ സ്ഥലങ്ങളിലെല്ലാം പെന്തെകോസ്തു സഭകളും കൂടിവരവുകളും ആരംഭിച്ചു. 1968ൽ ന്യൂയോർക്കിലാണ് ആദ്യമായി അപ്രകാരം ഒരു ആരാധനക്കു തുടക്കം കുറിച്ചത്. പിന്നീട് ഹ്യൂസ്റ്റൺ, ഡാളസ്, ചിക്കാഗോ തുടങ്ങിയ നഗരങ്ങളിലും പെന്തെക്കോസ്ത് കൂട്ടായ്മകൾ നിലവിൽ വന്നു. 1980കൾ ആയപ്പോഴേക്കും ധാരാളം പേർ ഇന്ത്യയിൽ നിന്നും എമിഗ്രന്റ് വിസയിൽ അമേരിക്കയിൽ എത്തി. അങ്ങനെ മലയാളി സഭകൾ വളർന്നു. സഭാ ഭേദമെന്യേ എല്ലാ മലയാളി പെന്തെകോസ്തു സഭകളും തമ്മിൽ സഹകരിച്ചു പ്രവർത്തിക്കുന്നതിനും ഒത്തുചേർന്നു ആരാധിക്കുന്നതിനും ഒരു പൊതുവേദി ഉണ്ടാകേണ്ടതിന്റെ ആവശ്യകത ഈ സന്ദർഭത്തിൽ പലർക്കും ബോധ്യമാവുകയും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അങ്ങനെ 1981ൽ ന്യൂയോർക്കിലുള്ള സഭകൾ ചേർന്ന് പെന്തക്കോസ്ത് യൂത്ത് ഫെല്ലോഷിപ്പ് ഓഫ് അമേരിക്ക (PYFA) എന്ന ഒരു സംഘടനക്കു രൂപം നൽകി. ന്യൂയോർക്ക്, ന്യൂജേഴ്സി, കണക്റ്റികട്ട് എന്നീ മൂന്നു സംസ്ഥാനങ്ങളിലും ഉള്ള എല്ലാ മലയാളീ പെന്തെക്കോസ്തുകാരെയും ഒരു കുടക്കീഴിൽ അണിനിരത്തി നാളത്തെ ശുശ്രൂഷയ്ക്കും നേതൃത്വപരമായ റോളുകൾക്കും യുവാക്കളെ പ്രോത്സാഹിപ്പിക്കുക; ശാക്തീകരിക്കുക എന്ന ലക്ഷ്യമായിരുന്നു ഈ സംഘടനക്കുണ്ടായിരുന്നത്. അന്നത്തെ സഭയിലെ വിശ്വാസികളും ദൈവദാസന്മാരും യൗവ്വനദശ പിന്നിട്ടവർ അല്ലായിരുന്നു എന്നതുകൊണ്ടു എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു കൂട്ടായ്മയായിരുന്നു, പെന്തക്കോസ്ത് യൂത്ത് ഫെല്ലോഷിപ്പ് ഓഫ് അമേരിക്ക. ഇതിന്റെ മാതൃകയിൽ അമേരിക്കയിലെ എല്ലാ സംസ്ഥാനത്തുമുള്ള മലയാളീ പെന്തെക്കോസ്തുകാരുടെ ഒരു കോൺഫറൻസ് എന്ന ആശയം അങ്ങനെയാണു രൂപപ്പെട്ടത്.

1983ൽ പാസ്റ്റർ ഉമ്മൻ ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഒക്കലഹോമ സിറ്റിയിൽ വെച്ച് ഒരു സമ്മേളനം നടത്തപ്പെട്ടു. വിവിധ സഭാവിഭാഗങ്ങളിൽപെട്ട വിശ്വാസികളായ ഏതാണ്ട് മുന്നോറോളം പേർ ഒരു മാളിലെ മീറ്റിംഗ് റൂമിലാണ് കൂടിവന്നത്. എന്നാൽ ഈ കോൺഫറൻസിൽ ഒക്കലഹോമയിലുള്ള ചില സഭകൾ സഹകരിക്കയുണ്ടായില്ല. തൊട്ടടുത്ത സംസ്ഥാനമായ ടെക്സസിൽ നിന്നും ചിലർ ഈ യോഗങ്ങളിൽ സംബന്ധിച്ചിരുന്നു എങ്കിലും അമേരിക്കയിലെ മറ്റു സ്ഥലങ്ങളിൽ നിന്നും പങ്കാളിത്തം കുറവായിരുന്നു. 1984ലും പാസ്റ്റർ ഉമ്മൻ ഏബ്രഹാമിന്റെ നേതൃത്വത്തിൽ ഡാളസിൽ ഒരു സമ്മേളനം സംഘടിപ്പിക്കയുണ്ടായി. ആ വർഷം തന്നെ ന്യൂയോർക്കിലെ സഭകളുടെ ഉത്സാഹത്തിൽ കേപ്പ്മേ, ന്യൂജേർസിയിൽ പാസ്റ്റർ ജേക്കബ് ചെറിയാൻ കൺവീനറായി ഒരു കോൺഫറൻസ് നടക്കയുണ്ടായി. ഈ കോൺഫറൻസിൽ അമേരിക്കയിലെ നിരവധി സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികൾ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിന്റെ ജനറൽ ബോഡി യോഗത്തിൽ ഇനിമേൽ രണ്ടു കോൺഫെറെൻസുകൾ വേണ്ട, അമേരിക്കയിലെയും ക്യാനഡയിലെയും സഭകളെ പങ്കെടുപ്പിച്ചുകൊണ്ടു 'പെന്തെക്കോസ്റ്റൽ കോൺഫറൻസ് ഓഫ് നോർത്തമേരിക്കൻ കേരളൈറ്റ്സ്' (PCNAK) എന്ന പേരിൽ ഒരു കോൺഫറൻസ് മതി എന്ന സുപ്രധാന തീരുമാനം കൈക്കൊണ്ടു. അങ്ങനെ 1985 മുതൽ എല്ലാവർഷവും PCNAK സമ്മേളനങ്ങൾ അനുഗൃഹീതമായി നടന്നുപോരുന്നു. പതിവായി ജൂലൈ മാസത്തിന്റെ ആദ്യ ആഴ്ചയിലാണ് ഈ മീറ്റിംഗുകൾ ക്രമീകരിക്കാറുള്ളത്. കോവിഡ് നീയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ 2020, 2021, 2022 വർഷങ്ങളിൽ കോൺഫെറെൻസുകൾ നടക്കയുണ്ടായില്ല. കോവിഡ് പ്രതിസന്ധികൾ നീങ്ങിയ സാഹചര്യത്തിൽ ഒരു ചെറിയ ഇടവേളയ്ക്കു ശേഷം ജഇചഅഗന്റെ മുപ്പത്തിയെട്ടാമതു കോൺഫറൻസ് 2023 ജൂൺ 29 - ജൂലൈ 2 തീയതികളിൽ പെൻസിൽവാനിയ സ്റ്റേറ്റിലെ ലാൻകാസ്റ്ററിൽ വെച്ച് നടക്കും.

കഴിഞ്ഞ നാൽപ്പതു സംവത്സരമായി നടന്നുവരുന്ന ഈ സമ്മേളനങ്ങൾ ഇത്രയും കാലം പ്രശ്നങ്ങൾ ഇല്ലാതെ നിലനിന്നതിനു കാരണങ്ങൾ പലതാണ്. സാധാരണ മലയാളികളുടെ സ്വഭാവവും സംഘടനകളുടെ ചരിത്രവും നോക്കിയാൽ ഈ പ്രസ്ഥാനം പിളരേണ്ട സമയം പണ്ടേ അതിക്രമിച്ചു. ഓരോ കോൺഫെറെൻസിനേയും നയിക്കുന്നത് അതാതു വർഷം തെരഞ്ഞെടുക്കപ്പെടുന്ന ഒരു കമ്മറ്റിയാണ്. അല്ലാതെ ഈ സമ്മേളനങ്ങൾക്കു രെജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഒരു കേന്ദ്ര ഭരണ സമിതിയോ സ്ഥിരം സമ്മേളന വേദിയോ ഇല്ല. അതുകൊണ്ടുതന്നെ സമ്മേളനങ്ങൾ സംഘാടകരുടെ കാഴ്ചപ്പാടനുസരിച്ചു ക്രമീകരിക്കുന്നതിനു അവർക്കു സ്വാതന്ത്ര്യമുണ്ട്. തങ്ങൾ നടത്തുന്ന സമ്മേളനം മുൻ വർഷങ്ങളേക്കാൾ നന്നായിരിക്കണം എന്ന ചിന്ത നടത്തിപ്പുകാർക്കുള്ളതുകൊണ്ടു പല നൂതന ആശയങ്ങളും ആവിഷ്കരിച്ചു നടപ്പാക്കാനും മെച്ചപ്പെട്ട ക്രമീകരണങ്ങൾ ഒരുക്കാനും അവർ ശ്രദ്ധിക്കുന്നു. അങ്ങനെ ഓരോ കോൺഫെറെൻസുകളും മീറ്റിംഗുകളുടെ കാര്യത്തിലും താമസ-ഭക്ഷണ കാര്യത്തിലും വ്യത്യസ്തത പുലർത്തുന്നു എന്നത് കടന്നു വന്നു സംബന്ധിക്കുന്നവർക്കു എല്ലാവിധത്തിലുമുള്ള അനുഗ്രഹത്തിനു കാരണമാകുന്നു.

കേരളത്തിന് വെളിയിൽ നടക്കുന്ന മലയാളീ പെന്തെക്കോസ്തുകാരുടെ ഏറ്റവും വലിയ കൂട്ടായ്മയായാണ് ജഇചഅഗ സമ്മേളനങ്ങൾ. സ്ഥിരമായി അയ്യായിരത്തിൽ അധികം പേർ ഈ കോൺഫെറെൻസുകളിൽ പങ്കെടുക്കാറുണ്ടായിരുന്നു. 7000വും 10000വും പേർ പങ്കെടുത്ത സമ്മേളനങ്ങളും ഉണ്ട്. എന്നാൽ കഴിഞ്ഞ 25 വർഷത്തോളമായി വിവിധ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ അവരവരുടെ കോൺഫെറെൻസുകൾ വെവ്വേറെ നടത്തുവാൻ തീരുമാനിച്ചു. കേരളത്തിൽ നിന്നും വരുന്ന വിവിധ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരുടെ താൽപ്പര്യപ്രകാരമാണ് ഈ പ്രത്യേക സമ്മേളനങ്ങൾ ഉടലെടുത്തത്. PCNAK കോൺഫെറെൻസിൽ നാട്ടിൽ നിന്നും വരുന്ന എല്ലാ സഭകളുടെയും നേതാക്കന്മാർക്ക് പ്രസംഗവേദി കിട്ടാതെ വന്നപ്പോൾ അവർ തങ്ങളുടെ വിശ്വാസികളെ സ്വാധീനിച്ചു വെവ്വേറെ സമ്മേളനങ്ങൾ നടത്താൻ പ്രേരിപ്പിക്കയാണുണ്ടായത്. പ്രസംഗിക്കാനും പ്രസ്ഥാനങ്ങളുടെ ആവശ്യങ്ങൾ അവതരിപ്പിച്ചു പണം സമാഹരിക്കാനുമുള്ള ഒരു വേദി അങ്ങനെ അവർ ഉണ്ടാക്കിയെടുത്തു. 'ഫാമിലി കോൺഫറൻസ്' എന്നപേരിൽ അറിയപ്പെടുന്ന ഇത്തരം വാർഷിക കോൺഫെറെൻസുകൾ മൂലം PCNAK നു അല്പമല്ലാത്ത ക്ഷീണമാണു സംഭവിച്ചിട്ടുള്ളത്. ചിലരുടെ സ്വാർഥ താല്പര്യത്തിനു വഴങ്ങി പരസ്പര മത്സരവും വിഘടനവാദവും വളർത്തി ദൈവമക്കളുടെ ഐക്യതയെ തകർക്കുന്ന പ്രവണതക്ക് ഒരു ബദലാണ് PCNAK കോൺഫെറെൻസുകൾ. അതുകൊണ്ടു തന്നെ ഈ സമ്മേളനങ്ങൾ വിജയമാക്കേണ്ടത് സങ്കുചിത ചിന്താഗതി വച്ചുപുലർത്താത്ത, സഭാ-സംഘടനാ വിഭാഗീയത്തേക്കു അതീതമായി ചിന്തിക്കുന്ന, സകല വിശുദ്ധന്മാരെയും ഒരുപോലെ സ്നേഹിക്കുന്ന, ദൈവജനത്തിന്റെ ആവശ്യമാണ്.

ഫിലദൽഫ്യയയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് സുപരിചിതനും സൗമ്യതയുടെ മുഖവുമാണ് പാസ്റ്റർ റോബി മാത്യു (നാഷണൽ കൺവീനർ, PCNAK 2023). കോൺഫറൻസ് ഒരുക്കങ്ങളുടെ പുരോഗതിയെക്കുറിച്ച് വായനക്കാരോട് സംസാരിക്കുന്നു.

# പ്രതീക്ഷയോടെ വീണ്ടും പെൻസിൽവേനിയയിൽ

അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...

**? പാസ്റ്റർ റോബി മാത്യു അമേരിക്കയിലെ പെന്തെക്കോസ്ത് പൊതുവേദിയിൽ പരിചിതനല്ലെങ്കിലും ഫിലെദൽഫിയയിൽ ഏവർക്കും സുപരിചതിനാണ്. വായനക്കാർക്കായി താങ്കളെ പരിചയപ്പെടുത്താമോ**

കേരളത്തിൽ കോട്ടയം അഞ്ചേരിയിലാണ് എന്റെ കുടുംബം. കുഴിയാത്ത് കടുപ്പിൽ വീട്ടിൽ പാസ്റ്റർ രാജൻ മാത്യുവും മറിയാമ്മയുമാണ് എന്റെ മാതാപിതാക്കൾ. പിതാവിന്റെ ജോലിയോടുള്ള ബന്ധത്തിൽ ഗുജറാത്തിലെ ബറോഡയിലെ സ്കൂൾ പഠനശേഷം ചങ്ങനാശ്ശേരി S.B. കോളജിലും പാമ്പാടി K.G. കോളജിലുമായി പ്രീഡിഗ്രിയും ഡിഗ്രിയും പൂർത്തിയാക്കി. 1993-ൽ 21-ാം വയസിലാണ് ഞാൻ ഫിലദൽഫ്യയിൽ എത്തിയത്. ഡാളസിലെ ക്രൈസ്റ്റ് ഫോർ ദി നേഷൻസ്, നോർത്ത് പോയിന്റ് ബൈബിൾ കോളജ് എന്നിവിടങ്ങളിൽ നിന്ന് വേദശാസ്ത്ര പഠനം നടത്തി. 2006 മുതൽ ഫിലദെൽഫ്യയിലെ ഇമ്മാനുവേൽ ഐ.പി.സി.യുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. എന്റെ ഭാര്യ സൂസൻ. മക്കൾ ജറമയയും ഹാനയും. 17 വർഷമായി ഞങ്ങൾ കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു.



**? നാഷണൽ കൺവീനർ എന്ന നിലയിൽ വലിയ ചുമതലയാണ് താങ്കൾക്ക് നിർവ്വഹക്കുവാൻ ഉണ്ടായിരുന്നത്.**

അതേ, ഭാരിച്ച ഉത്തരവാദിത്വം തന്നെയാണിതെന്നറിയാം. പ്രതീക്ഷിച്ചതല്ല. എന്നാൽ ഇത് ദൈവീക നിയോഗമായാണ് ഞാൻ കണ്ടത്. ഇത്തരം നിയോഗങ്ങളും അത്ഭുതങ്ങളും ഞാൻ ദൈവത്തിൽ നിന്നു പ്രാപിക്കുന്നു. എന്റെ ജീവിതത്തിൽ ദൈവീക നിയോഗത്തിന് വളരെ പ്രാധാന്യം കൊടുക്കുന്നു. പ്രാർത്ഥനയാൽ സംഭവിക്കുന്ന ദൈവീക പ്രവർത്തി എത്രയോ പറയാനുണ്ട്. ദൈവനാമമഹത്വത്തിന് കാരണമാകണം എല്ലാം എന്നേയുള്ളൂ എന്റെ ആഗ്രഹവും പ്രാർത്ഥനയും.

**? പെൻസിൽവേനിയ കോൺഫറൻസിനെപ്പറ്റി വലിയ പ്രതീക്ഷയാണല്ലോ എല്ലാ ഭാഗത്തു നിന്നും കേട്ടത്.**

അതെ, വലിയ പ്രതീക്ഷയാണ് നമ്മുടെ ഇടയിൽ 2023 കോൺഫറൻസിനെക്കുറിച്ച് ഉയർന്നിട്ടുള്ളത്. പല ഘടകങ്ങൾ അതിന് കാരണമായിട്ടുണ്ട്. PCNAKയുടെ ഇതുവരെയുള്ള സമ്മേളനങ്ങളുടെ ചരിത്രത്തിൽ മറക്കാനാവാത്ത ഒരേടാണ് 2003-ലെ പെൻസിൽവേനിയ കോൺഫറൻസ്. സംഘാടക മികവുകൊണ്ടും ജനപങ്കാളിത്വം കൊണ്ടും ശ്രദ്ധേയരായ പ്രസംഗകരെകൊണ്ടും ആത്മീയ സന്തോഷം കൊണ്ടും മികച്ച കോൺഫറൻസ് എന്ന ഖ്യാതി 2003 PCNAKക്ക് ലഭിച്ചു. 20 വർഷങ്ങൾക്കുശേഷം വീണ്ടും പെൻസിൽവേനിയ ആതിഥേയത്വം വഹിക്കുമ്പോൾ ജനം വലിയ പ്രതീക്ഷയിലാണ്. അടുത്ത സ്റ്റേറ്റുകളിൽ നിന്ന് റോഡ് മാർഗ്ഗം പെട്ടെന്ന് എത്തിച്ചേരാം എന്നതിനാൽ വലിയൊരു കൂട്ടം അങ്ങനെ എത്തും.

ലാങ്കസ്റ്റർ എന്ന പ്രകൃതിരമണീയമായ ഇടത്താണ് ഇക്കുറി സമ്മേളനവേദി. ചരിത്രമുറങ്ങുന്ന മണ്ണാണ് ലാങ്കസ്റ്റർ. ജീവിത തനിമ കാത്തുസൂക്ഷിക്കുന്ന ആമിഷ് ജനതയുടെ സ്ഥലം എന്ന ഖ്യാതിയും ഈ സ്ഥലത്തിനുണ്ട്. അവിടുത്തെ പ്രാധാന്യം ഏവർക്കും അറിവുള്ളതിനാൽ എല്ലാവരും ആകാംഷാപൂർവ്വം പങ്കെടുക്കും എന്നാണ് ഞങ്ങൾ മനസിലാക്കുന്നത്.

**? 2020ൽ നടക്കേണ്ടിയിരുന്ന കോൺഫറൻസ് കോവിഡിന്റെ കടന്നുകയറ്റത്താൽ മാറ്റിവയ്ക്കപ്പെട്ടത് കോൺഫറൻസിനെ എങ്ങനെ ബാധിക്കും**

കോവിഡ് ലോകമാകമാനം ജനജീവിതത്തെ സ്തംഭിപ്പിച്ചു. ആശങ്കകൾ ഉണ്ടായിരുന്നു. എന്നാൽ കോവിഡാനന്തര പ്രഥമ കോൺഫറൻസ് എന്ന നിലയിൽ വലിയ പ്രതികരണമാണ് നമ്മുടെ സമൂഹത്തിൽ നിന്ന് ഉണ്ടായിരിക്കുന്നത്. ഏറെ പ്രതീക്ഷയോടെ ഈ സമ്മേളനത്തിനായി വിശ്വാസസമൂഹം കാത്തിരിക്കുന്നത്. അതുകൊണ്ടുതന്നെ വിശാലമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ ഞങ്ങൾ ബദ്ധശ്രദ്ധാലുക്കളാണ്. വലിയൊരു ആത്മീയ സന്തോഷത്തിന്റെ ദിനങ്ങളാകും ഈ കോൺഫറൻസിലേത്.

**? ടീമിനെ പരിചയപ്പെടുത്താമോ**

അനുഭവസമ്പന്നരും വിശാലമായ ആത്മീയ കാഴ്ചപ്പാടുള്ളവരുമായ ഒരു ടീമിനെയാണ് ദൈവം ഇത്തവണ നാഷണൽ, ലോക്കൽ തലത്തിൽ നൽകിയിരിക്കുന്നത്. നാഷണൽ സെക്രട്ടറി ബ്രദർ സാമുവേൽ യോഹന്നാൻ കോൺഫറൻസുകളിൽ മുന്നണിയിലും പിന്നണിയിലും ദീർഘവർഷങ്ങളായി പ്രവർത്തിച്ച പരിചയസമ്പന്നനാണ്. നാഷണൽ ട്രഷറർ ബ്രദർ വിൽസൻ തരകനും അങ്ങനെ തന്നെ അനുഭവസമ്പത്തുള്ള ആളാണല്ലോ. നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പും നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ സോഫി വർഗീസും സജീവമായി പ്രവർത്തിക്കുന്നു. എടുത്തു പറയേണ്ട ഒരു കാര്യം ശക്തമായ ലോക്കൽ കമ്മിറ്റിയാണ്. ഇവിടെയുള്ള ദൈവദാസന്മാരും ദൈവമക്കളും ഒറ്റക്കെട്ടായി സമ്മേളനത്തിന്റെ അനുഗ്രഹത്തിനും വിജയത്തിനുമായി പ്രവർത്തിക്കുന്നു. ലോക്കൽ കമ്മിറ്റി ഒത്തൊരുമിച്ചു മുന്നേറുന്നു. അതാണ് സന്തോഷം നൽകുന്ന വലിയ കാര്യം. എല്ലാ സഭകൾക്കും കമ്മിറ്റിയിൽ പ്രാതിനിധ്യം ഉണ്ട്.



**? 2023 PCNAK പദ്ധതികൾ എന്തൊക്കെയായിരുന്നു**

ഏത് ആത്മീയ പദ്ധതികളും വിജയിക്കണമെങ്കിൽ പ്രാർത്ഥന അത്യാവശ്യമാണ്. അതിനായി പ്രാദേശികതലത്തിൽ എല്ലാവരും ഒരുമിച്ചുകൂടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പ്രയർലൈനിലൂടെയും പ്രാർത്ഥനയുടെ പിൻബലം ലഭിച്ചു. മറക്കാനാവാത്ത വലിയ ആത്മീയാനുഭവം ഈ കോൺഫറൻസിലൂടെ ലഭ്യമാകണം. പിന്മാറ്റക്കാർ മടങ്ങിവരണം. ജനം ആത്മാവിൽ ശക്തരാകണം. അനേകർ കർത്തൃവേലക്കായി സമർപ്പിക്കണം ഇതാണ് ഞങ്ങളുടെ ആഗ്രഹവും പ്രാർത്ഥനയും. വചനധ്യാനത്തിനും ആരാധനയ്ക്കും പ്രാധാന്യം നൽകും. അനാവശ്യ ചടങ്ങുകളോ അനൗൺസ്മെന്റുകളോ ഇല്ലാതെ മുഴുസമയവും ആത്മീയ ശുശ്രൂഷയ്ക്കായി വേർതിരിക്കും. അനുഗ്രഹീതരായ ഗായകരും പ്രസംഗകരും ആയിരിക്കും ഇക്കുറിയെത്തുക. അതുസംബന്ധമായ പ്രഖ്യാപനം ഉടനുണ്ടാകും. കോൺഫറൻസ് സമയം 24 മണിക്കൂറും പ്രാർത്ഥിക്കുന്ന ടീം അവിടെയുണ്ടാകും.

**? എത്രപേരെയാണ് പ്രതീക്ഷിക്കുന്നത്**

ആയിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കും എന്ന് ഉറപ്പായിക്കഴിഞ്ഞു. അതിനനുസൃതമായ ക്രമീകരണവും ചെയ്തുകഴിഞ്ഞു. അവസാനഘട്ട ഒരുക്കങ്ങൾ നടക്കുന്നു.

2023 പെൻസിൽവേനിയ കോൺഫറൻസ് വലിയ പ്രതീക്ഷയാണ് നൽകിയിരിക്കുന്നത്. ആത്മീയാനുഭവങ്ങളുടെ സംതൃപ്തിയോടൊപ്പം ആമീഷ് ജനതയുടെ ഇടത്ത് ഒരു കോൺഫറൻസ് എന്നത് വേറിട്ട അനുഭവമാകും തീർച്ച.



- 40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകര മായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ
- കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അധിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്
- പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ
- ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.
- ഗോതമ്പും ചോളവും വിളയുന്ന വയലുകൾ
- പ്രകൃതിരമണീയമായ ഭൂപ്രകൃതി
- പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്
- തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.

# ഇത് ഐക്യതയുടെ സമ്മേളനം

**ബ്രദർ സാമുവേൽ യോഹന്നാൻ (നാഷണൽ സെക്രട്ടറി PCNAK 2023) കോൺഫറൻസ് ക്രമീകരണങ്ങൾ വായനക്കാരുമായി പങ്ക് വെക്കുന്നു.**

അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, ബ്രദർ അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...



പുനലൂർ ഇടമൺ വല്യത്ത് പുറത്തൂട്ട് യോഹന്നാൻ ഉമ്മന്റെയും ഏലിയാമ്മയുടെയും മകനായ സാമുവേൽ യോഹന്നാൻ 1985-ൽ ന്യൂയോർക്ക് സ്റ്റേറ്റിലെ റോക്ക്ലാന്റ് കൗണ്ടിയിലേക്ക് കുടിയേറിയതാണ്. ഒരു മൾട്ടിനാഷണൽ കമ്പനിയുടെ ഡയറക്ടർ ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന ഔദ്യോഗിക ചുമതല വഹിക്കുന്ന താൻ ആത്മീയ രംഗത്തും സജീവസാന്നിധ്യമാണ്. പല കോൺഫറൻസുകളുടെയും പിന്നണിയിൽ അധ്വാനിച്ചിരുന്ന ബ്രദർ സാമുവേൽ യോഹന്നാൻ 2015-ലെ ഒക്കലഹോമ കോൺഫറൻസിന്റെ ട്രഷററായും 2017 ന്യൂജേഴ്സി കോൺഫറൻസിന്റെ ലോക്കൽ കോർഡിനേറ്ററായി പ്രവർത്തിച്ച് നേതൃപാടവം തെളിയിച്ചു. ഐ.പി.സി. സഭയുടെ റീജിയൻ കൗൺസിൽ അംഗമാണ്. ബ്രദർ സാമുവേൽ യോഹന്നാൻ കോട്ടയം ഐ.പി.സി. തിയോളജിക്കൽ സെമിനാരിക്ക് നേതൃത്വം നൽകുന്ന ഐ.പി.സി. എഡ്യുക്കേഷണൽ & വെൽഫെയർ സൊസൈറ്റിയുടെ ജനറൽ ട്രഷററായി പ്രവർത്തിക്കുന്നു. റോക്ക്ലാന്റ് ഐ.പി.സി.യുടെ അംഗമാണ്. ഭാര്യ: ഗ്ലോറി. മക്കൾ ജെറമി, ജോനാഥാൻ, ജാനിസ്.

**? 2023 കോൺഫറൻസിന്റെ ക്രമീകരണങ്ങൾ എങ്ങനെയായിരിക്കും**

കോൺഫറൻസിൽ ഔപചാരികതകൾ (ചടങ്ങുകൾ) ഒഴിവാക്കുക എന്നതാണ് ഞങ്ങളുടെ തീരുമാനം. ആത്മീയ ശുശ്രൂഷകൾക്ക് പരമാവധി പ്രാധാന്യം നൽകും. അതിനായി കൂടുതൽ സമയം കണ്ടെത്തും. യുവജനങ്ങൾക്കായി പ്രത്യേക പ്രോഗ്രാമുകൾ ഉണ്ടാകും. ലോകോത്തര പ്രസംഗകർ സമ്മേളനത്തിൽ ശുശ്രൂഷിക്കും. ആരാധന, വചനധ്യാനം ഇവയ്ക്ക് പ്രാധാന്യം നൽകും.

**? എന്തൊക്കെയാണ് മുന്നൊരുക്കങ്ങൾ**

സമ്മേളനത്തിന്റെ അനുഗ്രഹത്തിനായുള്ള പ്രയർലൈനുകൾ ഞായർ, തിങ്കൾ ദിവസങ്ങളിലായി നടന്നുവരുന്നു. പ്രാദേശികതലത്തിലും തുടർമാനമായ പ്രാർത്ഥന നടക്കുന്നു.

- 40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകരമായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ
- കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അധിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്
- പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ
- ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.
- ഗോതമ്പും ചോളവും വിളയുന്ന വയലുകൾ
- പ്രകൃതിരമണീയമായ ഭൂപ്രകൃതി
- പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്
- തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.



PCNAK ചരിത്രത്തിൽ ജനപങ്കാളിത്വം കൊണ്ടും ആത്മീയ അനുഗ്രഹംകൊണ്ടും ശ്രദ്ധേയമായ കോൺഫറൻസായിരുന്നല്ലോ 2003-ൽ പെൻസിൽവേനിയയിൽ നടന്നത്. 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയ PCNAK ക്കു വേദിയാകുമ്പോൾ സ്വാഭാവികമായും പ്രതീക്ഷകളും വലിയതായിരിക്കും. അതു കൊണ്ട് തന്നെ പ്രാർത്ഥനാപൂർവ്വം മികച്ച ക്രമീകരണങ്ങളാണ് സംഘാടക സമിതി ചെയ്തുവരുന്നത്. കോവിഡ് കടന്നുകയറ്റം മൂന്നുവർഷങ്ങൾ നഷ്ടപ്പെടുത്തി. ആശങ്കകളുടെ നാളുകൾക്ക് വിരാമം കുറിച്ച് വർദ്ധിത വീര്യത്തോടെ ഒരുക്കങ്ങൾ സജീവമായി. ക്രമീകരണങ്ങൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. ആധുനിക സൗകര്യങ്ങളുള്ള വേജി, മികച്ച താമസസൗകര്യം, യാത്രാക്രമീകരണം, നല്ല ഭക്ഷണം ഇവ കുറ്റമറ്റനിലയിൽ ഒരുക്കുവാനുള്ള യത്നത്തിലാണ്. മാരിയറ്റ്, ഹോളിഡേ ഇൻ ആവിഡ് തുടങ്ങി പല ഹോട്ടലുകൾ ക്രമീകരിച്ചു കഴിഞ്ഞു. കോവിഡ് കാലം കഴിഞ്ഞശേഷം പ്രാദേശിക പ്രമോഷണൽ മീറ്റിംഗ് നടന്നുകഴിഞ്ഞു. ഏകമായി ചിന്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ടീം ആണ് ഇത്തവണ നാഷണൽ, ലോക്കൽ തലത്തിൽ ദൈവം തന്നത് എന്ന വസ്തുത പ്രസ്താവ്യമാണ്. ഫിലദൽഫ്യയിലെ ദൈവസഭകളുടെയും ദൈവദാസന്മാരുടെയും പിന്തുണ എടുത്തു പറയേണ്ടതാണ്.


2023 PCNAK കോൺഫറൻസിൽ പങ്കെടുക്കുന്നവർക്ക് പ്രയോജനം കിട്ടുന്ന പ്രോഗ്രാമുകൾ ആയിരിക്കും ഉണ്ടാകുക. പ്രായോഗികതയിൽ ഊന്നിയതും ആത്മീയ ഉത്തേജനം ലഭിക്കുന്നതുമായ പ്രോഗ്രാമുകൾ. നമ്മുടെ ഏതു സമ്മേളനങ്ങളിലും ദൈവനാമം മഹത്വപ്പെടണം ദൈവജനം അനുഗ്രഹിക്കപ്പെടണം. അതിനായുള്ള പ്രാർത്ഥനയും പിൻതുണയും ഏവരും നൽകണം.

പ്രാദേശിക തലത്തിലും വലിയ പിന്തുണ ഈ കോൺഫറൻസിന് ലഭിക്കുന്നു എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. 2020-ൽ നടക്കേണ്ടിയിരുന്ന കോൺഫറൻസിന്റെ ക്രമീകരണങ്ങൾ എല്ലാംതന്നെ തകിടം മറിഞ്ഞിരുന്നു. കോവിഡാനന്തരം ക്രമീകരണങ്ങൾ തന്നെ പുനരാരംഭിക്കേണ്ടിവന്നു. അപ്രതീക്ഷിതമായി വലിയ പിന്തുണ പല ഭാഗത്തുനിന്നു ലഭിച്ചത് എടുത്തുപറയേണ്ടിയിരിക്കുന്നു. ലാങ്കസ്റ്റർ കൗണ്ടിയിലെ മേയർ ഉൾപ്പെടെയുള്ള ഭരണാധികാരികൾ നൽകിയ പിന്തുണ പ്രത്യേകം പ്രസ്താവ്യമാണ്. ചരിത്രപരമായി ഇവിടെ നടന്നുവരുന്ന പരേഡും കോൺഫറൻസും ഒരേ ദിനങ്ങളിൽ എത്തിയത് ആശങ്ക ഉളവാക്കിയിരുന്നു. എന്നാൽ ചർച്ചകളെ തുടർന്ന് പരേഡ് ഒരാഴ്ചത്തേക്ക് മാറ്റിവയ്ക്കുവാൻ ഭരണാധികാരികൾ തയ്യാറായി. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നും എല്ലാവിധ പിന്തുണയും ലഭ്യമായിക്കഴിഞ്ഞു. ഒരു തലമുറ ദൈവോന്മുഖമായി മുന്നേറാൻ ഈ സമ്മേളനം മുഖാന്തിരം ആകട്ടെ എന്നാണെന്റെ പ്രാർത്ഥന.



# 2023 പി.സി.എൻ.എ.കെ. കോൺഫറൻസ്

**അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, ബ്രദർ അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...**



**ബ്രദർ വിൽസൻ തരകൻ ഡാളസ്**
(നാഷണൽ ട്രഷറർ പി.സി.എൻ.എ.കെ. 2023)

ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യാ മുൻ പ്രസിഡന്റ് ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന ചെങ്ങന്നൂർ തരകൻ പറമ്പിൽ ഡോ. ജോർജ്ജ് തരകന്റെയും തങ്കമ്മ തരകന്റെയും 8 മക്കളിൽ ഇളയ മകനാണ് വിൽസൻ തരകൻ. മുംബൈയിൽ നിന്ന് മെക്കാനിക്കൽ എഞ്ചിനീയറിംഗ് പഠനശേഷം നാട്ടിലെത്തിയ വിൽസൻ തരകൻ സാമൂഹ്യരാഷ്ട്രീയ രംഗത്ത് സജീവമായിരുന്നു. ചെങ്ങന്നൂരിൽ ആരംഭിച്ച റോയൽ അക്കാഡമിയുടെ ഡയറക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1992-ൽ കുടുംബജീവിതത്തിലേക്ക് പ്രവേശിച്ചു. ബീനയാണ് സഹധർമ്മിണി. മക്കൾ പ്രിയ, സ്വപ്ന, ജോയൽ. മരുമകൻ: ലാൻസ് വർഗീസ്. മകൾ സ്വപ്നാ തരകൻ അറിയപ്പെടുന്ന ക്രിസ്തീയ ഗായിക കൂടിയാണ്.

അമേരിക്കയിലെത്തിയ വിൽസൻ തരകൻ സഭാ രംഗത്തും പൊതുരംഗത്തും സജീവ സാന്നിധ്യമാണ്. ബാങ്ക് ഓഫ് അമേരിക്കയുടെ അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് എന്ന ഔദ്യോഗിക പദവിയോടൊപ്പം സാമൂഹ്യരംഗത്തും ചുമതലകൾ വഹിക്കുന്നു. ഫ്ളവേഴ്സ് ടി.വി.യുടെ റീജിയണൽ മാനേജർ പദവിയോടൊപ്പം ഇൻഡോ അമേരിക്കൻ പ്രസ്സ് ക്ലബിന്റെ ഡാളസ് ചാപ്റ്റർ വൈസ് പ്രസിഡന്റ്, പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ജോയിന്റ് സെക്രട്ടറി എന്നീ ചുമതലകളും നിർവ്വഹിച്ചുവരുന്നു.

2016-ൽ ഡാളസിന്റെ നടന്ന പി.സി.എൻ.എ.കെ. കോൺഫറൻസിന്റെ മലയാളം വിഭാഗം ഗായകസംഘത്തിന്റെ മ്യൂസിക് ഡയറക്ടറായിരുന്നു. ഈ കോൺഫറൻസിലാണ് പി.സി.എൻ.എ.കെ. നാഷണൽ ക്വയർ ആദ്യമായി രൂപീകരിക്കുന്നത്. യു.എസ്.എ.യിലെ അറിയപ്പെടുന്ന ഇവന്റ് കോർഡിനേറ്റർ കൂടിയായ ബ്രദർ വിൽസൻ തരകന്റെ നേതൃത്വത്തിൽ ധാരാളം ഡിവോഷണൽ പ്രോഗ്രാമുകൾ വിജയകരമായി നടത്തിയിട്ടുണ്ട്. പ്രശസ്തരായ ഗായകരെ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള ക്രിസ്തീയ സംഗീത പരിപാടികൾ എടുത്തുപറയേണ്ടതാണ്. എക്സ്പ്രസ് ഹെറാൾഡ് എന്ന ക്രൈസ്തവമാസികയുടെ ചുമതലക്കാരനായ ബ്രദർ രാജു തരകൻ, തോമസ് തരകൻ, ചർച്ച് ഓഫ് ഗോഡ് ഇൻ സൗത്ത് ഇന്ത്യയുടെ പ്രസിഡന്റ് പാസ്റ്റർ ജോൺസൻ തരകൻ, ബിജോയ് തരകൻ, സൂസൻ ബേബി, റോസമ്മ കുന്നേൽ, വത്സ രാജൻ എന്നിവരാണ് സഹോദരങ്ങൾ. ഡാളസ് ഹെബ്രോൻ സഭയുടെ അംഗമാണ് ബ്രദർ വിൽസൻ തരകൻ.



ചരിത്ര പ്രസിദ്ധമായ 2003 ലെ കോൺഫറൻസിനു 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയ പി.സി.എൻ.എ.കെ. സമ്മേളനത്തിനു വേദിയാകുമ്പോൾ പ്രതീക്ഷകളും ഏറെയാണ്. കോൺഫറൻസിനായി തിരഞ്ഞെടുക്കുന്ന സ്ഥലം, നല്ല ടീം, ശുശ്രൂഷയ്ക്കായി എത്തുന്നവർ ഇവയെല്ലാം സമ്മേളന വിജയത്തിന്റെ ഘടകങ്ങളാണ്. അതിനാൽ തന്നെ അത്തരം ഘടകങ്ങൾ ഒത്തുചേരുന്ന പി.സി.എൻ.എ.കെ. 2023 വിജയകരമായ സമ്മേളനമായി മാറുമെന്ന് വിൽസൻ തരകൻ പറയുന്നു.

ചരിത്രത്തിൽ ഇടം നേടിയ ജനതയാണ് ആമീഷുകാർ. യൂറോപ്പിൽ കത്തോലിക്കാ സഭയുടെ കടന്നു കയറ്റത്തിൽ തങ്ങളുടെ തനതു ജീവിതശൈലിയും ക്രിസ്തീയ വിശ്വാസവും ഉപദേശ തനിമയും കാത്തുസൂക്ഷിക്കുവാൻ അമേരിക്കയിലേക്ക് കുടിയേറിയവർ ആണ് ആമിഷ് ജനത. ഇന്നും തനതായ ജീവിതശൈലിയും കാത്തുസൂക്ഷിക്കുന്ന അവർ ഏവർക്കും അത്ഭുതമാണ്. തനി ഗ്രാമീണ ശൈലിയിലുള്ള ഇവരുടെ ജീവിതം അടുത്തറിയുവാനുള്ള അവസരം കൂടെയാണ് 2023 പി.സി.എൻ.എ.കെ. വൈദ്യുതിയോ മോട്ടോർ വാഹനമോ ടെലിഫോണോ മറ്റ് ആധുനിക സംവിധാനങ്ങളോ ഉപയോഗിക്കാത്ത ഇക്കൂട്ടർ കലപ്പയും കാളയും ഉപയോഗിച്ച് നിലമുഴുതുകയും റാന്തൽ വിളക്കും കുതിരവണ്ടിയും ഉപയോഗിക്കുന്നവരുമാണ്. 38-ാമത് കോൺഫറൻസിന് വേദിയാകുന്ന ലാങ്കസ്റ്ററാണ് ഇവരുടെ അധിവാസകേന്ദ്രം.

പ്രകൃതി രമണീയമായ ലാങ്കാസ്റ്ററിലെ സൗകര്യപ്രദമായ കൺവൻഷൻ സെന്ററിലും ഹോട്ടലുകളിലും എല്ലാവിധ ക്രമീകരണങ്ങളും കോൺഫറൻസിൽ പങ്കെടുക്കുന്നവർക്കായി ഒരുക്കുന്നുണ്ട്. മികച്ച ഭക്ഷണം, താമസസൗകര്യം, യാത്രാസംവിധാനം ഇവയെല്ലാം കുറ്റമറ്റ രീതിയിൽ ക്രമീകരിച്ചുകൊണ്ടിരിക്കുകയാണ്.


മെച്ചപ്പെട്ട സംവിധാനങ്ങൾ ഒരുക്കുമ്പോൾ തന്നെ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നതിനായി ചെലവു ചുരുക്കുവാനുള്ള തീവ്ര പരിശ്രമത്തിലാണ് സംഘാടക സമിതി. കോവിഡ് മുഖാന്തിരം 2020ൽ നിന്ന് 2023ലേക്ക് മാറ്റിവെയ്ക്കേണ്ടി വന്നതുമൂലം ക്രമീകരണങ്ങളും പുനഃക്രമീകരിക്കേണ്ടിവന്നത് വലിയ ഒരു വെല്ലുവിളി ആയിരുന്നു. ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ തന്നെ ഏറ്റവും മെച്ചമായ സൗകര്യങ്ങളോടെയാണ് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നത്. ഇപ്പോൾ തന്നെ ധാരാളം പേർ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. വിശ്വാസികളുടെ വലിയൊരു പങ്കാളിത്തം പ്രതീക്ഷിക്കുന്ന 38-ാമത് പി.സി.എൻ.എ.കെ. സമ്മേളനം മറക്കാനാവാത്ത സമ്മേളനാനുഭവം പങ്കെടുക്കുന്നവർക്ക് നൽകും എന്നതിന് സംശയം വേണ്ടെന്ന് നാഷണൽ ട്രഷറർ പറഞ്ഞു.

ഒരു ആത്മീയ സമ്മേളനവിജയത്തിനാവശ്യമായ ഘടകങ്ങൾ എല്ലാം തന്നെ 2023 പി.സി.എൻ.എ.കെ. സംഘാടക സമിതിയുടെ രൂപീകരണം മുതൽ ദൃശ്യമാണെന്നു താൻ കൂട്ടിച്ചേർത്തു. ഒരേ ദർശനവും ഐക്യതയുമുള്ള ടീമാണ് നാഷണൽ, ലോക്കൽ തലത്തിൽ ലഭ്യമായിരിക്കുന്നത്. ശക്തമായ പ്രാർത്ഥനാ പിൻബലം ഈ കോൺഫറൻസിന്റെ വിജയത്തിന് കാരണമാകും. ഈ കാലത്ത് ദൈവം ശക്തമായി ഉപയോഗിക്കുന്ന ദൈവദാസന്മാരായിരിക്കും ശുശ്രൂഷയ്ക്കായി എത്തുക. യുവജനങ്ങളെ പ്രത്യേകാൽ ലക്ഷ്യം വെക്കുന്ന ഈ കോൺഫറൻസിലൂടെ അനേകർ ക്രിസ്തുവിനായി സമർപ്പിക്കപ്പെടണം. ഐക്യതയും ആത്മീയ ഉണർവ്വും അമേരിക്കയിലെ മലയാളി പെന്തെക്കോസ്തു സഭകളിൽ പ്രകടമാകണം. ചില യുവാക്കളെങ്കിലും കർത്തൃവേലയ്ക്കായി സമർപ്പിക്കണം. എല്ലാറ്റിലുമുപരി നമ്മുടെ നാഥന്റെ നാമം മഹത്വപ്പെടണം. അതാണ് ഈ കോൺഫറൻസ് ലക്ഷ്യമിടുന്നതും സംഘാടകർ പ്രാർത്ഥിക്കുന്നതും എന്ന് വിൽസൻ തരകൻ പറഞ്ഞു.

- 40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകര മായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ
- കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അധിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്
- പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ
- ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.
- ഗോതമ്പും ചോളവും വിളയുന്ന വയലുകൾ
- പ്രകൃതിരമണീയമായ ഭൂപ്രകൃതി
- പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്
- തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.



അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, ബ്രദർ അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...



ബ്രദർ ഫിന്നി ഫിലിപ്പ്
നാഷണൽ യൂത്ത് കോഡിനേറ്റർ

# ഇത് യുവജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തമുള്ള കോൺഫറൻസ്

**ബ്രദർ ഫിന്നി ഫിലിപ്പ് (നാഷണൽ യൂത്ത് കോഡിനേറ്റർ PCNAK 2023) കോൺഫറൻസ് ക്രമീകരണങ്ങൾ വായനക്കാരുമായി പങ്ക് വെക്കുന്നു.**

പിസിനാക്ക് 2023 യുവജനങ്ങളുടെ ഇടയിൽ ആവേശമായി മാറി കഴിഞ്ഞിരിക്കുന്നു എന്നതാണ് വസ്തുത. യുവജനങ്ങൾക്ക് പ്രാധാന്യമുള്ളതാണ് ഇത്തവണത്തെ നാഷണൽ, ലോക്കൽ സംഘാടകസമിതികൾ. ഏതൊരു പ്രസ്ഥാനത്തെയും ഭാവി എന്നത് യുവജനങ്ങളാണ്. യുവജനങ്ങളെ കൈപിടിച്ചു മുമ്പിലേക്ക് കൊണ്ടുവരുന്ന പ്രസ്ഥാനങ്ങൾക്ക് മാത്രമേ നിലനിൽക്കാനും വളരുവാനും കഴിയുകയുള്ളൂ. ഇത് യുവജനങ്ങളുടെ കാലമാണ്. യുവതയുടെ ലോകമാണ്. ലോകത്തിലെ ഭരണാധികാരികൾ പലരും ഇന്ന് യുവജനങ്ങളാണ്. അതുപോലെ വലിയ സ്ഥാപനങ്ങളെ നയിക്കുന്നവരും യുവാക്കളാണ്. ആ യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് നമ്മുടെ സമൂഹവും മാറണം. നമ്മുടെ യുവതയെ നേർവഴി നയിക്കുവാൻ പദ്ധതികൾ ആവശ്യമാണ്. ഒപ്പം അവസരങ്ങളും അവർക്കു വേണം. നമ്മുടെ യുവാക്കൾ നമുക്ക് ലഭിച്ച വലിയ ശക്തിയാണ്. അതിനെ നന്നായി ഉപയോഗിച്ചാൽ നമ്മുടെ സമൂഹത്തിന് ഗുണകരമായ മാറ്റം അതിലൂടെ ലഭ്യമാകും. ആദിമ നൂറ്റാണ്ടിലെ സഭയിലെ യുവാക്കൾ ശക്തരും ദൈവവചനം ഉള്ളിലുള്ളവരും ശത്രുവിനെ ജയിച്ചവരും ആയിരുന്നു എന്നത് യോഹന്നാന്റെ ലേഖനത്തിൽ കാണുന്നല്ലോ. കോവിഡാനന്തര ലോകം ഏറ്റവും അധികം ബാധിച്ചിരിക്കുന്നത് യുവജനങ്ങളെയാണ്. ജോലി ഒപ്പം മാറ്റം വന്ന സാമൂഹിക രീതികളും മറ്റും വലിയ വ്യത്യാസമാണ് യുവജനങ്ങളിൽ വന്നിരിക്കുന്നത്. കോവിഡാനന്തര ആത്മീയ സമ്മേളനങ്ങളിൽ വർദ്ധിച്ചുവരുന്ന യുവജനപങ്കാളിത്തം ഈ സമ്മേളനത്തിന് വലിയ പ്രതീക്ഷ നൽകിയിരിക്കുകയാണ്.

38-ാമത് പി.സി.എൻ.എ.കെ സമ്മേളനത്തിൽ യുവജനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പ്രോഗ്രാമുകൾ ക്രമീകരിച്ചിരിക്കുന്നത്. യംഗ് അഡൽട്ട്സിനെ ഒരു പ്രത്യേക ഗ്രൂപ്പായി തിരിച്ച് അവർക്കായി നടത്തുന്ന സെമിനാറുകളും മറ്റു പ്രോഗ്രാമുകളും ഇത്തവണ പി.സി.എൻ.എ.കെ. യുടെ പ്രത്യേകതയായി എടുത്തു പറയേണ്ടതാണ്.

38-ാമത് പി.സി.എൻ.എ.കെ.യുടെ യൂത്ത് കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന ബ്രദർ ഫിന്നി ഫിലിപ്പ് മികച്ച യുവജന പ്രവർത്തകനും നല്ല സംഘാടകനും ആണ്. പെൻസിൽവേനിയയിലെ മലയാളി പെന്തക്കോസ്ത് യുവജനങ്ങളുടെ പൊതു വേദിയുടെ (പെന്തക്കോസ്തൽ യൂത്ത് ഫെലോഷിപ്പ് ഓഫ് പെൻസിൽവേനിയ) സ്ഥാപകൻ കൂടിയാണ് ബ്രദർ ഫിലിപ്പ്.

കൊല്ലം ജില്ലയിലെ കൈതക്കുഴി വടക്കോട്ട് ഉണ്ണൂണ്ണി ഫിലിപ്പ്- അമ്മിണി ദമ്പതികളുടെ മകനായി ജനിച്ച ഫിന്നി 1986-ൽ ആണ് അമേരിക്കയിൽ എത്തിയത്. പഠന ശേഷം ജോലിയിൽ പ്രവേശിച്ച ഫിന്നി ഐറ്റി എച്ച് ആർ ബിസിനസ് പാർട്ണർ ആയി ഔദ്യോഗിക ചുമതല വഹിക്കുന്നു. നല്ലൊരു ഡ്രമ്മർ കൂടിയാണ്. ഫിന്നി ഫിലിപ്പ് ഫിലഡൽഫിയ എബനേസർ ചർച്ച് ഓഫ് ഗോഡ് സഭാംഗം ആണ്. സഭയുടെ യൂത്ത് കോർഡിനേറ്റർ, സഭാ കൗൺസിൽ അംഗം തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുള്ള ഫിന്നി നിലവിൽ സഭയുടെ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗമാണ്. ഫിലഡൽഫിയയിലെ പെന്തക്കോസ്ത് യുവജന കൂട്ടായ്മയുടെ കോർഡിനേറ്റർ ആയി പ്രവർത്തിച്ചു. ഇപ്പോൾ യൂത്ത് സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു. ഭാര്യ: സൂസൻ ഫിലിപ്പ് സ്റ്റേറ്റ് ഓഡിറ്റർ ആയി പ്രവർത്തിക്കുന്നു. മക്കൾ: ഹാന, സോഫിയ, ജോഷ്വ.

യൂത്ത് കോർഡിനേറ്റർ എന്ന നിലയിൽ പി.സി. എൻ.എ.കെ 2023 നാഷണൽ എക്സിക്യൂട്ടീവ്സ് നൽകുന്ന പിന്തുണ വളരെ വലുതാണ് എന്ന് ബ്രദർ ഫിന്നി ഫിലിപ്പ് പറയുന്നു. ഫിലഡൽഫിയയിലെ യുവജനങ്ങളുടെ ആവേശവും പിന്തുണയും ഈ പ്രവർത്തനത്തിന് വലിയ പ്രോത്സാഹനമാണ് നൽകുന്നത്. പ്രാദേശിക തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബ്രദർ ആൽവിൻ ഉമ്മൻ, ബ്രദർ റിജോ എബ്രഹാം (ലോക്കൽ കോഡിനേറ്റഴ്സ്), ബ്രദർ സോണി ബാബു (സ്പോർട്സ് കോർഡിനേറ്റർ), ബ്രദർ സുനു ജോൺ (ഓപ്പറേഷൻസ് ഡയറക്ടർ), എന്നിവരും യുവജനങ്ങൾക്കായുള്ള പാസ്റ്റേഴ്സ് ഉപദേശകസമിതിയുടെ ചുമതലക്കാരായി പാസ്റ്റേഴ്സ് ബിജു മാത്യു, ജെയിം ജോൺ എന്നിവരും പ്രവർത്തിക്കുന്നു.

2000 യുവജനങ്ങളെ പ്രതീക്ഷിച്ചു കൊണ്ടുള്ള പ്രോഗ്രാമാണ് സംഘാടകസമിതി ഒരുക്കുന്നത്. വലിയൊരു വിഭാഗം യുവജനങ്ങൾ പി.സി.എൻ.എ.കെയിൽ നിന്ന് അകന്നാണ് നിൽക്കുന്നത്. മലയാളം സഭകൾ വിട്ട് അമേരിക്കൻ സഭകളിലേക്ക് പോകുന്ന യുവതിയുവാക്കളുടെ എണ്ണം വളരെയാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ സഭകളിൽ ഉള്ള യുവജനങ്ങളിൽ സ്വാധീനമുണ്ടാക്കാൻ ഉള്ള വലിയ ശ്രമത്തിലാണ് 2023 പി.സി.എൻ.എ.കെ യുവജന സംഘാടകസമിതി. ഈ കോൺഫറൻസിൽ യുവജനങ്ങൾക്കായി അനുഗ്രഹീതരായ ശുശ്രൂഷകരെ കണ്ടെത്തിക്കഴിഞ്ഞു. ആത്മീയ ഉത്തേജനം നൽകുന്ന ശുശ്രൂഷകൾക്കാണ് സമിതി പ്രാധാന്യം നൽകുന്നത്. ആരാധന നയിക്കുവാൻ ആയി നാഷണൽ യൂത്ത് ക്വയറും അതിഥി ടീമും ഉണ്ടായിരിക്കും. ആത്മീയ സമ്മേളനത്തോടൊപ്പം യുവജനങ്ങൾക്കായി സ്പോർട്ട്സും ക്രമീകരിച്ചിട്ടുണ്ട്. അമേരിക്കയിലെ ഏറ്റവും വലിയ സ്പോർട്ട്സ് ഫെസിലിറ്റിയായ ലാങ്കസ്റ്ററിലെ സ്പൂക്ക് നൂക്ക് സ്പോർട്ട്സ് സെന്റർ ആണ് സ്പോർട്ട്സ് വേദി. 34 ഏക്കറിലായി പടർന്നു കിടക്കുന്ന ഈ വേദി പുതുമയാർന്ന അനുഭവമാകും എന്ന് ഉറപ്പ്. ബാസ്കറ്റ് ബോൾ, വോളിബോൾ, ബാഡ്മിന്റൺ എന്നീ ഇനങ്ങളോടൊപ്പം ഇദംപ്രഥമമായി വടംവലിയും മത്സര ഇനമായി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതും പങ്കെടുക്കുന്നവർക്ക് പുതുമ നൽകുന്നതോടൊപ്പം ഗൃഹാതുരത്വമുണർത്തുന്നതുമായി മാറും.

വിവിധ പ്രായപരിധിയിൽ തരംതിരിച്ചാണ് ജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും പരിപാടികൾ നടത്തുന്നത്. 10 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്കായി k2k(Kids to Kingdom) ഗ്രൂപ്പ് ഉണ്ടായിരിക്കും. 10-13 വരെയും, 14-16 വരെയും ആണ് കുഞ്ഞുങ്ങളുടെ പ്രായ വിഭാഗങ്ങൾ. യുവജനങ്ങൾക്കും യങ് അഡൽട്ട്സിനും പ്രത്യേക സെക്ഷനുകൾ നടക്കും. പ്രിൻസ് മാത്യുവാണ് (യങ് അഡൽട്ട്സ് കോർഡിനേറ്റർ).

പി.സി.എൻ.എകെ ചരിത്രത്തിലെ ഏറ്റവും അനുഗ്രഹിക്കപ്പെട്ട യുവജനസമ്മേളനം ആകും 2023-ൽ നടക്കുന്നത് എന്ന പ്രതീക്ഷയിലാണ് സംഘാടകസമിതി. അതിനുവേണ്ടിയാണ് പ്രാർത്ഥനയോടെ അവർ കഠിന ശ്രമം നടത്തുന്നത്. യുവജനങ്ങൾ മടങ്ങി വരുവാനും ചിലരെങ്കിലും കർത്താവിന്റെ വേലയ്ക്കായി സമർപ്പിക്കണമെന്നുമാണ് പ്രാർത്ഥന. അതിനായി ഏവരുടേയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുകയാണ് ബ്രദർ ഫിന്നി ഫിലിപ്പ്.

- **40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകരമായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ**
- **കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അതിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്**
- **പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ**
- **ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.**
- **ഗോതമ്പും ചോളവും വിളയുന്ന വയലുകൾ**
- **പ്രകൃതിരമണീയമായ ഭൂപ്രകൃതി**
- **പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്**
- **തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.**





●●●

# ദൗത്യനിർവ്വഹണത്തിൽ സഹോദരിമാരുടെ ചുമതല വലിയത്

**അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, ബ്രദർ അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...**

യേശുക്രിസ്തുവിന്റെ ഉയിർപ്പിന്റെ സന്ദേശം അറിയിക്കുവാനുള്ള ദൗത്യം ആദ്യമായി ഭരമേൽപ്പിക്കപ്പെട്ടത് മറിയയ്ക്കാണ് (യോഹ. 20:17). ശിഷ്യന്മാർ ഭയന്നു മാറി നിന്നപ്പോൾ സുഗന്ധവർഗ്ഗവുമായി കല്ലറയ്ക്കൽ എത്തിയതും സഹോദരിമാരാണല്ലോ. സഭയിൽ ദൗത്യനിർവ്വഹണത്തിൽ സഹോദരിമാരുടെ പങ്ക് വലിയതാണ് എന്ന യാഥാർത്ഥ്യം മറക്കുവാനും പാടില്ല. പെന്തെക്കോസ്ത് സഭകൾ സുവിശേഷീകരണത്തിലും സംഘടനാ തലത്തിലും സഹോദരിമാരുടെ പ്രാധാന്യം കുറച്ചു കാണുന്നില്ല.

മലയാളി പെന്തെക്കോസ്ത് കോൺഫറൻസ് 38-ാമത് സമ്മേളനത്തിനായി ഒരുങ്ങുമ്പോൾ പി.സി.എൻ.എ.കെ. വളർച്ചയിൽ സഹോദരിമാർ വഹിച്ച പങ്ക് വളരെ വലുതാണ് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

2023-ൽ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിൽ നടക്കുന്ന 38-ാമത് പി.സി.എൻ.എ.കെ. സമ്മേളനത്തിന്റെ ലേഡീസ് കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട സിസ്റ്റർ സോഫി വർഗീസ് അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് പരിചയപ്പെടുത്തലിന്റെ ആവശ്യമില്ലാത്ത വ്യക്തിയാണ്. ദൈവം നൽകിയ താലന്തുകളിലൂടെയും ആത്മീയ പ്രസ്ഥാനങ്ങളിലെ നേതൃത്വത്തിലൂടെയും ഏവർക്കും സുപരിചിതയാണ് സിസ്റ്റർ സോഫി.



ആത്മീയ പൈതൃകം ഉള്ള ഒരു കുടുംബം എന്നതിനപ്പുറം സുവിശേഷകരുടെ കുടുംബം എന്നു പരിചയപ്പെടുത്താവുന്നതാണ് സിസ്റ്റർ സോഫിയുടെ കുടുംബപശ്ചാത്തലം. കർത്താവിന്റെ വയലിൽ ശോഭിച്ചിരുന്ന ആളാണ് ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന പാസ്റ്റർ കെ. ഐ. ജോൺ എന്ന വല്ല്യപ്പച്ചൻ.

പുനലൂർ ചക്കാലേത്ത് പാസ്റ്റർ കെ. ജെ. ജോസഫ്-സാറാമ്മ ദമ്പതികളുടെ മകളായാണ് ജനനം. അസംബ്ലീസ് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ, ഗ്രന്ഥകാരൻ, കൗൺസിൽ അംഗം, പ്രസ്ബിറ്റർ, വേദാദ്ധ്യാപകൻ എന്നീ നിലകളിലെല്ലാം പ്രസിദ്ധനായ കർത്തൃദാസൻ 95-ാം വയസിലും ഗ്രന്ഥരചനയിൽ സജീവമാണ്. ഇപ്പോൾ ന്യൂയോർക്കിൽ മകൾ സോഫി വർഗീസിനോടൊത്ത് താമസിക്കുന്നു. പാസ്റ്ററുടെ മകളെന്ന നിലയിൽ മാതാപിതാക്കളോടൊരുമിച്ച് വിവിധ പാഴ്സനേജുകളിൽ ചെലവഴിച്ച ബാല്യവും കൗമാരവും. പാഴ്സനേജിന്റെ കൈപ്പും മധുരവും നിറഞ്ഞ ജീവിതാനുഭവങ്ങൾ ഓർമ്മകളിൽ ഒളിമങ്ങാതെ നിൽക്കുന്നു. എങ്കിലും പിതാമഹനിൽ നിന്നും പിതാവിൽ നിന്നും ലഭിച്ച സുവിശേഷത്തിന്റെ ജ്വാല ഉള്ളിൽ കെട്ടടങ്ങാതെ സൂക്ഷിക്കുന്നു എന്നത് ഭാഗ്യമായി കരുതുകയാണ് സോഫി. ആത്മീയ രംഗത്ത് പ്രവർത്തിപ്പാൻ ലഭിക്കുന്ന അവസരങ്ങളെല്ലാം തന്നെ ദൈവിക നിയോഗമായി കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നു.



**സിസ്റ്റർ സോഫി വർഗീസ്**
(ലേഡീസ് കോർഡിനേറ്റർ
പി.സി.എൻ.എ.കെ.2023)

കായംകുളം സെന്റ് മേരീസ് സ്കൂളിലും അഞ്ചൽ സെന്റ് ജോൺസ്, പുനലൂർ എസ്.എൻ. കോളജ് എന്നിവിടങ്ങളിലായി സ്കൂൾ-കോളജ് വിദ്യാഭ്യാസം നടത്തിയ സോഫി വർഗീസ് 1986-ൽ ന്യൂയോർക്കിലെത്തി. 1987-ൽ റാന്നി ഇടമൺ കുറ്റിയിൽ കുടുംബാംഗമായ തോമസ് വർഗ്ഗീസ് സോഫിയെ വിവാഹം ചെയ്തു. അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതൃത്വനിരയിലുള്ള പാസ്റ്റർ വിൽസൺ ജോസ്, ക്രിസ്ത്യൻ കോളജ് പ്രൊഫസർ ഡോ. വിക്ടർ ജോസഫ്, വൽസമ്മ ഏബ്രഹാം, സൂസൻ ജോർജ്ജ് എന്നിവർ സഹോദരങ്ങളാണ്. മക്കൾ: ക്രിസ്റ്റീനാ കുര്യൻ-ജെൻസൻ, ജോനാഥാൻ വർഗ്ഗീസ്-ഐറിസ്. കൊച്ചുമകൻ: ജൊസായ. അമേരിക്കയിലെത്തിയ സോഫി ജെയിംസൺ സ്കൂൾ ഓഫ് തിയോളജിയിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദം സമ്പാദിച്ചിട്ടുണ്ട്.

കഴിഞ്ഞ 25 വർഷത്തിലധികം കോർണർ സ്റ്റോൺ (ഐ.പി.എ.) ന്യൂയോർക്ക് സഭയുടെ സണ്ടേസ്കൂൾ അധ്യാപികയായി സേവനം അനുഷ്ഠിച്ചു. സഭയുടെ സോദരീ സമാജം കോർഡിനേറ്ററായും നെയ്ബർഹുഡ് ഇവാഞ്ചലിസം ഡയറക്ടറായും സേവനം അനുഷ്ഠിക്കുന്നു. മീറ്റിംഗുകളിലെ പ്രസംഗകയും അറിയപ്പെടുന്ന ഗായികയുമാണ്. സോദരീ സമാജം ഐ.പി.സി. ഈസ്റ്റേൺ റീജിയൻ സെക്രട്ടറി, വൈസ് പ്രസിഡന്റ്, പ്രസിഡന്റ് പദവികൾ വഹിച്ചിട്ടുണ്ട്.

കോവിഡ് കാലത്ത് ആരംഭിച്ച ഭാരത് പ്രയർലൈൻ ഡയറക്ടറായും പ്രവർത്തിക്കുന്നു. 14 ഭാഷകളിൽ സൂം ഫ്ളാറ്റ്ഫോമിൽ മീറ്റിംഗുകൾ നടക്കുന്നു. ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ 2010 ന്യൂജേഴ്സി സമ്മേളനത്തിലും 2017 ന്യൂയോർക്ക് സമ്മേളനത്തിലും ലോക്കൽ കോർഡിനേറ്ററായി സഹോദരിമാരുടെ സമ്മേളനത്തിനു ചുക്കാൻ പിടിച്ചു. 2015-ൽ ഒക്കലഹോമയിൽ നടന്ന ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ നാഷണൽ ലേഡീസ് കോർഡിനേറ്റർ എന്ന നിലയിൽ നേതൃപാടവം തെളിയിച്ചു.



2023 പി.സി.എൻ.എ.കെ. സമ്മേളനത്തിൽ സഹോദരിമാരുടെ മീറ്റിംഗുകൾ ആത്മീയ അനുഭവങ്ങളാൽ അനുഗ്രഹിക്കപ്പെടുവാനുള്ള പ്രാർത്ഥനയിലും പ്രവർത്തനത്തിലുമാണ് ഇപ്പോൾ.

പെന്തെക്കോസ്ത് സമൂഹത്തിന്റെ പ്രത്യേകാൽ സഹോദരിമാരുടെ മടങ്ങിവരവ് സാധ്യമാകണം ഈ സമ്മേളനത്തിലൂടെ എന്നതാണ് പ്രാർത്ഥന. യുവതികൾ സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെടണം. പുത്തൻ ദർശനത്തോടെ ഈ കാലഘട്ടത്തിൽ നമ്മുടെ സഹോദരിമാർ ക്രിസ്തുവിന്റെ സാക്ഷികളാകണം. 2023 പി.സി.എൻ.എ.കെ. സോദരീ സമ്മേളനം അതിനു മുഖാന്തിരം ആകണം. അതിനായി പ്രാർത്ഥനാപൂർവ്വമാണ് പ്രോഗ്രാമുകൾ തയ്യാറാക്കുന്നത്. സമ്മേളനവിജയത്തിനായി സഹോദരിമാരുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രയർലൈനിന്റെ ചുമതലയും വഹിക്കുന്നു. ഒപ്പം ഈസ്റ്റ് മെഡോ കമ്മ്യൂണിറ്റി പ്രയർ ഫെലോഷിപ്പിന്റെ ചുമതലയും വഹിക്കുന്നു. ഇത്തവണ ലേഡീസ് നാഷണൽ ക്വയർ എടുത്തു പറയേണ്ട പ്രത്യേകതയായിരിക്കും. ഡോ. ഏയ്ഞ്ചൽ സ്റ്റീഫൻ ലിയോ ഒക്കലഹോമ, ഡോ. അനു കെന്നത്ത് ജർമ്മനി എന്നിവർ ശുശ്രൂഷിക്കുന്നു. ഒപ്പം പ്രാർത്ഥനയും സെമിനാറുമൊക്കെ മറക്കാനാവാത്ത ആത്മീയാനുഭവമാകും എന്നതിനു സംശയില്ല.

എല്ലാ സ്റ്റേറ്റിൽ നിന്നുമുള്ള സഹോദരിമാരുടെ പ്രതിനിധികളും ലോക്കൽ കോർഡിനേറ്റർ സിസ്റ്റർ ശോശാമ്മ ഡാനിയേലും ഫിലദൽഫ്യയിലെ സഹോദരിമാരും സമ്മേളന വിജയത്തിനായുള്ള അക്ഷീണ പരിശ്രമത്തിലാണ്. ഒരു ടീം എന്ന നിലയിൽ പ്രയത്നിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ പ്രയത്നം സഫലമാകും എന്ന വിശ്വാസത്തിലാണ് സിസ്റ്റർ സോഫി വർഗ്ഗീസ്.

കുടുംബത്തിൽ നിന്നും കോർണർ സ്റ്റോൺ സഭയിൽ നിന്നും പി.സി.എൻ.എ.കെ. എക്സിക്യൂട്ടീവ്സിൽ നിന്നും ലഭിക്കുന്ന പിന്തുണയാണ് ഈ ഉത്തരവാദിത്വത്തിൽ പ്രചോദനമാകുന്നത്. ഒപ്പം എല്ലാറ്റിനും മീതെ പകരപ്പെടുന്ന ദൈവകൃപയും.

കോവിഡാനന്തര കോൺഫറൻസിലെ സഹോദരിസമ്മേളനങ്ങൾ നടക്കാനാവാത്ത ആത്മീയാനുഭവങ്ങൾ ജ്വലിക്കുന്ന ഓർമ്മകളായി നിൽക്കും.

- ◈ **40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകരമായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ**
- ◈ **കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അതിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്**
- ◈ **പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ**
- ◈ **ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.**
- ◈ **ഗോതമ്പും ചോളവും വിളയുന്ന വയലുകൾ**
- ◈ **പ്രകൃതിരമണീയമായ ഭൂപ്രകൃതി**
- ◈ **പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്**
- ◈ **തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.**

# മധുരസ്മരണകളുമായി പി. സി. എൻ. എ. കെ. സമ്മേളനം പെൻസിൽവേനിയയിൽ

അനുഭവസമ്പന്നരും പ്രാപ്തരും ആത്മീയദർശനവുമുള്ള നേതൃത്വനിര 2023 കോൺഫറൻസിനെക്കുറിച്ച് ബിലീവേഴ്സ് ജേണൽ വായനക്കാരുമായി സംസാരിക്കുന്നു. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവേൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിൽസൻ തരകൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സോഫി വർഗീസ്. 2003 കോൺഫറൻസ് കൺവീനർ ആയിരുന്ന പാസ്റ്റർ ജോർജ്ജ് മാത്യു, ലോക്കൽ കൺവീനർമാരായ ബാബുക്കുട്ടി ജോർജ്ജ്, ബ്രദർ അലക്സാണ്ടർ ചെറിയാൻ എന്നിവർ പങ്കുവെയ്ക്കുന്നു. ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്റർ പാസ്റ്റർ സാംകുട്ടി മാത്യു തയ്യാറാക്കിയ കുറിപ്പുകൾ ഈ സ്പെഷ്യൽ ലക്കത്തിൽ വായിക്കാം...

മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന് പെൻസിൽവേനിയ വീണ്ടും വേദിയാകുമ്പോൾ ഏറ്റവും സന്തോഷിക്കുന്നത് പാസ്റ്റർ ജോർജ്ജ് മാത്യുവാണ്. 20 വർഷങ്ങൾക്കു പുറകിൽ 2003-ൽ നടന്ന പെൻസിൽവേനിയ കോൺഫറൻസിന്റെ അമരക്കാരനായിരുന്നു പാസ്റ്റർ ജോർജ്ജ് മാത്യു. പി.സി.എൻ.എ.കെ. എന്ന നോർത്തമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിന്റെ 37 വർഷത്തെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തിയ കോൺഫറൻസായിരുന്നു 2003-ൽ നടന്നത്. 10000ത്തിലധികം പേർ പങ്കെടുത്ത ആ കോൺഫറൻസ് സ്മരണകളിൽ തങ്ങിനിൽക്കുന്നത് ജനപങ്കാളിത്തം കൊണ്ട് മാത്രമല്ല, ലോകോത്തര പ്രസംഗകരും പുതുമകൾ നിറഞ്ഞ പ്രവർത്തന ശൈലിയും പ്രോഗ്രാമുകളും ജനത്തിന് അനുഗ്രഹമായി മാറി എന്നതുകൊണ്ടാണ്.

അതുവരെ നടന്നു വന്നിരുന്ന കോൺഫറൻസുകളുടെ പ്രവർത്തനശൈലിയിൽ നിന്ന് മാറി പുതുമയുള്ള പ്രചരണ പരിപാടി ശ്രദ്ധിക്കപ്പെട്ടു. ഒപ്പം പ്രാർത്ഥനയുടെ പിൻബലവും സമ്മേളനത്തെ വിജയത്തിലെത്തിച്ചു. മുമ്പിൽ നിന്ന് നയിക്കുവാൻ പാസ്റ്റർ ജോർജ്ജ് മാത്യു തയ്യാറായപ്പോൾ പി.സി.എൻ.എ.കെ. ടീമും ഫിലദൽഫ്യയിലെ സഭകളും ഒന്നിച്ചണിനിരന്നു. വിശ്വാസി സമൂഹത്തിന്റെ ഐക്യതയോടെയുള്ള പ്രാർത്ഥനയും പ്രവർത്തനവും പി.സി.എൻ.എ.കെ.യുടെ വിജയത്തിൽ മുഖ്യപങ്കുവഹിച്ചു.


അതുവരെയും ആരും പരീക്ഷിച്ചിട്ടില്ലാത്ത പി.സി.എൻ.എ.കെ.ന്യൂസ് ലെറ്റർ ആദ്യമായി പുറത്തിറക്കിയത് 2003-ലാണ്. മൾട്ടികളറിൽ ആകർഷകമായി പുറത്തിറങ്ങിയ ന്യൂസ് ലെറ്റർ എല്ലാ വിശ്വാസി ഭവനങ്ങളിലും എത്തി. പിന്നീട് നടന്ന എല്ലാ കോൺഫറൻസുകളിലെയും അവിഭാജ്യ ഘടകമായി ന്യൂസ് ലെറ്റർ മാറി എന്നത് മറ്റൊരു വസ്തുത.

ലോകപ്രശസ്തരായ പ്രസംഗകർ കോൺഫറൻസിൽ എത്തിയത് വേറിട്ട അനുഭവമായി. പോൾ യോംഗിചോ, പാസ്റ്റർ ഡി. മോഹൻ തുടങ്ങിയവരോടൊപ്പം ഗ്രഹാം സ്റ്റെയിൻസിന്റെ സഹധർമ്മിണി ഗ്ലാഡീസ് സ്റ്റെയിൻസ് എത്തിയത് വൈകാരികമായ അനുഭവമായി മാറി.



പാസ്റ്റർ ജോർജ്ജ് മാത്യു

കോൺഫറൻസിനു മുമ്പായി എബനേസർ ചർച്ച് ഓഫ് ഗോഡ് സഭയിൽ നടത്തിയ 40 ദിന ഉപവാസപ്രാർത്ഥന സമ്മേളനത്തിന്റെ അനുഗ്രഹത്തിനു പ്രധാന ഘടകമായിരുന്നു എന്നത് നിസ്തർക്കമായ വസ്തുതയാണ്. ഉപവാസ പ്രാർത്ഥനയുടെ അവസാന 9 ദിനങ്ങളിൽ നടത്തിയ കൺവൻഷനും എടുത്തു പറയേണ്ടതാണ്.



2003 കോൺഫറൻസിന്റെ ആരംഭ ദിനം മുതൽ തന്നെ പരിശുദ്ധാത്മ പകർച്ച ദൃശ്യമായിരുന്നു. പ്രോഗ്രാമുള്ളവർ പ്രോഗ്രാം തുടങ്ങുന്നതിന് 15 മിനിറ്റ് മുമ്പ് ഒന്നിച്ച് പ്രാർത്ഥിച്ച ശേഷമേ സ്റ്റേജിൽ കയറിയിരുന്നുള്ളു. പ്രോഗ്രാമില്ലാത്തവരെ സ്റ്റേജിൽ നിന്നൊഴിവാക്കിയതും സമ്മേളനത്തിന്റെ അച്ചടക്കം വർദ്ധിപ്പിച്ചു.

സമ്മേളനത്തോടനുബന്ധിച്ച് നടന്ന മുഴു രാത്രി പ്രാർത്ഥനയിൽ മാത്രം 2500 ലധികം ആളുകൾ പങ്കെടുത്തിരുന്നു. വലിയ ആത്മ പകർച്ചയും വിടുതലും ആ പ്രാർത്ഥനയിൽ സംഭവിച്ചു. പാസ്റ്റർ എം.കുഞ്ഞപ്പിയും മറ്റുമായിരുന്നു പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത്. ബർണാഡ് അങ്കാമ എന്ന ഒരു ശുശ്രൂഷകൻ ക്ഷണിക്കാതെ തന്നെ എത്തിച്ചേർന്നു. താൻ ശുശ്രൂഷ ചെയ്യുമ്പോൾ വീൽ ചെയറിലായിരുന്ന ഒരു മാതാവ് സൗഖ്യം പ്രാപിച്ച് എഴുന്നേറ്റ് നടന്നത് ഇന്നെന്ന പോലെ ഓർമ്മച്ചെപ്പിൽ സൂക്ഷിക്കുന്നുവെന്ന് പാസ്റ്റർ ജോർജ്ജ് മാത്യു പറയുന്നു.

2003 കോൺഫറൻസ് സാമ്പത്തികമായും മെച്ചപ്പെട്ട നിലയിലാണ് പര്യവസാനിച്ചത്. മിച്ചം വന്ന തുക ഗ്രഹാം സ്റ്റെയിൻസ് മെമ്മോറിയൽ ഹോസ്പിറ്റലിന്റെ നിർമ്മാണത്തിന് ആവശ്യമായത് നൽകി. കൂടാതെ ഇൻഡ്യയിൽ 9 ചർച്ചും 4 വീടുകളും നിർമ്മിച്ചു നൽകി. ഒക്കലഹോമ കോൺഫറൻസിനു വന്ന കടം വീട്ടുന്നതിനും തുടർന്ന് ശേഷിച്ച തുക 2004 കോൺഫറൻസ് ഭാരവാഹികൾക്കും നൽകി. പി.സി.എൻ.എ.കെ ചരിത്രത്തിലെ ഏറ്റവും വിജയകരമായ കോൺഫറൻസ് എന്ന് രേഖപ്പെടുത്തപ്പെട്ട 2003 പെൻസിൽവേനിയ കോൺഫറൻസിന്റെ അമരക്കാരനാവാൻ കഴിഞ്ഞത് ദൈവീക നിയോഗമായി കണ്ട് വിനയാന്വിതനാകുമ്പോൾ തന്നെ 2023 കോൺഫറൻസിന്റെ വിജയത്തിനായി സംഘാടക സമിതിയുടെ ഭാഗമായി പ്രവർത്തനനിരതനാണ് ഇദ്ദേഹം. വീണ്ടും പെൻസിൽവേനിയായിലെത്തുന്ന കോൺഫറൻസ് പെന്തക്കോസ്ത് സമൂഹത്തിന്റെ മടങ്ങിവരവിന് കാരണമാകണമെന്നും ഒപ്പം ഒരു ഉണർവിലേക്കു ജനത്തെ നയിക്കണമെന്നുമുള്ള പ്രാർത്ഥനയിലാണ് പാസ്റ്റർ ജോർജ്ജ് മാത്യു.

പത്തനംതിട്ട ജില്ലയിൽ തോന്ന്യാമല മുട്ടത്തിൽ ജോർജ്ജ് - തങ്കമ്മ ദമ്പതികളുടെ മകനായി ജനിച്ച ജോർജ്ജ് മാത്യു തോന്ന്യാമല ഏ. ജി സഭാംഗമാണ്. ജബൽപൂരിലെ പഠനശേഷം ഉദ്യോഗാർത്ഥം 1976-ൽ കുവൈറ്റിൽ എത്തി. ജോലിയോടൊപ്പം ഏ.ജി. സഭാ ശുശ്രൂഷകനായും പ്രവർത്തിച്ചു. 14 വർഷത്തെ ഗൾഫ് ജീവിതത്തിനു ശേഷം 1990-ൽ അമേരിക്കയിലെ ഫിലദൽഫ്യയിലെത്തി. പാസ്റ്റർ എം. സി. ഏബ്രാഹാം ശുശ്രൂഷിച്ച പി.സി.എഫ്. സഭയുടെ സഹശുശ്രൂഷകനായി. ഇപ്പോൾ സഭാ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. സ്വന്തമായി അക്കൗണ്ടിംഗ് സ്ഥാപനം നടത്തുന്നു. കുവൈറ്റിൽ ഇന്ത്യൻ സ്കൂൾ അധ്യാപിക ആയിരുന്ന സൂസമ്മയാണ് സഹധർമ്മിണി. പാസ്റ്റർ പി. ഡി. ജോൺസന്റെ ഭാര്യാ സഹോദരി കൂടെയാണ് സൂസമ്മ. മക്കൾ: ആൻസ്, ജിൻസ്, പ്രിൻസ്.



- ◈ 40 വർഷത്തെ ചരിത്രത്തിലെ ഏറ്റവും വിജയകരമായിരുന്ന 2003 കോൺഫറൻസിന് 20 വർഷങ്ങൾക്കിപ്പുറം വീണ്ടും പെൻസിൽവേനിയയിൽ
- ◈ കത്തോലിക്ക സഭയുടെ കടന്നുകയറ്റത്തിൽ തങ്ങളുടെ ഉപദേശത്തനിമയും ജീവിതചര്യയും കാത്തുസൂക്ഷിക്കാൻ യൂറോപ്പിൽ നിന്ന് കുടിയേറിയവരുടെ പിൻതലമുറക്കാരായ ആമിഷ് ജനത അതിവസിക്കുന്ന ലാങ്കസ്റ്റർ കൗണ്ടിയിലെ കോൺഫറൻസ്
- ◈ പ്രകൃതിയോടിണങ്ങി വൈദ്യുതിയും ആധുനികതയും വെടിഞ്ഞ് റാന്തൽവിളക്കും കുതിരവണ്ടിയും കലപ്പയും ഉപയോഗിക്കുന്ന ജനതയെ അടുത്തറിയാൻ
- ◈ ടി.വി.യും ഫ്രിഡ്ജും ഉപയോഗിക്കാത്ത ജനത. വസ്ത്രധാരണത്തിലും പഴമയുടെ തനിമ നിലനിർത്തുന്ന ജനത.
- ◈ ഗോതമ്പും ചോളവും വിളയുന്ന വയലുകൾ
- ◈ പ്രകൃതിരമണീയമായ ഭൂപ്രകൃതി
- ◈ പ്രസിദ്ധമായ ബൈബിൾ ഷോയുടെ നാട്
- ◈ തിരക്കേറിയ പട്ടണങ്ങളിൽ നിന്ന് മാറി പ്രകൃതിയുടെ ശാന്തതയിൽ ഒരു കോൺഫറൻസ്.


THE INDIA PENTECOSTAL CHURCH OF GOD
ATLANTA
ATLANTA IPC
545 Rock Springs Road
Lawrenceville, GA 40043
Rev. Dr. Cherian C. Daniel
Schedule of Service
SUNDAY WORSHIP
9:00 am to 11:00am
SUNDAY SCHOOL
8:30 am to 9:00am
SATURDAY
Bible study 7:30 pm
LAST SATURDAY
PYPA 7:30 pm to 9:00 pm
FASTING PRAYER
Friday 10:30 am to 12:00 pm
FIRST SATURDAY
Ladies meeting 10:30am to 12:00pm
Come Worship With us
Pastor Dr. Cherian C Daniel
470-907-9051
ABRAHAM THOMAS
Secretary
RAJAN ARIYAPALLIL
Treasurer

# പിസിഎൻഎകെ 2023 ലോക്കൽ കമ്മിറ്റി



## ഹൂസ്റ്റണിൽ നിന്ന് ആശംസകളോടെ...



കഠിനമായ ഒരു കാലഘട്ടത്തിന്റെ നടുക്കുന്ന ഓർമ്മകളെ കുടഞ്ഞുകളഞ്ഞ് പുതിയ ആവേശത്തോടും പ്രത്യാശയോടും കൂടെ മനുഷ്യവർഗ്ഗം ചരിത്രത്തിന്റെ പുതിയൊരു അധ്യായം എഴുതി ചേർക്കാനുള്ള കുതിപ്പിലാണ്. ശീതകാലത്ത് ഇലകൾ ഇല്ലാതെ നിൽക്കുന്ന വൃക്ഷങ്ങൾ കാലാവസ്ഥ മാറുമ്പോൾ തളിരിലകൾ വന്ന് പൂർവ്വസ്ഥിതി പ്രാപിക്കുന്നതുപോലെ പ്രതീക്ഷയുടെ പുതുനാമ്പുകൾ ലോകത്തെ നവീകരിക്കുമെന്ന് പ്രത്യാശിക്കാം.

നീണ്ട ഒരു ഇടവേളയ്ക്ക് ശേഷം നോർത്ത് അമേരിക്കയിലെയും കാനഡയിലെയും മലയാളി പെന്തക്കോസ്ത് സമൂഹം ആത്മീയ അനുഭവങ്ങൾക്കായും കൂട്ടായ്മയുടെ സന്തോഷത്തിനായും ഒത്തുകൂടുകയാണ്. ഇനിയൊരു കോൺഫറൻസ് നടക്കുമോ? നടന്നാൽ തന്നെ ആളുകൾ രജിസ്റ്റർ ചെയ്ത് പങ്കെടുക്കുമോ എന്നൊക്കെ സംശയിച്ച നാളുകളാണ് കടന്നുപോയത്. ഏറെ ആശ്വാസത്തോടെയും പ്രതീക്ഷയോടെയും സന്തോഷത്തോടെയും നമുക്ക് ഒരു കോൺഫറൻസിനായി ഒത്തുകൂടാം.

ഹൃദയപൂർവ്വം നന്ദി പറയുവാനുള്ള അവസരമായി ഈ കോൺഫറൻസ് മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ വീണ്ടും ഒന്നിച്ചു കൂടുവാൻ അനുവദിച്ചതിന് നന്ദി അർപ്പിക്കാം.

ഫിലെദൽഫിയയിലെ ദൈവജനം ആദിത്യമരുളുന്ന കോൺഫറൻസ് വ്യക്തിപരമായി എനിക്ക് രണ്ട് കാരണങ്ങളാൽ പ്രത്യേകതയുള്ളതാണ്. വ്യക്തിപരമായി ഞാൻ ദീർഘകാലം കുടുംബമായി പാർത്ത സ്ഥലം എന്ന നിലയിൽ എനിക്ക് ഈ ദേശത്തോടും അവിടെയുള്ള ദൈവജനത്തോടും ആത്മബന്ധമുണ്ട്.

രണ്ടാമത്തെ കാര്യം ഈ കോൺഫറൻസിന്റെ നേതൃത്വം നൽകുന്ന റോബി മാത്യു എന്റെ അനന്തരവൻ ആണെന്നത് വ്യക്തിപരമായി എനിക്ക് ഈ കോൺഫറൻസ് എന്റെ കോൺഫറൻസ് പോലെ പ്രാധാന്യമുള്ളതാക്കി മാറ്റുന്നു.

പാസ്റ്റർ റോബി മാത്യുവിന്റെ നേതൃത്വത്തിൽ നടക്കുന്ന ഈ കോൺഫറൻസ് പ്രാർത്ഥനയുടെ വിജയമാണെന്ന് എടുത്തു പറയേണ്ടതുണ്ട്. അദ്ദേഹം ശക്തനായ ഒരു പ്രാർത്ഥനാ വീരനാണെന്നത് തന്നെയാണ് ഈ കോൺഫറൻസിനെ വ്യത്യസ്തമാക്കുന്നത്. നാഷണൽ കൺവീനർ പാസ്റ്റർ റോബി മാത്യു, നാഷണൽ സെക്രട്ടറി സാമുവൽ യോഹന്നാൻ, നാഷണൽ ട്രഷറർ വിത്സൻ തരകൻ, നാഷണൽ യൂത്ത് കോഡിനേറ്റർ ഫിന്നി ഫിലിപ്പ്, നാഷണൽ ലേഡീസ് കോഡിനേറ്റർ സോഫി വർഗീസ് എന്നിവർക്ക് വിജയാശംസകൾ നേരുന്നു.

39-ാമത് കോൺഫ്രൻസ് നടത്തുവാൻ ഹൂസ്റ്റണിലെ ദൈവജനം ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

**പാസ്റ്റർ ഫിന്നി ആലുമൂട്ടിൽ**
**നാഷണൽ കൺവീനർ**
**2024 പിസിഎൻഎകെ ഹൂസ്റ്റൺ**

## കർത്താവിൽ വസിച്ച് നല്ല ഫലങ്ങൾ കായ്ക്കാം

**ബ്രദർ അലക്സാണ്ടർ ചെറിയാൻ**
[ലോക്കൽ കോർഡിനേറ്റർ]




2023 പെൻസിൽവേനിയ കോൺഫറൻസ് ജൂൺ 29 മുതൽ ജൂലൈ 2 വരെ നടക്കുകയാണല്ലോ. സന്തോഷങ്ങളുടെ അവസരങ്ങളിലും, പ്രതിസന്ധിയുടെ കാലഘട്ടങ്ങളിലും ദൈവം നല്കിയ അനവരതമായ നന്മകളെ ഉദ്ഘോഷിക്കുന്നതിനും സ്തോത്രം കരേറ്റുന്നതിനുമുള്ള അവസരമാണല്ലോ കോൺഫറൻസിലൂടെ ലഭിക്കുന്നത്. കൊമ്പ് മുന്തിരിവള്ളിയിൽ വസിച്ച് ഫലം കായ്ക്കുന്നതുപോലെ, കർത്താവിനോട് ചേർന്ന് വസിച്ച് കൂടുതൽ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഈ വർഷത്തെ നമ്മുടെ കൂടിവരവ് കാരണമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു. സമ്മേളനത്തിന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിക്കുന്ന എല്ലാവരേയും ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. വചന പ്രഘോഷണത്തിനായി നമുക്ക് കാതോർക്കാം. "എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" എന്ന കർത്താവിന്റെ വാക്കുകൾ അനുസരിച്ച് തുടർന്നും ജീവിക്കുന്നതിന് നമ്മുടെ സമ്മേളനം പ്രചോദനമാകട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, ഏവരേയും കർത്തൃനാമത്തിൽ, 2023 പെൻസിൽവേനിയ കോൺഫറൻസിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

## റവ. ഡോൺ കുരുവിള, ചിക്കാഗോ



കോവിഡാനന്തര സമ്മേളനം എന്ന നിലയിൽ ഏറെ ആകാംക്ഷയോടും പ്രതീക്ഷയോടുമാണ് വിശ്വാസസമൂഹം 2023 പെൻസിൽവേനിയ കോൺഫറൻസിനെ നോക്കിക്കാണുന്നത്. 2020-ൽ നടക്കേണ്ടിയിരുന്ന 38-ാമത് കോൺഫറൻസ് ക്രമീകരണങ്ങൾ അവസാനഘട്ടത്തിൽ എത്തിനിൽക്കുമ്പോഴാണല്ലോ കോവിഡ് മഹാമാരി കാര്യങ്ങൾ തകിടം മറിച്ചത്. എന്നാൽ വർദ്ധിത വീര്യത്തോടെ കൂടുതൽ ക്രമീകൃതമായി സംവിധാനങ്ങളോടെ സമ്മേളനത്തെ വിജയകരമാക്കുവാൻ സംഘാടക സമിതി നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. ന്യൂയോർക്ക്, ന്യൂജേഴ്സി സ്റ്റേറ്റുകളുടെ സമീപസ്ഥലമെന്ന നിലയിലും ചരിത്രപ്രാധാന്യമുള്ള ലാങ്കസ്റ്റർ കൗണ്ടിയിൽ സമ്മേളനം നടക്കുന്നു എന്നതിനാലും ധാരാളം ദൈവമക്കൾ ഇത്തവണ സമ്മേളനത്തിനായി എത്തുമെന്നതിൽ സംശയം വേണ്ട. പ്രതീക്ഷകൾപോലെ ആത്മീയ വിരുന്നിന്റെ നാളുകളായി കോൺഫറൻസ് ദിനങ്ങൾ മാറട്ടെ എന്ന് ആശംസിക്കുന്നു.



**ബ്രദർ ബാബുക്കുട്ടി ജോർജ്ജ്**
**(ലോക്കൽ കോർഡിനേറ്റർ)**

2023 പെൻസിൽവേനിയ കോൺഫറൻസിന്റെ ലോക്കൽ കോർഡിനേറ്റർമാരിൽ ഒരാളായ ബ്രദർ ബാബുക്കുട്ടി ജോർജ്ജ് മികച്ച സംഘാടകനാണ്. അമേരിക്കൻ കോൺഫറൻസുകളിലൂടെ വിശ്വാസസമൂഹത്തിന് പരിചിത മുഖമാണ്. 2003-ലെ പെൻസിൽവേനിയ കോൺഫറൻസിന്റെ ലോക്കൽ ട്രഷറർ 2009 ചിക്കാഗോ കോൺഫറൻസിന്റെ അക്കോമെഡേഷൻ കോർഡിനേറ്റർ, 2009-ലെ വാലിഫോർജ്ജ് നാക്കോഗ് കോൺഫറൻസിന്റെ ലോക്കൽ ട്രഷറർ, 36-ാമത് ബോസ്റ്റൺ പിസിനാക്ക് കോൺഫറൻസിന്റെ നാഷണൽ ട്രഷറാർ ചുമതലകൾ വഹിച്ചിട്ടുള്ള ഇദ്ദേഹം 2023 ഏ. ജി. സിൽവർ ജൂബിലി കോൺഫറൻസിന്റെ ലോക്കൽ കോർഡിനേറ്റർ കൂടിയാണ്. ഫിലെഡൽഫിയ എബനേസർ ചർച്ച് ഓഫ് ഗോഡ് സഭാ കൗൺസിൽ മെമ്പറാണ്. തേവലക്കര സ്വദേശി. ഭാര്യ: മോളിക്കുട്ടി. മക്കൾ: ബോബൻ ബാബു, ബ്ലസ്സി ബാബു, ബിൻസി ബാബു.

# EXECUTIVE COMMITTEE 1983-2023



REV. OOMMEN ABRAHAM
Convener 1983, 86
Oklahoma, Dallas,
Tennesse, Houston

REV. JACOB CHERIAN
Convener 1984- 85
New Jersey,
Tennesse

REV. K. V. KURIAN
Convener 1987
New York

REV. DR. JOY JOSEPH
Convener 1988
Chicago

## 1990



DR. JOY P. OOMMEN
Convener 1989
Dallas

REV. DR. JOY ABRAHAM
Convener 1990
Florida

M. A. GEORGE
Secretary 1990
Florida

GEORGE MATHAI CPA
Treasurer 1990
Florida

## 1991



REV. K. J. MATHEW
Convener 1991
Tennesse

REV. ABRAHAM VARGHESE
Secretary 1991
Tennesse

K. I. THOMAS
Treasurer 1991
Tennesse

STANLEY GEORGE
Youth Coordinator 1991
Tennesse

## 1992



REV. EASWO PHILIP
Convener 1992
Toronto

REV. PHILIP K. JOSEPH
Secretary 1992
Toronto

REV. MATHEW K. THOMAS
Treasurer 1992
Toronto

SAM NINAN
Youth Coordinator 1992
Toronto

## 1993



REV. A. C. GEORGE
Convener 1993
New York

VARGHESE PINAKULAM
Secretary 1993
New York

JAMES GEORGE
Treasurer 1993
New York

REV. GEORGE P. CHACKO
Youth Coordinator 1993
New York

## 1994



REV. P. C. MAMMEN
Convener 1994
Chicago

REV. MONI MATHEW
Secretary 1994
Chicago

GEORGE MATHAI CPA
Treasurer 1994
Chicago

TOM VARGHESE
Youth Coordinator 1994
Chicago

## 1995



REV. BABY VARGHESE
Convener 1995
Dallas

GEORGE KURUVILLA
Secretary 1995
Dallas

GEORGE PAPPY
Treasurer 1995
Dallas

TITUS MATHEW
Youth Coordinator 1995
Dallas

## 1996



REV. K. J. MATHEW
Convener 1996
Tennessee

STANLEY GEORGE
Secretary 1996
Tennessee

PRINCE JOSEPH
Treasurer 1996
Tennessee

SUSHIL MATHEW
Youth Coordinator 1996
Tennessee

## 1997




REV. DR. K. T. JOHN
Convener 1997
Michigan

BABU VARGHESE
Secretary 1997
Michigan

OMMEN EBENEZER
Treasurer 1997
Michigan

BINU JOHN
Youth Coordinator 1997
Michigan

## 1998




REV. DR. JOHN DANIEL
Convener 1998
Houston

ROY VAKATHANAM
Secretary 1998
Houston

KUNJUMON SAMUEL
Treasurer 1998
Houston

MATHEWS ABRAHAM
Youth Coordinator 1998
Houston


Since 1927
SAVED TO SAVE
MOUNT ZION BIBLE SEMINARY MULAKUZHA
Mount Zion Bible Seminary
Mulakuzha P.O.
Chengannur - 689 505, Kerala, India
Email: mzbs.info@gmail.com
COURSES
M.Div. (Master of Divinity)
3 Years / 2 Year Upgrade
Eligibility: Any Degree/B.Th.
B.Th. (Bachelor of Theology)
3 Years
Eligibility: +2 Pass
G.Th. (Graduate in Theology)
3 Years
Eligibility: SSLC Pass
Salient Features
Church of God International IV level (Master Level) Institution
ATA Accredited Courses (M.Div. & B.Th.)
Pentecostal emphasize and spiritual atmosphere for ministry development
Well educated, dedicated and experienced faculty
Computerised library
Ministry opportunity in Church of God during and after studies
www.mountzionbibleseminary.com
For application and more details
Mount Zion Bible Seminary, Mulakuzha, Chengannur - 689 505, Kerala
Mob: 9446532838
Global, Tvla

# EXECUTIVE COMMITTEE 1983-2023

## 1999



| | | | |
|---|---|---|---|
| REV. T. C. MATHEW | JOY THUMPAMON | THOMAS VARGHESE | FREDDI GEORGE |
| Convener 1999 | Secretary 1999 | Treasurer 1999 | Youth Coordinator 1999 |
| New Jersey | New Jersey | New Jersey | New Jersey |

## 2000



| | | | |
|---|---|---|---|
| REV. JAMES RICHARD | DAWN KURUVILLA | C. M. MAMMEN | GEORGE PAPPACHAN |
| Convener 2000 | Secretary 2000 | Treasurer 2000 | Youth Coordinator 2000 |
| Oklahoma | Oklahoma | Oklahoma | Oklahoma |

## 2001



| | | | |
|---|---|---|---|
| REV. JOHN THOMAS | REV. THANKACHAN THOMAS | V. K. JOHNSON | JOHNSON MATHEW |
| Convener 2001 | Secretary 2001 | Treasurer 2001 | Youth Coordinator 2001 |
| California | California | California | California |

## 2002




| | | | |
|---|---|---|---|
| REV. JOHN M. CHERIAN | SAM T. SAMUEL | SAM THOMAS | ABRAHAM PHILIP |
| Convener 2002 | Secretary 2002 | Treasurer 2002 | Youth Coordinator 2002 |
| Georgia | Georgia | Georgia | Georgia |

## 2003



| | | | |
|---|---|---|---|
| REV. GEORGE MATHEW | SAJI THATTAYIL | TOM VARGHESE | LESLIE VARGHESE |
| Convener 2003 | Secretary 2003 | Treasurer 2003 | Youth Coordinator 2003 |
| Pennsylvania | Pennsylvania | Pennsylvania | Pennsylvania |

## 2004



| | | | |
|---|---|---|---|
| REV. CHERIAN KOTHAKERI | JOJI JOSEPH | ABARHAM P. ABRAHAM | JOHN ABRAHAM |
| Convener 2004 | Secretary 2004 | Treasurer 2004 | Youth Coordinator 2004 |
| Virginia | Virginia | Virginia | Virginia |

## 2005




| | | | |
|---|---|---|---|
| REV. K. P. TITUS | SUNNY MATHEWS | BABU KODUMTHARA | JOHNSON K. SAMUEL |
| Convener 2005 | Secretary 2005 | Treasurer 2005 | Youth Coordinator 2005 |

## 2006



| | | | |
|---|---|---|---|
| REV. GEORGE C. VARGHESE | PHILIP DANIEL | SAM VARGHESE | ABEY MATHEW |
| Convener 2006 | Secretary 2006 | Treasurer 2006 | Youth Coordinator 2006 |

## 2007



| | | | |
|---|---|---|---|
| REV. JOHN DANIEL | SP JAMES | CHERIAN CHACKO | JIJI VARGHESE |
| Convener 2007 | Secretary 2007 | Treasurer 2007 | Youth Coordinator 2007 |

## 2008



| | | | |
|---|---|---|---|
| REV. THAMPY MATHEW | RAJAN ARIYAPPALLIL | RAJU PONNOLIL | MATHEW THOMAS |
| Convener 2008 | Secretary 2008 | Treasurer 2008 | Youth Coordinator 2008 |

# EXECUTIVE COMMITTEE 1983-2023

## 2009



REV. K. M. VARGHESE – Convener 2009
VARGHESE PHILIP – Secretary 2009
JOHNSON ABRAHAM – Treasurer 2009
CIBI THOMAS – Youth Coordinator 2009

## 2011




REV. THOMAS MATHEW – Convener 2011
THOMAS KIDANGALI – Secretary 2011
SHAJI MANIYATTU – Treasurer 2011
TITUS EAPAN – Youth Coordinator 2011

## 2013



REV. SUNNY PHILIP – Convener 2013
RAJAN ARIYAPPALLIL – Secretary 2013
JOICE P. MATHEWS – Treasurer 2013
ASHISH JACOB – Youth Coordinator 2013

## 2015



REV. BINU JOHN – Convener 2015
TOM VARGHESE – Secretary 2015
REJI ABRAHAM – Treasurer 2015
BIJO THOMAS – Youth Coordinator 2015

## 2017



PR. TOMMY JOSEPH – Convener 2017
JAMES ABRAHAM – Secretary 2017
ZACH CHERIAN – Treasurer 2017
JOSHIN DANIEL – Youth Coordinator 2017

## 2010




REV. V. M. ABRAHAM – Convener 2010
JAIN K. MATHEW – Secretary 2010
DAVID KURUVILLA – Treasurer 2010
BOBBY P. THOMAS – Youth Coordinator 2010

## 2012



REV. EASOW PHILIP – Convener 2012
THOMAS KURIAN – Secretary 2012
BENNY JOHN – Treasurer 2012
REJI ABRAHAM – Youth Coordinator 2012

## 2014




REV. DR. RAJAN GEORGE – Convener 2014
JOEMON GEEVARGHESE – Secretary 2014
P. G. VARGHESE – Treasurer 2014
REV. JAMES JOHN – Youth Coordinator 2014

## 2016



REV. SHAJI K. DANIEL – Convener 2016
TIJU THOMAS – Secretary 2016
THOMAS VARGHESE – Treasurer 2016
ABRAHAM GEORGE – Youth Coordinator 2016

## 2018



PR. BETHEL JOHNSON – Convener 2018
WESLY MATHEW – Secretary 2018
BABUKUTTY GEORGE – Treasurer 2018
SHONY THOMAS – Youth Coordinator 2018

## 2019



REV. K. C. JOHN – Convener 2019
VIJI THOMAS – Secretary 2019
BIJU GEORGE – Treasurer 2019
FRANKLIN ABRAHAM – Youth Coordinator 2019

# സംഘാടക മികവോടും നേതൃത്വ പാടവത്തോടും റവ. ജോസഫ് വില്യംസ്

സ്വാർത്ഥത ലേശമില്ലാതെയും വ്യക്തിതാൽപര്യമില്ലാതെയും സഭയെ നയിക്കുന്ന ഇദ്ദേഹം ഉത്സാഹശാലിയും മികച്ച സംഘാടകനും ലീഡറുമാണ്. തന്റെ പ്രവർത്തനത്തിലൂടെ നേതൃപാടവം തെളിയിച്ചിട്ടുള്ള പാസ്റ്റർ വില്യംസ് ദൈവസഭയെ നയിക്കുവാൻ പ്രാപ്തനായ ദൈവദാസനാണ്. അഴിമതിയുടെ കറപുരളാത്ത പ്രവർത്തന പാരമ്പര്യവും ആഴമായ ദർശനവും എല്ലാം തന്നെ വ്യത്യസ്തനാക്കുന്നു.



പാസ്റ്റർ ജോസഫ് വില്യംസ്

പുനലൂരിന് സമീപം വട്ടമൺ എന്ന കൊച്ചുഗ്രാമത്തിലെ തോപ്പിൽ കുടുംബം ആത്മീയ നിലവാരം കാത്തുസൂക്ഷിക്കുകയും ആ ദേശത്ത് എല്ലാവർക്കും പ്രിയപ്പെട്ടവരുമായിരുന്നു. മർത്തോമ്മാ സഭാംഗങ്ങളായിരുന്ന ആ കുടുംബം പിന്നീട് പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വന്നു. പാസ്റ്റർ ജോസഫ് വില്യംസിന്റെ ബാല്യപ്രായത്തിൽ തന്നെ പിതാവിനെ നഷ്ടപ്പെട്ടു. മാതാവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലുമാണ് താൻ വളർത്തപ്പെട്ടത്. അതിനുശേഷമാണ് ഈ കുടുംബം വിശ്വാസത്തിലേക്ക് വരുന്നത്. തോപ്പിൽ അമ്മച്ചി എന്ന അപരമാനത്തിൽ അറിയപ്പെട്ടിരുന്ന മാതാവ് മറ്റുള്ളവരോട് കരുണയുള്ള വ്യക്തിയായിരുന്നു. ജീവകാരുണ്യപരമായ പ്രവർത്തികളിൽ സജീവമായിരുന്ന പ്രീയ മാതാവിന്റെ കരങ്ങൾ അനേകർക്ക് ആശ്വാസമായി മാറി. വിദ്യാഭ്യാസത്തിനും വിവാഹത്തിനും വീടുപണിയുന്നതിനും ഒക്കെയായി അർഹരായവർക്ക് സഹായം നൽകുവാനും അനേകരുടെ കണ്ണീരൊപ്പുവാനും പ്രിയ മാതാവിനു സാധിച്ചു.

തോപ്പിൽ വില്യം ജോസഫ്-മേരി ദമ്പതികളുടെ ആറു മക്കളിൽ ഇളയ മകനാണ് പാസ്റ്റർ ജോസഫ് വില്യംസ് ജനിച്ചത്. പരേതനായ പാസ്റ്റർ തോമസ് ജോസഫ്, ജോസ് ഏബ്രഹാം (രാജു, റോക്ലാന്റ്), സൈമൺ ജോസഫ് (കാനഡ), ജാനറ്റ്, സാറാമ്മ എന്നിവരാണ് സഹോദരങ്ങൾ.

പഠനത്തിൽ മികച്ച നിലവാരം പുലർത്തിയിരുന്ന ജോസഫ് വില്യംസ് M.Com-ന് ഉയർന്നമാർക്കോടെ ഉന്നത വിജയം കരസ്ഥമാക്കി. 1981-ൽ അമേരിക്കയിലെത്തിയ ഇദ്ദേഹം പെയ്സ് യൂണിവേഴ്സിറ്റിയിൽ നിന്ന് MBA കരസ്ഥമാക്കി. തുടർന്ന് ഗവൺമെന്റ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് ഗവൺമെന്റിൽ ഫൈനാൻഷ്യൽ സർവ്വീസിൽ ബാങ്കിംഗ് ഓഫീസറായി ഔദ്യോഗിക ജീവിതം നയിച്ചു.

കോളജ് പഠനകാലം മുതൽ തന്നെ സുവിശേഷവേലയിൽ സജീവ തൽപ്പരനായിരുന്നു ഇദ്ദേഹം. അക്കാലത്ത് തന്നെ പ്രസംഗിക്കുകയും മറ്റു ശുശ്രൂഷകളിൽ സജീവവുമായിരുന്നു. അമേരിക്കയിലെത്തിയ ശേഷവും സുവിശേഷവേലയിൽ താൽപര്യത്തോടെ പ്രവർത്തിച്ചുവന്നു. പ്രത്യേകിച്ചു യുവജന പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. യുവജനങ്ങളുടെ പൊതുവേദിയായ ന്യൂയോർക്ക് പി.വൈ.എഫ്.എയുടെ പ്രസിഡന്റായിരുന്നു. ഐ.പി.സി. ഈസ്റ്റേൺ റീജിയൻ പി. വൈ. പി. എ.യുടെ രൂപീകരണത്തിൽ ഗണനീയ പങ്ക് വഹിച്ച ഇദ്ദേഹം പ്രഥമ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു.

ഐ.പി.സി.യുടെ പ്രധാന റീജിയണുകളിൽ ഒന്നായ ഈസ്റ്റേൺ റീജിയന്റെ വളർച്ചയ്ക്കും ശരിയായ ദിശാബോധം നൽകുന്നതിനും റവ. ജോസഫ് വില്യംസിന്റെ നേതൃത്വവും, ചിട്ടയോടുകൂടിയ തന്റെ പ്രവർത്തന ശൈലിയും വളരെ പ്രയോജകീഭവിച്ചു എന്നത് പ്രസ്താവ്യമാണ്. 12 വർഷങ്ങൾ റീജിയന്റെ സെക്രട്ടറി പദം അലങ്കരിച്ച ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അംഗീകാരം എന്ന നിലയിൽ റീജിയന്റെ പ്രസിഡന്റായി 2018-ൽ ഇദ്ദേഹം എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

ക്രമീകൃതമായ നിലയിൽ, വ്യവസ്ഥാപിതമായ രീതിയിൽ, ആത്മീയ കാഴ്ചപ്പാടിൽ കാര്യങ്ങൾ നിർവ്വഹിപ്പാനുള്ള തന്റെ ഇച്ഛാശക്തി പരക്കെ പ്രശംസ നേടുകയുണ്ടായി. ആത്മീയശുശ്രൂഷകൻ, ജീവകാരുണ്യ പ്രവർത്തകൻ എന്നീ നിലകളിലെല്ലാം ശുശ്രൂഷാരംഗത്ത് അറിയപ്പെടുന്ന ദൈവദാസനാണ് റവ. ജോസഫ് വില്യംസ്.

നോർത്തമേരിക്കൻ ഐ.പി.സി. ഫാമിലി കോൺഫറൻസിന്റെ ചരിത്രത്തിൽ വളരെ വ്യത്യസ്തവും വിജയകരവുമായിരുന്നു 15-ാമത് കോൺഫറൻസ്. ആത്മീയ ശുശ്രൂഷകൾക്ക് പ്രത്യേകാൽ വചനശുശ്രൂഷയ്ക്ക് പ്രാധാന്യം നൽകുകയും വിശ്വാസികളുടെയും ശുശ്രൂഷകരുടെയും പങ്കാളിത്വം ഉറപ്പാക്കുകയും ചെയ്ത സമ്മേളനത്തിന്റെ കൺവീനർ എന്ന നിലയിൽ പാസ്റ്റർ ജോസഫ് വില്യംസിന്റെ നേതൃപാടവം പരക്കെ പ്രശംസിക്കപ്പെട്ടു. കോൺഫറൻസിന്റെ ചരിത്രത്തിൽ ഇതുവരെ ലഭ്യമായതിലും വലിയ തുക മിച്ചം വന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. ഈ തുക ഇൻഡ്യയിൽ ജീവകാരുണ്യപ്രവർത്തനത്തിനായി ചെലവഴിച്ചു. ഇതിൽ നിന്നും 50 ലക്ഷം രൂപ നിർദ്ധനരായ യുവതികളുടെ വിവാഹസഹായമായി നൽകി.

1981-ൽ അമേരിക്കയിലെത്തിയ പാസ്റ്റർ ജോസഫ് വില്ല്യംസ് 1996 വരെയും താൻ അംഗമായിരുന്ന സഭയുടെ ശുശ്രൂഷകനോടൊപ്പം ശുശ്രൂഷകളിൽ പങ്കാളിയായിരുന്നു. 1996-ൽ ന്യൂയോർക്കിലെ റോക്‌ലാന്റിൽ ആരംഭം കുറിച്ച ഇൻഡ്യാ പെന്തെക്കോസ്ത് ഫെലോഷിപ്പ് ചർച്ചിന്റെ (ഐ.പി.സി.) സ്ഥാപക പ്രസിഡന്റും സീനിയർ പാസ്റ്ററുമാണ് റവ. ജോസഫ് വില്യംസ്. ഐ.പി.സി. ജനറൽ പ്രസിഡന്റായിരുന്ന പാസ്റ്റർ റ്റി. എസ്. ഏബ്രഹാം ഈ സഭ 1996-മെയ് 19-ന് ഉദ്ഘാടനം ചെയ്തു. സഭാശുശ്രൂഷകനായി നിയോഗിതനായ പാസ്റ്റർ ജോസഫ് വില്യംസിന് പാസ്റ്റർ റ്റി. എസ് ഏബ്രഹാം ഓർഡിനേഷൻ നൽകി. ഇൻഡ്യയിലെ സുവിശേഷീകരണ രംഗത്തും ജീവകാരുണ്യപ്രവർത്തന രംഗത്തും സഭ ശ്രദ്ധേയമായ പങ്കാണ് വഹിച്ചു വരുന്നത്.

പാസ്റ്റർ ജോസഫ് വില്യംസ് മൂന്നു ടേമുകൾ ഐ.പി.സി. ജനറൽ കൗൺസിൽ അംഗമായിരുന്നു. ഐ.പി.സി. ജനറൽ കൗൺസിൽ ഭരണഘടനാ ഭേദഗതി കമ്മിറ്റിയുടെ ചെയർമാൻ എന്ന നിലയിൽ നടത്തിയ പ്രവർത്തനങ്ങൾ ഏറെ ചർച്ച ചെയ്യപ്പെടുകയും അംഗീകാരം നേടുകയും ചെയ്തു.


സ്വാർത്ഥത ലേശമില്ലാതെയും വ്യക്തിതാൽപര്യമില്ലാതെയും സഭയെ നയിക്കുന്ന ഇദ്ദേഹം ഉത്സാഹശാലിയും മികച്ച സംഘാടകനും ലീഡറുമാണ്. തന്റെ പ്രവർത്തനത്തിലൂടെ നേതൃപാടവം തെളിയിച്ചിട്ടുള്ള പാസ്റ്റർ ജോസഫ് വില്യംസ് ദൈവസഭയെ നയിക്കുവാൻ പ്രാപ്തനായ ദൈവദാസനാണ്. അഴിമതിയുടെ കറപുരളാത്ത പ്രവർത്തന പാരമ്പര്യവും ആഴമായ ദർശനവും എല്ലാം തന്നെ വ്യത്യസ്തനാക്കുന്നു. സഹധർമ്മിണി: സുനിലാ ജോസഫ്. മക്കൾ: ബഞ്ചമിൻ, മേരിയാൻ.



പാസ്റ്റർ ജോസഫ് വില്യംസും കുടുംബവും

**തയ്യാറാക്കിയത്**
**പാസ്റ്റർ സാംകുട്ടി മാത്യു, ചീഫ് എഡിറ്റർ**

# ആശംസ... ആശംസ... ആശംസ...



### പാസ്റ്റർ സി. വി. ആൻഡ്രൂസ്
**പേട്രൺ, അറ്റ്ലാന്റാ ചർച്ച് ഓഫ് ഗോഡ്**

പെന്തെക്കോസ്ത് സമൂഹത്തെപ്പോലെ ഇത്രയധികം ഇഴയടുപ്പമുള്ള മറ്റൊരു വിഭാഗം ഇല്ല എന്നു പറയാം. വിശേഷിച്ച് പ്രവാസജീവിതം നയിക്കുന്ന ദൈവജനങ്ങൾ കൂട്ടായ്മയുടെ അവസരങ്ങൾ നഷ്ടപ്പെടുത്താറില്ല. സംഘടനാവ്യത്യാസമില്ലാതെ ഒന്നിച്ചുകൂടുവാനും ഐക്യതയുടെ ശ്രേഷ്ഠത വെളിപ്പെടുത്തുവാനും ദൈവനാമം മഹത്വപ്പെടുത്തുവാനും പെന്തെക്കോസ്ത് കോൺഫറൻസ് (പിസിനാക്ക്) വഹിക്കുന്ന പങ്ക് വിലയേറിയതാണ്. ഇതാ സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവുമാണ്. 38-ാമത് പിസിഎൻഎകെ കോൺഫറൻസിനും ബിലീവേഴ്സ് ജേണൽ പ്രത്യേകപതിപ്പിനും എല്ലാവിധമായ ആശംസകളും നേരുന്നു.




### റവ. ജോയി എബ്രഹാം

മലങ്കരയുടെ മണ്ണിൽ നിന്ന് അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറിപ്പാർത്ത വിശ്വാസസമൂഹത്തിന്റെ ഐക്യതയുടെയും സ്നേഹത്തിന്റെയും പ്രതീകമാണ് ഇന്നും വിജയകരമായി മുന്നേറുന്ന മലയാളി പെന്തെക്കോസ്തൽ കോൺഫറൻസ്. നാലുപതിറ്റാണ്ടിന്റെ ചരിത്രം പേറുന്ന സമ്മേളനത്തിന് കാലാകാലങ്ങളിൽ ദൈവീക നിയോഗത്തോടെ അനുഗ്രഹീത ദൈവദാസന്മാരുടെ സംഘം നേതൃത്വം നൽകി. 38-ാമത് കോൺഫറൻസിന് പെൻസിൽവേനിയ വേദിയാകുമ്പോൾ മറ്റൊരു ചരിത്രമുഹൂർത്തത്തിന് അമേരിക്കയിലെ വിശ്വാസസമൂഹം സാക്ഷിയാകുകയാണ്. എല്ലാവിധമായ അനുഗ്രഹങ്ങളും സമ്മേളനത്തിലൂടെ ലഭ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു...ആശംസിക്കുന്നു..



### റവ. ചെറിയാൻ സി. ഡാനിയേൽ
**അറ്റ്ലാന്റാ ഐപിസി സീനിയർ പാസ്റ്റർ**

പിസിഎൻഎകെ കേവലം ഒരു സമ്മേളനം എന്നതിനപ്പുറം വലിയൊരു സന്ദേശമാണ് സമൂഹത്തിന് നൽകുന്നത്. വെട്ടുകിളിക്ക് രാജാവില്ലെങ്കിലും അവ അണിയണിയായി സഞ്ചരിക്കുന്നു എന്നതുപോലെ ക്രമീകൃതമായ നിയമാവലികളോ സ്ഥിരമായ സംഘടനാ സംവിധാനങ്ങളോ ഇല്ലാതെതന്നെ 37 കോൺഫറൻസുകൾ വിജയകരമായി അനുഗ്രഹത്തോടെ പൂർത്തീകരിക്കുവാൻ അമേരിക്കയിലെ മലയാളി സമൂഹത്തിന് കഴിഞ്ഞു എന്നത് എടുത്തുപറയേണ്ട വസ്തുത തന്നെയാണ്. 38-ാമത് കോൺഫറൻസും വിജയപ്രദമാകുവാൻ സർവ്വശക്തൻ സഹായിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു.




### റവ. എബ്രഹാം തോമസ്
**സീനിയർ പാസ്റ്റർ സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡ് ഹൂസ്റ്റൺ**

മറക്കാനാവാത്ത ഓർമ്മകളുടെ കലവറ സമ്മാനിച്ചാണ് ഓരോ പെന്തെക്കോസ്തു കോൺഫറൻസും സമാപിക്കുന്നത്. മലങ്കരയുടെ ആത്മീയ പൈതൃകം കെടാതെ സൂക്ഷിക്കുവാൻ ഈ ഏഴാംകടലിനക്കരെ മലയാളി പെന്തെക്കോസ്തു സമൂഹത്തെ സഹായിക്കുന്നതിൽ ഇത്തരം കോൺഫറൻസുകൾ പ്രത്യേകാൽ പെന്തെക്കോസ്തു കോൺഫറൻസ് (പിസിനാക്ക്) വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ആത്മീയ ഉത്സവത്തിന്റെ നാളുകളായി ഈ സമ്മേളനം മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കൂടുതൽ ഊഷ്മളവും ഇഴയടുപ്പവുമുള്ള കൂട്ടായ്മ ബന്ധം നിലനിർത്താൻ ഈ സമ്മേളനം മുഖാന്തിരമാകട്ടെ. സൗത്ത് വെസ്റ്റ് ചർച്ച് ഓഫ് ഗോഡിന്റെ ആശംസകൾ.



### പാസ്റ്റർ ബേബി ജേക്കബ്
**സീനിയർ പാസ്റ്റർ ഐപിസി ആൽബനി ജോർജ്ജിയ**

കോൺഫറൻസുകളിൽ പങ്കെടുക്കുമ്പോൾ ലഭിക്കുന്ന ആത്മീയ സന്തോഷത്തോടൊപ്പം പ്രാധാന്യമുള്ളതാണ് കൂട്ടായ്മയുടെ ഊഷ്മള ബന്ധവും. അമേരിക്കയിലും കാനഡയിലുമായി ചിതറിപ്പാർക്കുന്ന പ്രിയപ്പെട്ടവരെ വീണ്ടും ഒന്നിച്ചു കാണുവാനുള്ള അവസരംകൂടിയാണ് ഇത്തരം കോൺഫറൻസുകൾ. അയൽവാസികളെയും പഴയകാല വിശ്വാസികളെയും സഹപാഠികളെയും കാണുവാനും ഓർമ്മകൾ അയവിറക്കുവാനും ലഭ്യമാകുന്ന അവസരങ്ങൾ സന്തോഷകരമാണ്. ലാങ്കസ്റ്റർ കൗണ്ടിയിൽ നടക്കുന്ന സമ്മേളനം പ്രതീക്ഷ പുലർത്തുന്ന സമ്മേളനമാണ്. അത് അന്വർത്ഥമാകത്തക്ക നിലയിൽ ആത്മീയ അനുഭവത്തിന്റെ ദിനങ്ങളായി ഇത് മാറട്ടെ.



As someone closely associated with PCNAK from the second conference, I am really glad that we are restarting it again this year. It always was the largest gathering of North American Keralite Pentecostals, and will be so in the future. We may belong to different denominations or independent churches. But there is a common identity for the Pentecostal community. What ties us together is our unique Pentecostal heritage, not our denominational tags. May that continue into indefinite future! I am looking forward to being part of the 38th PCNAK Conference in Lancaster, PA. I am grateful for the hard work of the team elected for this year. Let us stand with them. Let us make this restart of our beloved PCNAK after Covid is a tremendous success.

**Rev. Dr. Sunny Philip,New York**
**President IPC Madhyapradesh**

## ഒത്തുചേരലുകൾ ഉത്സവ പ്രതീതി ഉളവാക്കുന്നു



### പാസ്റ്റർ അലക്സ് വെട്ടിക്കൽ, ഒക്കലഹോമ

ഒത്തുചേരലുകൾ മനുഷ്യ സമൂഹത്തിന് സന്തോഷവും സംതൃപ്തിയും ഉളവാക്കുന്നതാണ്. കുടുംബാംഗങ്ങൾ തമ്മിൽ, ഒരുമിച്ച് ആരാധിച്ചവർ, ഒരുമിച്ച് പഠിച്ചവർ, ഒരുമിച്ച് ജോലി ചെയ്തവർ, ബാല്യകാല സുഹൃത്തുക്കൾ ഇങ്ങനെ പോകുന്നു ആ നീണ്ട ലിസ്റ്റ്. ഇങ്ങനെയുള്ള ഒത്തുചേരലുകൾ ഒരു ഉത്സവ പ്രതീതി തന്നെയാണ് മനുഷ്യരിൽ ഉളവാക്കുന്നത്.

മൂന്നുവർഷങ്ങൾക്ക് ശേഷം, വടക്കേ അമേരിക്കയിലുള്ള ദൈവമക്കളും ദൈവദാസന്മാരും സഭാ സംഘടനാ വ്യത്യാസമില്ലാതെ ഒത്തൊരുമിച്ച് സമ്മേളിക്കുവാൻ പോകുന്നത്. അതിനാൽ അതിന്റെ ഊഷ്മളത ചെറുതല്ല എന്ന് നമുക്ക് അനുമാനിക്കാം. എല്ലാവരും ഒരുപോലെ കാത്തിരുന്ന ആ ദിനങ്ങൾ സമാഗതമായിരിക്കുകയാണ്. ആ ദിവസങ്ങൾ കേവലം ഒരു കൂടിക്കാഴ്ചകൾ മാത്രമായി തീരാതെ ആത്മിക അഭിവൃദ്ധി പ്രാപിച്ചു മടങ്ങുവാൻ വരുന്നവർക്ക് എല്ലാവർക്കും ദൈവം ഇടവരുത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം- 'എന്നിൽ വസിപ്പിൻ' വളരെ കാലിക പ്രസക്തി ഉള്ളതാണ്. കർത്താവിനോട് ചേർന്ന് വസിച്ചുകൊണ്ട് കർത്താവിന് ഹിതമായത് മാത്രം പ്രവർത്തിക്കുവാൻ ദൈവമക്കളെ ഉദ്ബോധിപ്പിക്കുന്ന പ്രഭാഷണങ്ങളും പഠന ക്ലാസുകളും ഈ കോൺഫ്രൻസിൽ ഉണ്ടായിരിക്കുമെന്ന് ഉറപ്പായും വിശ്വസിക്കാം. അതിനായി ദൈവം തന്റെ ഭക്തന്മാരെ ഒരുക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

എനിക്ക് വ്യക്തിപരമായി സന്തോഷമുള്ള മറ്റൊരു കാര്യം കൂടിയുണ്ട്. ഈ സമ്മേളനത്തിന്റെ ചുമതലക്കാർ എല്ലാവരും എനിക്ക് ഏറ്റവും അടുപ്പമുള്ളവരാണ്. വിശിഷ്യാ ഇതിൽ രണ്ടുപേർ എന്നോടൊപ്പം 2015ൽ ഒക്കലഹോമയിൽ നടന്ന പതിമൂന്നാമത് ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിൽ ഔദ്യോഗിക ചുമതലകൾ വഹിച്ചവരാണ്. വളരെ ആത്മനിറവും സമർപ്പണ സ്വഭാവമുള്ള ഒരു ടീമാണ് ഈ വർഷത്തെ സമ്മേളനത്തിന് ചുക്കാൻ പിടിക്കുന്നത് എന്നതിൽ അഭിമാനിക്കാൻ വകയുണ്ട്. നിങ്ങളുടെ അധ്വാനം കർത്താവിൽ വൃഥാവല്ല എന്നറിഞ്ഞ് ശക്തിയോടെ മുന്നേറുവാൻ ദൈവം ആത്മശക്തിയും ദൈവിക ജ്ഞാനവും നിങ്ങളുടെ മേൽ പകരട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഞാൻ എന്റെ ഈ കുറിപ്പുകൾക്ക് ഇവിടെ പൂർണ്ണവിരാമം കുറിക്കുന്നു.



Congratulations to the entire team of the upcoming 38th PCNAK in Lancaster! It takes a lot of patience and poise in the Lord to organize such an event, especially to regroup the entire Malayalee Pentecostal community after a global pandemic. But your resolve, like Nehemiah, to rise up and build the Lord's work is worthy of applause and commendation. I'm sure the prayers lifted and the urgency of HIS Word will make this event unforgettable by bringing people together and fostering a sense of community and connection. May it be a joyful and fulfilling experience for all who attend. Looking forward to a great outpouring!

**Rev. Ciby Thomas, Atlanta**

Best Compliments from



PASTOR JAMES PONNOLIL & FAMILY

ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുവാൻ ഓസ്റ്റിനിൽ ഒരിടം!

AUSTIN
WORSHIP CENTER

*Malayalam/English Service*
*Spirit Filled Worship*
*Bible Study*
*Sunday School*
*Anointed Sermon*
*Fasting Prayer*
*Youth Meeting*

SUNDAY SCHOOL: 09:30 - 10:30 a.m

WORSHIP SERVICE: 10:30 - 12:30 p.m

**VISIT US**
BACA CENTER
301 W Bagdad Ave
(Building #2, Grand Room)
Round Rock, TX 78664

**CONTACT US**
Pr. James Ponnolil Abraham
Phone: 863.529.7423
Email: info@austinworshipcenter.org
Website: www.austinworshipcenter.org



# സ്നേഹത്തിന്റെ കരവുമായി അമേരിക്കൻ തെരുവിൽ എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമല

അമേരിക്ക! ഏതു മനുഷ്യന്റെയും സ്വപ്നഭൂമിയാണ്. സൗഭാഗ്യങ്ങളുടെ നാട്! അവിടെ എത്തിപ്പെടുക എന്ന സ്വപ്നത്തിനുടമയായിരുന്നു ലോറൻസും. ഗൾഫിലെ മണലാരണ്യത്തിൽ നിന്നും സ്വപ്നഭൂമിയിൽ ചേക്കേറിയ ലോറൻസിന്റെ കുടുംബം അമേരിക്കയിലെ കണ്ണഞ്ചിപ്പിക്കുന്ന പുറംമോടികളിൽ മയങ്ങിപ്പോയി. മദ്യപാനം കുടുംബത്തിൽ താളപ്പിഴകൾ ഉണ്ടാക്കി. ഒരിക്കലുണ്ടായ അപകടം തന്നെ ജോലി ചെയ്യുവാൻ ശേഷിയില്ലാത്തവനാക്കി. ഒടുവിൽ ഭാര്യ മക്കളെയും കൂട്ടി മറ്റൊരിടം തേടി യാത്രയായപ്പോൾ ലോറൻസ് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു. തന്റെ പേരിൽ ഒരു സ്വത്തുമില്ല. സ്വത്തെല്ലാം മുമ്പേതന്നെ പേരിലാക്കിയിരുന്ന ഭാര്യ മറ്റൊരുവനെ വിവാഹം കഴിച്ചപ്പോൾ ലോറൻസ് സ്വപ്നഭൂമിയിലെ തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. മദ്യവും മയക്കുമരുന്നും ഒഴുകുന്ന അമേരിക്കയുടെ മറ്റൊരു മുഖം. ജയിൽ മോചിതരും കുറ്റവാളികളുമെല്ലാം ഒരു നേരത്തെ ആഹാരത്തിനായും തല ചായ്ക്കാൻ ഒരു ഇടത്തിനായും അലയുന്ന ഇടം. ലോറൻസിന്റെ ജീവിതം താളപ്പിഴകളോടെ ആഴത്തിലേക്കു നിപതിക്കുകയായിരുന്നു. തിരികെ വരുവാൻ കഴിയില്ലെന്ന ചിന്തയിൽ അലഞ്ഞ ലോറൻസിനെ തേടി ഒരു സുവിശേഷകനെത്തി. തെരുവിൽ നാറുന്ന വേഷവുമായി നടന്നവനോട് ക്രിസ്തുസന്ദേശം പ്രവർത്തിയിലൂടെ കാട്ടുന്ന ആ സുവിശേഷകന്റെ സ്നേഹം ലോറൻസിനെ ക്രിസ്തുവിനോടടുപ്പിച്ചു. തകർന്ന ജീവിതം പതിയെ പച്ച പിടിച്ചു. തെരുവിൽ നിന്നും ചെറിയ ഒരു മുറിയിലേക്കു താമസം മാറ്റിയ ലോറൻസ് ജീവിതത്തിലേക്ക് മടങ്ങി വന്നു. നഷ്ടപ്പെട്ടുവെന്ന് കരുതിയ ജീവിതത്തിന്റെ പടവുകളിലേക്ക്.

ബ്ലെയ്ക്ക് എന്ന വെള്ളക്കാരനായ യുവാവ്, ദൈവവചനത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും വില കൊടുക്കുന്ന ഭവനത്തിൽ ജനിച്ചുവളർന്നവനാണ്. പിതാമഹൻ പാസ്റ്ററും പിതാവ് അസ്സോസിയേറ്റ് പാസ്റ്ററുമായിരുന്നു. സഭയിലെ ആരാധനയിൽ സജീവമായിരുന്ന ബ്ലെയ്ക്ക് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു. ക്രിസ്തീയ ശിക്ഷണത്തിൽ വളർത്തപ്പെട്ട ബ്ലെയ്ക്കിന്റെ ജീവിതം വഴിത്തിരിവിലെത്തിയത് തന്റെ കോളജ് പഠനകാലത്താണ്. മാതാപിതാക്കളെ വിട്ട് ഹോസ്റ്റലിലെത്തിയ ബ്ലെയ്ക്ക് ദുഷിച്ച കൂട്ടുകെട്ടിലകപ്പെട്ടു. മദ്യപാനം തുടങ്ങിയ ഈ യൗവനക്കാരൻ മദ്യം വാറ്റിക്കുടിക്കുകയും മയക്കു മരുന്നിനടിമയാകുകയും ചെയ്തു. ആകെ തകർന്ന ജീവിതം കടൽത്തിരയിലകപ്പെട്ട നൗകപോലെ ആടിയുലഞ്ഞു. മയക്കുമരുന്ന് തന്നെ ജയിലിലെത്തിച്ചു. വീട്ടുകാർക്ക് തല വേദനയായി മാറിയ ബ്ലെയ്ക്ക് ഒടുവിൽ ജയിൽ മോചിതനായി തെരുവിലെത്തി. തലചായ്ക്കാനിടമില്ലാതെയും ഒരു നേരത്തെ ആഹാരത്തിനായി വകയില്ലാതെയും അലഞ്ഞ ബ്ലെയ്ക്കിനെ തേടി ആ സന്ദേശം എത്തി. തകർന്നവനെ പണിയുന്ന ക്രിസ്തുസ്നേഹത്തിന്റെ സന്ദേശം. സുബോധം വന്ന ബ്ലെയ്ക്ക് ക്രിസ്തുസ്നേഹത്തിലേക്ക് മടങ്ങിവന്നു. ഇന്നു തെരുവിൽ മയക്കുമരുന്നിനടിമയായവരോട് വിടുവിക്കുന്ന ക്രിസ്തുസ്നേഹത്തെക്കുറിച്ച് പറയുന്നു.

ക്രിമിനൽ പശ്ചാത്തലവും ധാർമ്മികത ലവലേശം പോലുമില്ലാത്ത പശ്ചാത്തലവും മയക്കുമരുന്നും വേശ്യാവൃത്തിയും ഉള്ള കുടുംബത്തിലും ജനിച്ച് മയക്കുമരുന്നിനടിമകളായി ജയിലിലും തെരുവിലും ജീവിച്ചവസാനിക്കുന്ന വലിയ ഒരു കൂട്ടമുണ്ടിവിടെ. അമേരിക്കയിലെ ജീവിതസൗഭാഗ്യത്തിന്റെ പൊൻവെളിച്ചമവിടില്ല. കൊടുംവെയിലും മഞ്ഞും എല്ലാം മാറിമാറി വരുമ്പോൾ ശീതികരിച്ചതും ചൂടുള്ളതുമായ മുറികളും തീൻമേശയിലെ വിഭവസമൃദ്ധിയുമിവർക്കില്ല. ലക്ഷ്യമില്ലാത്ത ജീവിതം. വെള്ളിവെളിച്ചത്തിൽ ജീവിക്കുന്ന പലർക്കും കേട്ടുകേൾവി പോലുമില്ലാത്ത മറ്റൊരു ലോകം. കുളിക്കാതെയും വൃത്തിയുള്ള വസ്ത്രം ധരിക്കാതെയും നാറുന്ന ശരീരവുമായി അടുക്കുവാൻ ആരും അറയ്ക്കുന്ന ഇവരുടെ അടുക്കലേക്ക് വരുവാൻ മലയാളി വിശ്വാസികളോ സഭകളോ പൊതുവെ താൽപ്പര്യപ്പെടാറില്ല. ഇവിടെയാണ് പാസ്റ്റർ സന്തോഷ് പൊടിമല വ്യത്യസ്തനാകുന്നത്. ക്രിസ്തീയ ശുശ്രൂഷ പ്രസംഗപീഠത്തിലല്ല എന്നു വിശ്വസിക്കുന്ന സുവിശേഷകൻ. പാപികളെ തേടി തെരുക്കോണുകളിൽ എത്തിയ ക്രിസ്തുവിന്റെ പാതയിലൂടെ പോകുവാൻ ആഗ്രഹിക്കുകയാണ് ഈ യുവ സുവിശേഷകൻ.

പെന്തെക്കോസ്തിലെ നാലാം തലമുറക്കാരനായ സന്തോഷ്, പൊടിമല മത്തായിച്ചന്റെ കൊച്ചുമകൻ പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ മകനാണ്. മാതാവ് പൊന്നമ്മ കുമ്പനാട് ചെള്ളേത്ത് കുടുംബാംഗം.

1987ൽ സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. ഡെറാഡൂണിൽ വേദപഠനം നടത്തിയ സന്തോഷ് ഉത്തരഭാരതത്തിലെ ഗ്രാമങ്ങളിൽ സുവിശേഷകനായി. ടീമുകളോടൊപ്പവും തനിയെയും സാധാരണക്കാരിൽ സുവിശേഷമെത്തിക്കുക എന്ന ദൗത്യം നിർവ്വഹിച്ച പാസ്റ്റർ സന്തോഷ് ഡൂൺ ബൈബിൾ സ്കൂളിന്റെ വാർഡനായും പ്രവർത്തിച്ചു. 1995-ൽ പിതാവ് അമേരിക്കയിലേക്കു പോന്നപ്പോൾ ഐപിസി അട്ടപ്പാടി സെന്ററിന്റെ ചുമതലയും കുറച്ചുനാൾ വഹിച്ചു. 1996-ൽ തിരുവല്ല വളഞ്ഞവട്ടം പെരുവിഞ്ചൽ കുടുംബാംഗമായ സൂസനെ വിവാഹം കഴിച്ചു. 1997-ൽ ഒക്കലഹോമ ഐ. പി. എ. സഭയുടെ യൂത്ത് പാസ്റ്ററായി അമേരിക്കയിലെത്തി. 8 വർഷം ആ ചുമതലയിൽ തുടർന്ന പാസ്റ്റർ സന്തോഷ് തുടർന്ന് 5 വർഷങ്ങൾ ഡാളസ് ഫെയ്ത്ത് ടാബർനാക്കിൾ ചർച്ച് ഓഫ് ഗോഡിന്റെ സീനിയർ പാസ്റ്ററായി പ്രവർത്തിച്ചു. ദൈവാത്മനിയോഗത്തെതുടർന്ന് 2011-ൽ വിവിധ ഭാഷക്കാരെയും രാജ്യക്കാരെയും ലക്ഷ്യമാക്കി പുതിയ പ്രവർത്തനം ആരംഭിച്ചു. ബെയ്‌ലർ യൂണിവേഴ്സിറ്റി ഹോസ്പിറ്റലിൽ ചാപ്ലയിൻ മാനേജർ എന്ന മാന്യമായ ജോലി ചെയ്യുന്ന പാസ്റ്റർ സന്തോഷിന്റെ ഹൃദയം തെരുവിൽ നശിക്കുന്ന ഭവനരഹിതരായ ആളുകൾക്കായി തുടിച്ചു കൊണ്ടിരുന്നു. ഒടുവിൽ തന്റെ വാനുമായി തെരുവിലെത്തി. തന്റെ വാക്കുകൾ ശ്രദ്ധിച്ചവരെ കൂട്ടിക്കൊണ്ടു വന്ന് കുളിപ്പിച്ച് വൃത്തിയുള്ള വസ്ത്രവും ഭക്ഷണവും നൽകി, ഒപ്പം സുവിശേഷവും. ഭാര്യ സൂസനും മക്കളായ സ്നേഹയും ശേത്തും ഒപ്പം കൂടി. അവർക്കായി പാടി, ഭക്ഷണം നൽകി. ഇവിടെ ഒരു ശുശ്രൂഷ ആരംഭിക്കുകയായിരുന്നു. സേക്രട്ട് ഹാന്റ്സ് ഓഫ് ഹോപ്പ് ഇന്ത്യൻ മിനിസ്ട്രീസ് എന്ന ശമര്യക്കാരന്റെ ശുശ്രൂഷ. തെരുവിൽ മുറിവേറ്റവനെ താങ്ങിയെഴുന്നേൽപ്പിച്ച് രക്ഷയ്ക്ക് വേണ്ടത് നൽകി സുരക്ഷിത സ്ഥലത്തെത്തിക്കുന്ന ശുശ്രൂഷ. വെടിയുണ്ടകൾ കണക്കുതീർക്കുന്നിടമാണ് ഇത്തരം തെരുവുകൾ. മയക്കുമരുന്നും വേശ്യാവൃത്തിയുമാണ് മുഖമുദ്ര. കുളിക്കാതെയും നനയ്ക്കാതെയും തെരുവിലുറങ്ങുന്നവരുടെ അടുക്കൽ എത്തുവാൻ നമ്മുടെ ആളുകൾക്ക് മടിയാണ്. അവിടേക്കാണ് സന്തോഷ് പാസ്റ്റർ എത്തുന്നത്. എല്ലാ വ്യാഴാഴ്ചയും ഹോംലസ്സ് ആളുകൾക്കായി നടത്തുന്ന കൂടിവരവുകളിൽ ശരാശരി 60 ആളുകൾ എത്താറുണ്ട്. രക്ഷിക്കപ്പെടുന്നവരെയും താല്പ്പര്യം പ്രകടിപ്പിക്കുന്നവരെയും മെൻ ഓഫ് നെഹമ്യാവ് എന്ന സംഘടനയുടെ ക്ലാസിലേക്കും ഷെൽറ്ററിലേക്കും എത്തിക്കുന്നു. ആത്മീയ ജീവിതം തുടങ്ങുന്ന ഇവരിൽ മാറ്റം പ്രകടമാകുന്നു. ജീവിതം കരുപ്പിടിപ്പിക്കുവാൻ ചിലരെയെങ്കിലും ഇവർക്ക് സഹായിക്കാനാകുന്നുണ്ട്. സ്വന്തപണവും മറ്റുള്ളവർ നൽകുന്ന സഹായവും ഇവർക്ക് ആഹാരവും മറ്റു ആവശ്യങ്ങളും നിർവ്വഹിപ്പാനുമായി ചെലവഴിക്കുന്നു. ഒരു വർഷത്തിൽ മൂന്നോ, നാലോ തവണ നടത്തുന്ന സേക്രട്ട് ഹാന്റ്സ് ഓഫ് ഔട്ട്റീച്ചിലൂടെ നൂറുകണക്കിനാളുകളെ ഒന്നിച്ചുകൂട്ടി ഭക്ഷണം നൽകുകയും സുവിശേഷം പങ്കിടുകയും ചെയ്യുന്നു. ആദ്യഭാഗത്ത് സൂചിപ്പിച്ച ലോറൻസും ബ്ലെയ്ക്കുമെല്ലാം സന്തോഷ് പൊടിമല എന്ന സുവിശേഷകന്റെ കരം പിടിച്ച് ജീവിതത്തിലേക്കു മടങ്ങി വന്നവരാണ്. സന്തോഷ് പാസ്റ്ററിലൂടെ അവർ അറിഞ്ഞത് ക്രിസ്തുവിനെയാണ്.



പാസ്റ്റർ സന്തോഷ് പൊടിമല കുടുംബത്തോടൊപ്പം



വ്യത്യസ്തമായ ഈ ശുശ്രൂഷയെ ഉൾക്കൊള്ളുവാനും അംഗീകരിപ്പാനും കംഫർട്ട് സോണിൽ മാത്രം ഇരിക്കാനാഗ്രഹിക്കുന്ന മലയാളികൾക്കു ബുദ്ധിമുട്ടുള്ളപ്പോഴും ധാരാളം യുവജനങ്ങൾ ഈ പ്രവർത്തനത്തെ സഹായിപ്പാൻ മുമ്പോട്ടു വരുന്നത് ശുഭോദർക്കമാണ്. അമേരിക്കയിലെ തെരുവോരങ്ങളിൽ മാത്രമല്ല ഭാരതത്തിലും ഫിലിപ്പൈൻസിലും ഈ ശുശ്രൂഷ വ്യാപിച്ചിരിക്കുന്നു. ഇൻഡ്യയിൽ പഞ്ചാബ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ഇന്നു വളർച്ചയുടെ പാതയിലാണ്. നൂറുകണക്കിനാളുകൾ രക്ഷകനെ അറിയുന്നു. തെരുവിൽ നിന്നുള്ള കുഞ്ഞുങ്ങൾക്കായി ഓർഫനേജുകൾ, ബൈബിൾ ട്രെയിനിംഗ് സെന്റർ, തയ്യൽ സ്കൂൾ, ആരാധന ഇവയെല്ലാം ഇതിന്റെ ഭാഗമായി നടക്കുന്നു. ഫിലിപ്പൈൻസിലും ആരുമില്ലാത്തവരും പാവപ്പെട്ടവരുമായ കുട്ടികളുടെ ക്ഷേമത്തിനായി സന്തോഷ് പൊടിമലയുടെ നേതൃത്വത്തിലുള്ള സേക്രട്ട് ഹാന്റ്സ് ഓഫ് ഇന്ത്യൻ മിനിസ്ട്രീസിനു സാധ്യമാകുന്നു.

അമേരിക്കയിലെ സുഖസൗകര്യങ്ങളിൽ ഒതുങ്ങി ആഡംബരജീവിതം നയിക്കുവാൻ സാഹചര്യം ഉണ്ടായിട്ടും തെരുവിൽ അലയുന്നവരെ തേടി സുവിശേഷവുമായി എത്തുന്ന പാസ്റ്റർ സന്തോഷ് പൊടിമലയെ നമ്മുടെ സമൂഹം പ്രോത്സാഹിപ്പിക്കണം. അദ്ദേഹത്തിന്റെ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുവാനും സഹായത്തിന്റെ കരം നീട്ടുവാനും നമുക്കു കഴിയേണം. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാനും സഹകരിക്കുവാനും ആഗ്രഹിക്കുന്നവർക്ക് ഈ പ്രവർത്തനങ്ങൾ നേരിട്ട് കാണുവാനും അവസരമുണ്ട്. തെരുവിൽ നിന്ന് രക്ഷിക്കപ്പെടുന്നവരെ ഞായറാഴ്ച രാവിലെ വാനുമായി ചെന്ന് കൂട്ടിക്കൊണ്ടുവന്ന് ഒന്നിച്ചാരാധിക്കുന്നതിൽ സന്തോഷിക്കുകയാണ് ഈ സുവിശേഷകൻ. ഒരു വ്യക്തിയെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞതിലുള്ള സന്തോഷം. അമേരിക്കയിലായാലും ഇന്ത്യയിലായാലും അത് കറുമ്പനോ വെള്ളക്കാരനോ ഭാരതീയനോ ആയാലും ആത്മാവിന്റെ വില ഒന്നാണല്ലോ.

## കൂടുതൽ വിവരങ്ങൾക്ക്

www.sacredhandsofhope.org സന്ദർശിക്കുക.
Email: sacredhandsofhope@gmail.com
PH: 214 929 3370

## വിലാസം

5013 Lacey Cir
Sachse Texas
75048

# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ്
## ജീവകാരുണ്യ പ്രവർത്തനങ്ങൾ...ക്യാമറ കണ്ണുകളിലൂടെ...


























# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ് ജീവകാരുണ്യ പ്രവർത്തനങ്ങൾ...ക്യാമറ കണ്ണുകളിലൂടെ...




# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് ഇൻഡ്യൻ മിനിസ്ട്രീസ് ജീവകാരുണ്യ പ്രവർത്തനങ്ങൾ...ക്യാമറ കണ്ണുകളിലൂടെ...




























BETHEL
PENTECOSTAL ASSEMBLY
A place to worship God in Spirit and in Truth
Worship Place
2542
Country Club Road
Lucas, TX75002
Church Activities
Bible Class: Sunday 9:30 am to 10:30 am
Worship Service: Sunday 10:30 am to 12:30 pm
Prayer Cell: Tuesday & Friday 7:00 pm
Fasting Prayer: Friday 10 am
Outreach Ministries in Partnership with
Sacred Hands of Hope
INDIAN MINISTRIES
Not to be Served But to Serve
Activities
Ministry Among Homeless
Community Development
Bible College
Orphanage
Rev. Santhosh Podimala
214-929-3370
Post Box No 429, Allen, Texas 75013, USA
sacredhandsofhope@gmail.com
www.sacredhandsofhope.org, www.bpanorthdallas.org
www.facebook.com/sacredhandsofhope
Love Hope Freedom

# പ്രസംഗവേദികളിൽ ദൈവീക നിയോഗത്തോടെ സുവിശേഷക ദമ്പതികൾ



പാസ്റ്റർ സണ്ണി താഴാംപള്ളം

പാസ്റ്റർ സണ്ണി താഴാംപള്ളവും, ഡോ. ജോളി താഴാംപള്ളവും സുവിശേഷവയലിൽ പരിചയപ്പെടുത്തൽ ആവശ്യമില്ലാത്ത ദമ്പതികളാണ്. സുവിശേഷ വേദികളിലും സുവിശേഷവയലുകളിലും സ്ഥിരസാന്നിധ്യം. കർത്താവിന്റെ നിയോഗം തിരിച്ചറിഞ്ഞ് തങ്ങളെത്തന്നെ സമർപ്പിച്ചപ്പോൾ ദൈവകരങ്ങളിൽ ശക്തമായി ഈ കാലഘട്ടത്തിൽ ഉപയോഗപ്പെടുകയാണ് ഇവർ. കേരളത്തിൽ മാത്രമല്ല മറ്റു സംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിലും ക്രിസ്തുവിന്റെ സ്നേഹം എത്തിക്കുവാനുള്ള ഓട്ടത്തിലാണ്. ദൈവം നൽകിയ നന്മകളും സമയവും കർത്താവിനായി പ്രയോജനപ്പെടുത്തുവാനുള്ള തീരുമാനവും സമർപ്പണവും ഇവർ നേതൃത്വവും കൊടുക്കുന്ന ബെഥേസ്ദാ മിനിസ്ട്രീസിനെ വളർച്ചയുടെ പടവുകളിലെത്തിച്ചിരിക്കുന്നു.



പെന്തെക്കോസ്തിലെ മൂന്നാം തലമുറക്കാരനാണ് പാസ്റ്റർ സണ്ണി. തിരുവല്ല താഴാംപള്ളത്ത് ടി. വി, ജോസഫ്- സാറാമ്മ ദമ്പതികളുടെ 7 മക്കളിൽ മൂന്നാമനായി ജനിച്ചു. പ്രീഡിഗ്രി പഠനാനന്തരം താൻ ആരംഭിച്ച സണ്ണീസ് ട്യൂട്ടോറിയൽ കോളജും സണ്ണീസ് ഡ്രൈവിംഗ് സ്കൂളും തിരുവല്ലക്കാർക്കു സുപരിചിത സ്ഥാപനങ്ങളായിരുന്നു. തുടർന്ന് തിരുവല്ല മർത്തോമ്മാ കോളേജിൽ നിന്ന് ബി.എസ്.സി. പഠനം പൂർത്തിയാക്കി. തന്റെ 25-ാം വയസിൽ 1981-ൽ ഹൂസ്റ്റണിൽ എത്തിച്ചേർന്നു. 1985 വരെ ജോലിചെയ്ത താൻ തുടർന്ന് ബിസിനസ് രംഗത്ത് പ്രവേശിച്ചു. ഡ്രൈക്ലീനിംഗ് പ്ലാന്റും ഒരു സ്റ്റോറുമായി ആരംഭിച്ച ബിസിനസ് വളർന്നു. സ്റ്റോറുകളുടെ എണ്ണം അഞ്ച് ആയപ്പോൾ 1998-ൽ ലാഭകരമായി വിൽപ്പന നടത്തി. ഫർണീച്ചർ ഫാക്ടറി ഔട്ട്ലെറ്റ് എന്ന സ്ഥാപനത്തിനു തുടക്കമിട്ടു. 2003-ൽ ഈ സ്ഥാപനം വിൽക്കുകയും ഹോട്ടൽ ബിസിനസ്സിലേക്ക് തിരിയുകയും ചെയ്തു.

1983-ൽ മാവേലിക്കര അറുന്നൂറ്റിമംഗലം സ്വദേശിനിയായ ജോളി ജീവിതസഖിയായി. സുവിശേഷ വേലയ്ക്കായുള്ള ദൈവീക നിയോഗം തിരിച്ചറിഞ്ഞ് ഇവർ 1992-ൽ അതിനായി സമർപ്പിച്ചു. അതിനുമുമ്പു തന്നെ ദൈവീകവേല ചെയ്യുന്നതിൽ ഉത്സുകരായിരുന്ന ഇവർ ലഭിക്കുന്ന അവസരങ്ങൾ അതിനായി ഉപയോഗിച്ചുവന്നു. 1992-ലാണ് തിരുവല്ലയ്ക്കു സമീപമുള്ള വെൺപാല എന്ന ഗ്രാമത്തിൽ ബെഥേസ്ദാ ബൈബിൾ കോളജിന് ആരംഭം കുറിയ്ക്കുന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വേദപാഠശാല ആരംഭിക്കുക എന്നതാണ് തന്റെ ഹൃദയത്തിലെ താല്പര്യവും ദർശനവും. M.Div., M.Th ബിരുദങ്ങൾ നേടിയ റവ. സണ്ണി താഴാംപള്ളം 1998-ൽ ചെന്നൈയിൽ ബൈബിൾ കോളജിന് തുടക്കമിട്ടു. തമിഴ്, ഇംഗ്ലീഷ് മീഡിയത്തിലായി 79 വിദ്യാർത്ഥികൾ പഠനം നടത്തുന്ന ഈ സ്ഥാപനം M.Div. ബിരുദം വരെയുള്ള കോഴ്സുകൾ നടത്തുന്നു. ഉത്തരഭാരതത്തെക്കുറിച്ചുള്ള ആത്മഭാരം ഈ ദമ്പതികളെ ബീഹാറിലെത്തിച്ചു. അവിടെ ആരംഭിച്ച ബെഥേസ്ദാ ബൈബിൾ കോളജിൽ 120 വിദ്യാർത്ഥികൾ വചനപഠനം നടത്തുന്നു. പതിനാലായിരത്തോളം ചതുരശ്ര അടിയിൽ കോടികണക്കിനു രൂപ ചെലവിട്ടാണ് ബൈബിൾ കോളജ് കെട്ടിടം പണി കഴിപ്പിച്ചത്. തിരുവനന്തപുരത്ത് നെയ്യാർ ഡാമിന് സമീപം കള്ളിക്കാട്ട് നടന്നു വരുന്ന ജീവകാരുണ്യ പ്രവർനങ്ങളിൽ പങ്കാളികളാകുവാനും കഴിയുന്നു.

ഭാരതസുവിശേഷ വേലയ്ക്കായും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായും മുടക്കുന്ന പണം ദൈവം നൽകിയ നന്മയിൽ നിന്നുള്ള വിഹിതം മാത്രമാണ്. ഈ ആവശ്യത്തിനായി ആരിൽ നിന്നും ഒരു പണവും സ്വീകരിക്കാറില്ല. ബിസിനസിൽ നിന്നും ജോലിയിൽ നിന്നും ലഭിക്കുന്ന നന്മകൾ ഇത്തരം കാര്യങ്ങൾക്കായി ചെലവഴിക്കുന്നതിൽ കുടുംബാംഗങ്ങളെല്ലാം സന്തുഷ്ടരാണ്.

ബീഹാറിലും തമിഴ്നാട്ടിലുമായി സുവിശേഷവേലക്കാരെ മാസം തോറും സപ്പോർട്ടു ചെയ്തുവരുന്നു. ഇന്ത്യയിലെ വിവിധ സ്റ്റേറ്റുകളിൽ പട്ടണങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുന്ന ഈ ദമ്പതികൾ അതിനായി പല പ്രാവശ്യം ഇന്ത്യയിലേക്കു യാത്ര ചെയ്യുന്നു. തങ്ങളുടെ മിഷണറി യാത്രകളിൽ ദൈവം നൽകിയ തലമുറകളെ 3 പേരെയും കൂടെ കൂട്ടുന്ന ഇവർ ബാല്യം മുതലെ അതിനായി ശ്രദ്ധിച്ചിരുന്നു. പലപ്പോഴും കുഞ്ഞുങ്ങൾ രോഗികളായിട്ടാണ് മടങ്ങിയിരുന്നത്. ഭാരതത്തെക്കുറിച്ച് ആത്മഭാരവും താല്പര്യവും അവരിൽ വളർത്തിയെടുക്കുവാൻ ഇത്തരം യാത്രകൾ കാരണമായി. മക്കളായ ജോയൽ (ലോയർ) - ഭാര്യ ലവിൻ ജോസഫ്, ഡോക്ടർ ജെറമി, ഡോക്ടർ ഡാനി-ഭാര്യ നാൻസി എന്നിവർ മാതാപിതാക്കളുടെ പാതയിൽ മിഷണറി ദൗത്യത്തിനായി സമർപ്പിച്ചിരിക്കുന്നു. ഇളയമകൻ ഡോക്ടർ ഡാനി മിഷണറി ഡോക്ടറായി സേവനം അനുഷ്ഠിക്കുന്നു. സോഷ്യൽ വർക്കിലും പബ്ലിക് ഹെൽത്തിലും മാസ്റ്റേഴ്സ് നേടിയിട്ടുള്ള തന്റെ സഹധർമ്മിണി നാൻസിയും ഈ ദൗത്യത്തിൽ ഒപ്പമുണ്ട്. യുവ പ്രഭാഷകൻ എന്ന നിലയിലും ഡോ. ഡാനി ശ്രദ്ധേയനാണ്.

സുവിശേഷീകരണത്തോടൊപ്പം പ്രാധാന്യത്തോടെ ജീവകാരുണ്യരംഗത്തും സജീവമാണ് ഈ കുടുംബവും ബഥേസ്ദാ മിനിസ്ട്രിയും. 2018-ലെ ജലപ്രളയദുരന്തത്തിൽപ്പെട്ടവർക്കായി കുട്ടനാട്ടിലും പാക്കിലും വെൺപാലയിലുമായി ലക്ഷക്കണക്കിന് രൂപയുടെ സഹായം എത്തിച്ചു. രണ്ടു മക്കളുടെ വിവാഹത്തോടനുബന്ധിച്ച് സാധുക്കളായ 23 പെൺകുട്ടികളുടെ വിവാഹം നടത്തുവാനും 10 വീടുകൾ നൽകുവാനും ഈ കുടുംബത്തിനു കഴിഞ്ഞു. ചികിത്സാ സഹായം, അർഹതയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം ഇവ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ചെയ്തുവരുന്നു. കൂടാതെ കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലുമായി നടന്നുവരുന്ന ജീവികാരുണ്യ പദ്ധതികൾ നടത്തിവരുന്നുണ്ട്. ഒപ്പം സഭാഹാളുകളുടെ നിർമ്മാണത്തിനും സഹായം നൽകിവരുന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൺ വിധവാ സഹായപദ്ധതിയിലും പങ്കാളിയാണ്.

ആരോഗ്യമുള്ള ആത്മീയ കുടുംബം വളർത്തിയെടുക്കുക എന്നതിന് പ്രാധാന്യം നൽകി നടത്തിവരുന്ന ഫാമിലി സെമിനാറുകളിൽ റവ. സണ്ണി താഴാംപള്ളവും ഡോ. ജോളി താഴാംപള്ളവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡ് സഭയുടെ പ്രസിഡന്റ് എന്ന നിലയിലും പ്രാദേശിക തലത്തിലും മാതൃസഭയിലും സജീവമാണ് റവ. സണ്ണി താഴാംപള്ളം.



ഡോ. ജോളി താഴാംപള്ളം

1988-ൽ പാസ്റ്റർ തോമസ് ഫിലിപ്പിന്റെ ക്ഷണം സ്വീകരിച്ചാണ് പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ കോളജിൽ ഡോ. ജോളി താഴാംപള്ളം എത്തുന്നത്. അദ്ദേഹത്തിന്റെ നിർബന്ധത്തിന് വഴങ്ങി കോളജ് ചാപ്പലിലെ ഇംഗ്ലീഷ് സർവ്വീസിൽ പ്രസംഗിച്ചു. എന്നാൽ അത് ദൈവത്തിന്റെ പദ്ധതിയിലേക്കുള്ള ചുവടുവെയ്പായിരുന്നു. അവിടെ ശക്തമായ ആത്മസാന്നിധ്യം പ്രകടമായി. തികച്ചും അനുഗ്രഹകരമായ ശുശ്രൂഷയാക്കി ദൈവം അതിനെ മാറ്റി. യാദൃച്ഛികമെന്നു വിചാരിച്ച് നടത്തിയ ആ പ്രസംഗം 3 പതിറ്റാണ്ടുകൾക്കു ഇപ്പുറം ചെറുതും വലുതുമായ നൂറുക്കണക്കിനു വേദികൾ പിന്നിട്ടിരിക്കുന്നു. ഇന്നു സുവിശേഷവേദിയിലെ സ്ഥിരസാന്നിധ്യമാണ് ഡോ. ജോളി താഴാംപള്ളം. ഉത്തരഭാരതത്തിലും തമിഴ്നാട്ടിലും മലബാറിലും ഗ്രാമങ്ങളിലെ സുവിശേഷവേദികളിൽ മാത്രമല്ല നൂറുകണക്കിനാളുകൾ തടിച്ചുകൂടുന്ന ജനറൽ കൺവൻഷനിലും ആത്മനിറവിൽ വചനപ്രഘോഷണം നടത്തുന്ന ഡോ. ജോളി താഴാംപള്ളം പി.സി.എൻ.എ.കെ., നാക്കോഗ് തുടങ്ങിയ സമ്മേളനങ്ങളിലും കുടുംബമായി ശുശ്രൂഷകൾ നിർവ്വഹിക്കുന്നു. ശുശ്രൂഷകളിൽ ഭൂതബാധിതർ വിടുവിക്കപ്പെടുന്നതും ആത്മശക്തിയുടെ ശക്തിയേറിയ പകർച്ചയിൽ ജനം സ്വാധീനിക്കപ്പെടുന്നതും യുവജനങ്ങൾ മാനസാന്തരത്തിലേക്കും സമർപ്പണത്തിലേക്കു വരുന്നതു കാണുമ്പോൾ ദൈവത്തിന് മഹത്വം കരേറ്റുകയാണ്.

മാവേലിക്കര മലയിൽ പുത്തൻ വീട്ടിൽ എം.ജെ. തോമസ്-മറിയാമ്മ ദമ്പതികളുടെ മകളായി ഒരു ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചു. പ്രീഡിഗ്രി പഠനകാലത്താണ് രക്ഷാനിർണ്ണയം പ്രാപിക്കുന്നത്. മാതാവും താനും മാത്രം പെന്തെക്കോസ്ത് വിശ്വാസത്തിലേക്ക് വന്നപ്പോൾ സ്വന്തഭവനത്തിൽ നിന്നും ഓർത്തഡോക്സ് സഭയിൽ നിന്നും വലിയ പ്രതികൂലങ്ങൾ നേരിടേണ്ടിവന്നു. ദൈവം സ്വപ്നത്തിലൂടെ പാസ്റ്റർ വി. എ. തമ്പിയെ കാണിച്ചു. അദ്ദേഹത്തെ ക്ഷണിച്ചതനുസരിച്ച് അറുനൂറ്റിമംഗലത്തെത്തുകയും ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് സഭാപ്രവർത്തനം ആരംഭിക്കുകയും അദ്ദേഹത്തിന്റെ കൈക്കീഴിൽ വിശ്വാസ സ്നാനം സ്വീകരിക്കുകയും ചെയ്തു. പരിഹാസവും എതിർപ്പുകളും ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് കൂടുതൽ അടുപ്പിച്ചു. ക്രിസ്തുവിനെ പ്രഘോഷിക്കണമെന്നും കൂടുതൽ സ്നേഹിക്കണം എന്നും താല്പര്യം വർദ്ധിച്ചുവന്നു. പി.ഡി.സി. പഠനാനന്തരം പൂനെയിൽ നേഴ്സിംഗ് പഠനം നടത്തി. 1983-ൽ വിവാഹാനന്തരം ഹൂസ്റ്റണിൽ എത്തി എഡ്യൂക്കേഷനിൽ മാസ്റ്റേഴ്സും പി.എച്ച്.ഡിയും നേടിയ ജോളി ഹ്യൂസ്റ്റൺ കമ്മ്യൂണിറ്റി കോളജിൽ നേഴ്സിംഗ് പ്രൊഫസർ ആയി ഔദ്യോഗിക സേവനം ചെയ്യുന്നു. കോളജ് പ്രൊഫസർ എന്നതിനേക്കാൾ സുവിശേഷപ്രസംഗക എന്നറിയപ്പെടുന്നതിൽ സന്തോഷിക്കുകയാണ് ഡോ. ജോളി താഴാംപള്ളം.

# ആശംസ... ആശംസ... ആശംസ...



## ബ്രദർ രാജു പൊന്നോലിൽ

അമേരിക്കയിലെ മലയാളി പെന്തെക്കോസ്തുവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഓരോ പിസിഎൻഎകെ കോൺഫറൻസുകളും ആവേശം പകരുന്നതാണ്. ഇത്ര ചിട്ടയോടും അടുക്കോടുംകൂടി നടക്കുന്ന പൊതു ആത്മീയസമ്മേളനങ്ങൾ ചുരുക്കമാണ്. ഈ കാലഘട്ടത്തിൽ വളരെ പ്രസക്തമാണ് ഇത്തരം കോൺഫറൻസുകൾ. സംഘടനാ വ്യത്യാസങ്ങൾ നിലനിൽക്കുമ്പോൾ തന്നെ ദൈവജനത്തിന് ഒന്നിച്ചു കൂടുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും കഴിയും എന്നതിന്റെ ഉദാഹരണം കൂടിയാണ് പിസിഎൻഎകെ. വിവിധ നിലകളിൽ കോൺഫറൻസുകളിൽ ഭാഗവാക്കുവാൻ കഴിഞ്ഞിട്ടുള്ള എനിക്ക് ഈ കോൺഫറൻസും പ്രതീക്ഷ നൽകുന്നതാണ്. എല്ലാവിധ ആശംസകളും.



## ബ്രദർ സാം വർഗീസ്, ഡാളസ്

മലയാളക്കരയിലെ പെന്തെക്കോസ്തു സമൂഹത്തിന് സാധിക്കാതെ ഇരിക്കുന്നത് അമേരിക്കൻ മലയാളി പെന്തെക്കോസ്തുകാർ സാധ്യമാക്കുകയും നിലനിർത്തുകയും ചെയ്യുന്നതിന് സാക്ഷ്യം വഹിക്കുകയാണ് ഓരോ പിസിനാക്ക് സമ്മേളനങ്ങളും. സ്വർഗ്ഗരാജ്യത്തിന്റെ ചെറിയപ്പതിപ്പുകളായി ഈ ഭൂമിയിൽ സന്തോഷവും സമാധാനവും ഐക്യതയും വെളിപ്പെടുത്തുകയാണ് ഈ കൂടിവരവിലൂടെ. സമ്മേളനത്തിൽ ലഭിക്കുന്ന ആത്മീയ സന്ദേശങ്ങളും അനുഭവങ്ങളും വിശ്വാസജീവിതത്തെ വളരെ സ്വാധീനിക്കുന്നു എന്ന് നിസംശയം പറയാം. സുവിശേഷീകരണത്തിന് ഉത്തേജനം നൽകുന്ന, വിശ്വാസ സമൂഹത്തെ ഒരേ ചരടിൽ കോർത്തിണക്കുന്ന പിസിനാക്ക് സംവിധാനം ഇനിയും കൂടുതൽ അനുഗ്രഹത്തിലേക്ക് നീങ്ങട്ടെ. ആശംസകൾ...പ്രാർത്ഥനകൾ...



## ബ്രദർ എബ്രഹാം തോമസ്

**ഐപിസി സൗത്ത് ഈസ്റ്റ് റീജിയൻ ട്രഷറർ & അറ്റ്ലാന്റ ഐപിസി ചർച്ച് സെക്രട്ടറി**

ലോകമെങ്ങുമുള്ള മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് ആകമാനം അഭിമാനകരമായ സമ്മേളനമാണ് നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്തൽ കോൺഫറൻസ്. അമേരിക്കയിലെ മലയാളി പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ തമ്മിൽ പരസ്പര സഹവർത്തിത്വവും ബഹുമാനവും സ്നേഹവും ഐക്യതയും പുലർത്തുന്നതിൽ പിസിഎൻഎകെ വഹിക്കുന്ന പങ്ക് വളരെ വിലയേറിയതാണ് എന്നത് നിസ്തർക്കമാണ്. ദൈവരാജ്യവ്യാപ്തിക്കായി പുത്തൻ ദർശനത്തോടെ മുന്നേറുവാനും ആത്മീയ അനുഭവങ്ങളിലേക്ക് ജനം നടത്തപ്പെടുവാനും പെൻസിൽവേനിയ സമ്മേളനം മുഖാന്തിരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ പങ്കാളികളെയും സമ്മേളന വിജയത്തിനായി അത്യദ്ധ്വാനം ചെയ്യുന്ന സംഘാടകരെയും സർവ്വശക്തനായ ദൈവം ആശിർവദിക്കുമാറാകട്ടെ.



## മോനി കൊടുന്തറ, ഫ്ളാറിഡ

ദേശദേശാന്തരങ്ങളിലേക്ക് യാത്രചെയ്യുമ്പോഴും തങ്ങൾക്ക് ലഭിച്ച ആത്മീയ അനുഭവങ്ങൾ കൈവിട്ടുകളയാതെ പെന്തെക്കോസ്തിന്റെ തനിമയും ദൈവവചന ഉപദേശവും കാത്തു സൂക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധാലുക്കളാണ് മലയാളി പെന്തെക്കോസ്തുകാർ. തങ്ങൾക്കു ലഭിച്ച സുവിശേഷവെളിച്ചം മറ്റുള്ളവരിലേക്ക് പകരുവാൻ അവർ കാട്ടിയ വ്യഗ്രതയുടെ ഫലമാണ് അമേരിക്കൻ ഐക്യനാടുകളിലെ പെന്തെക്കോസ്ത് സഭകളുടെ വളർച്ചയ്ക്ക് അടിസ്ഥാനം. പരസ്പര സഹകരണവും കൂട്ടായ്മയും മലയാളി പെന്തെക്കോസ്തിന്റെ മുഖമുദ്രയാണ്. കഴിഞ്ഞ കോൺഫറൻസുകളെല്ലാം വിജയത്തിലെത്തുവാൻ കാരണം മലയാളി പെന്തെക്കോസ്തിന്റെ ഈ സവിശേഷതയാണ്. 38-ാമത് കോൺഫറൻസും ഏറ്റവും അനുഗ്രഹമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു...ആശംസിക്കുന്നു...



## ജെയ്സൺ ആര്യപ്പള്ളിൽ, ന്യൂയോർക്ക്

മാനവരാശിയെ അങ്കലാപ്പിൽ ആക്കിയ കോവിഡ് മഹാമാരിക്കുശേഷമുള്ള ആദ്യ പിസിഎൻഎകെ സമ്മേളനം എന്ന നിലയിൽ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിൽ നടക്കുന്ന കോൺഫറൻസ് ഏവരും ആകാംക്ഷാപൂർവ്വം കാത്തിരിക്കുന്നു. ദൈവജനത്തിന്റെ ഐക്യതയുടെയും സ്നേഹത്തിന്റെയും മകുടോദാഹരണമായ പിസിഎൻഎകെ അമേരിക്കൻ ഐക്യനാടുകളിലെ ദൈവജനത്തിന് പകർന്നു നൽകുന്ന ആവേശവും ആത്മീയ ഉത്തേജനവും വളരെ വലുതാണ്. സഭാ-സംഘടനാ വ്യത്യാസമില്ലാതെ തന്നെ ദൈവമക്കൾക്ക് ഒന്നിച്ച് നിൽക്കുവാൻ കഴിയുമെന്നതിന് ഉദാഹരണം കൂടിയാണ് മലയാളി പെന്തെക്കോസ്ത് കോൺഫറൻസ്. കർത്താവിന്റെ വരവോളം ഈ കോൺഫറൻസ് നിലനിൽക്കട്ടെ പ്രാർത്ഥനയോടും ആശംസയോടും...



## ബ്രദർ റ്റിജു തോമസ്

**മിഷൻ ഡയറക്ടർ ഐപിസി മദ്ധ്യപ്രദേശ്**

മലയാളി പെന്തെക്കോസ്ത് കോൺഫറൻസുകൾ വിശേഷിച്ച് പിസിനാക്ക് നൽകുന്ന ആത്മീയ നവീകരണം എടുത്തുപറയേണ്ടതാണ്. അനേക യൗവനക്കാരെ മിഷനറി ദൗത്യത്തിനായി ഒരുക്കിയെടുക്കുന്നതിൽ കോൺഫറൻസ് വഹിക്കുന്ന പങ്ക് വിശേഷാൽ പ്രസ്താവ്യമാണ്. ഓരോ കോൺഫറൻസും ഏറെ ആവേശത്തോടെ കാത്തിരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ആത്മീയ നവീകരണത്തിനു മാത്രമല്ല, കൂട്ടായ്മയുടെ ഊഷ്മള ബന്ധം നിലനിർത്തുന്നതിന് പിസിനാക്ക് കോൺഫറൻസ് സഹായകമാണ് എന്നത് നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു. പെൻസിൽവേനിയ കോൺഫറൻസിന് ഹൃദ്യമായ ആശംസകൾ... പ്രാർത്ഥനകൾ...



അത്യാത്മിക ചരിത്രത്തിൽ നാല് പതിറ്റാണ്ടിന്റെ പടിവാതിക്കൽ എത്തി നിൽക്കുന്ന പിസിഎൻഎകെ യുടെ അടുത്ത അത്മിയ സംഗമത്തിന് പെൻസൽവേനിയ വേദിയാവുകയാണ്. സംഘടന ചട്ടക്കൂട്ടിന്റെ പിൻബലം ഇല്ലാതെ നോർത്തമേരിക്കയിലെ മലയാളി വിശ്വാസ സമൂഹത്തെ ഐക്യതയോടെ നിർത്തുന്ന കോൺഫറൻസിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ക്രാന്തദർശികളായ സ്ഥാപകനേതാക്കളുടെ ലക്ഷ്യങ്ങളിൽനിന്നും വ്യതിചലിക്കാതെ ഈ കൂട്ടായ്മ ഇനിയും നിർവിഘ്നം തുടരേണ്ടതുണ്ട്.

മാതൃരാജ്യത്തെ അശരണരായ അനേകർക്ക് കാരുണ്യത്തിന്റെ കരം നീട്ടുവാൻ പിസിനാക്കിന്റെ മുൻകാല പ്രവർത്തകർക്ക് കഴിഞ്ഞിട്ടുണ്ട് . തുടർന്നും സുവിശേഷീകരണ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പുത്തൻ ദർശനത്തോടെ മുന്നേറാൻ സംഘാടകർക്ക് കഴിയട്ടെ!പെന്തകോസ്തിന്റെ തനിമയും സംസ്കാരവും കൈവിടാതെ യുവജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം നൽകി ശക്തമായി ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

38-ാമത് പി സി എൻ എ കെ ഭാരവാഹികൾക്കും മുന്നണി പ്രവർത്തകർക്കും ഹൃദ്യമായ ആശംസകൾ

**ജയിംസ് ടി ശാമുവേൽ , അറ്റ്ലാന്റ**
**(ചെയർമാൻ , സ്വർഗീയധ്വനി)**



# പി. സി. എൻ. എ. കെ: ദൈവജനത്തിന്റെ ഒത്തൊരുമയുടെ മകുടോദാഹരണം

**നിബു വെള്ളവന്താനം**

അമേരിക്കൻ മലയാളി പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന് മധുര നിറമുള്ള ഓർമ്മകൾ എന്നെന്നും സമ്മാനിക്കുന്ന നോർത്ത് അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിനെ ഫിലദൽഫിയുടെ മണ്ണിൽ വരവേൽക്കാൻ നാം ഒരുങ്ങിക്കഴിഞ്ഞു. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളുട ഈ കൂടി വരവ് ദൈവജനത്തിന്റെ ഒത്തൊരുമയുടെ മകുടോദാഹരണമാണ്.

ജന്മനാട്ടിൽ നിന്നും മാറി താമസിക്കുന്ന മലയാളി പെന്തക്കോസ് സമൂഹത്തിന് ക്രിസ്തീയ കൂട്ടായ്മയുടെ മാധുര്യം നൽകുന്ന അധ്യാത്മിക സംഗമമാണ് പി. സി. എൻ. എ. കെ കോൺഫറൻസ്. നമ്മുടെ പിതാക്കന്മാർ നേതൃത്വം നൽകിവന്ന ഇതുപോലെയുള്ള കോൺഫറൻസുകൾ സഭാ വിഭാഗ വ്യത്യാസം കൂടാതെ പുത്തൻ തലമുറകൾക്ക് കൂടി പ്രയോജനകരമാകുന്ന നിലയിൽ മാതൃകയുള്ള മഹാസമ്മേളനമായി ഇനിയും തുടരട്ടെ!

കാലം അതിന്റെ അന്ത്യ ഘട്ടത്തിലേക്ക് നീങ്ങുന്ന ഈ സമയത്ത് ദൈവവചനം എന്ന ആത്മീയ ആഹാരം ഭക്ഷിച്ച് ദൈവിക തേജസ് നഷ്ടപ്പെടുത്താതെ ദൈവത്തെ നന്ദിയോടെ ആരാധിച്ച്, പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തോടെ മടങ്ങി പോകുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഇടയാക്കട്ടെ. ജീവന്റെ ഉറവിടമായ ക്രിസ്തുവിങ്കിലേക്ക് എത്തപ്പെടുന്ന വചനങ്ങൾക്കായി നമുക്ക് കാതോർക്കാം. നാം പ്രാർത്ഥിച്ച വിഷയങ്ങളിൽ ദൈവം വിടുതൽ നൽകിയതിനെ ഓർത്ത് നന്ദി പറയുന്ന അവസരങ്ങളായിത്തീരട്ടെ ഈ ആത്മീയ സംഗമം.

കോൺഫറൻസിനായി വിപുലവും വിശാലവുമായ ക്രമീകരണങ്ങൾ ഒരുക്കുകയും വ്യത്യസ്ത സഭകളിലെ ശുശ്രൂഷകന്മാർക്കും വിശ്വാസികൾക്കും ഒരുമിച്ച് വേദി പങ്കിടുവാൻ അവസരം നൽകുകയും ചെയ്യുന്ന നാഷണൽ – ലോക്കൽ ഭാരവാഹികളെ അനുമോദിക്കുകയും നന്മകളും അനുഗ്രഹങ്ങളും നിങ്ങൾക്കേവർക്കും ആശംസിക്കുകയും ചെയ്യുന്നു. ആത്മീയ ഉണർവിന്റെ ദിനരാത്രങ്ങൾക്കായി നമ്മുക്ക് ഒരുങ്ങാം കാത്തിരിക്കാം

# ആശംസ... ആശംസ... ആശംസ...



ഇന്നത്തെ ചെറിയ കൂടിവരവുകൾ നാളത്തെ ചരിത്രമാണ്. പെന്തെകോസ്തിന്റെ തുടക്കവും അങ്ങനെയായിരുന്നു. 120 പേരുടെ കൂട്ടായ്മ പിന്നീട് 3000 ആയി. പിന്നിടതു ലോകമെമ്പാടുമായി. അങ്ങനെ മലയാളക്കരയിലും ചെറി തായിത്തുടങ്ങിയതാണ് ലോകത്താകമാനമായത്.

ഇങ്ങനെയൊരു തുടക്കമാണ് പി.സി.എൻ.എ.കെയ്ക്കു വഴിയൊരുക്കിയതും പിന്നീടതു ചരിത്രത്തിലിടം നേടിയ മഹാ പെന്തെക്കോസ്തു സമ്മേളനം ആയതും. പിസിഎൻഎകെ അമേരിക്കൻ മലയാളി പെന്തെക്കോസ്തിന്റെ അഭിമാനമാണ്.

2019 -ൽ മയാമിയിൽ നടന്ന പിസിഎൻഎകെ കോൺഫറൻസ് അനുഗ്രഹമായി നടത്തുവാൻ ദൈവം കൃപ ചെയ്തു. ആ കോൺഫ്രൻസിന്റെ നാഷണൽ കൺവീനറാകാൻ ദൈവം എനിക്ക് അവസരം നല്കി.

കോവിഡിന്റെ പ്രതിസന്ധി മൂലം ചില വർഷങ്ങൾ കോൺഫറൻസ് നടക്കാതെയിരുന്നെന്തിലും ഫിലെ ദെൽഫിയായിൽ വെച്ച് 2023 - ൽ നടക്കുന്നുവെന്നറിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. ദുരന്തകാലത്തിനു ശേഷം ഒത്തുകൂടുന്ന ഒരു ആത്മീ യ ആഘോഷമായും ഉണർവിന്റെ തുടക്കമായും

38-ാമത് കോൺഫറൻസ് മറ്റു വർഷങ്ങളെക്കാളും ഏറ്റവും അനുഗ്രഹമാവട്ടെയെന്നും ആശംസിക്കുന്നു. നല്ല അനുഭവ സമ്പത്തുള്ള ഭാരവാഹികളാണ് ഈ പ്രാവശ്യത്തെ കോൺഫറൻസിനു നേതൃത്വം നല്കുന്നത്.

വിശ്വാസി സമൂഹത്തിന്റെ ഒന്നിച്ചുള്ള കൂട്ടായ്മയുടെ മാധുര്യം ചോർന്നു പോകാതെ അനുദിനം വളർന്നു വരുവാൻ സർവ്വശക്തൻ സഹായിക്കട്ടെ.

ലോകോത്തര ആത്മീയ സംഗമമായി പിസിഎൻ എകെ നിലനില്ക്കാൻ ഒട്ടേറെ പേരുടെ കഠിനാദ്ധ്വാനവും സമ്പത്തും ചെലവഴിച്ചിട്ടുണ്ട്. മൺമറഞ്ഞ ദൈവദാസന്മാരുടെയും കഠിനാദ്ധ്വാനം അവഗണിക്കാനാവില്ല.

ആത്മനിറവിലുള്ള വചന ശുശ്രൂഷയും ചിട്ടയോടും അച്ചടക്കത്തോടുമുള്ള ഈ ആത്മീയ കൂട്ടായ്മ ലോകമെമ്പാടും പുതിയ സഭകൾ ഉടലെടുക്കുവാനുള്ള കാഹള ധ്വനിയാകട്ടെ യെന്നും പ്രാർത്ഥിക്കുന്നു. എല്ലാ വിധ വിജയാശംസകളും നേരുന്നു.

എന്ന്

**പാസ്റ്റർ കെ. സി. ജോൺ, ഫ്ളോറിഡ**

(പ്രസിഡന്റ്, ഐപിസി നോർത്ത് അമേരിക്കൻ സൗത്ത് ഈസ്റ്റ് റീജിയൻ, 2019 ലെ പിസിഎൻഎകെ (മയാമി ) കോൺഫറൻസ് കൺവീനർ)



**റവ. മാത്യു കെ. ഫിലിപ്പ്**

**ലീഡ് പാസ്റ്റർ ഹൂസ്റ്റൺ ചർച്ച് ഓഫ് ഗോഡ്**

അമേരിക്കൻ ഐക്യനാടുകളിലെ പെന്തെക്കോസ്ത് സഭകളെയും ശുശ്രൂഷകരെയും വിശ്വാസികളെയും ഐക്യതയുടെയും സ്നേഹത്തിന്റെയും ചരടിൽ കോർത്തിണക്കുന്നതിൽ മലയാളി പെന്തെക്കോസ്ത് കോൺഫറൻസിനുള്ള പങ്ക് എടുത്ത് പറയേണ്ടതാണ്. ഓരോ കോൺഫറൻസും അനിർവചനീയമായ ആത്മീയ അനുഭവങ്ങളാണ് പങ്കെടുക്കുന്നവർക്ക് സമ്മാനിക്കുന്നത്. പെൻസിൽവേനിയ കോൺഫറൻസും അത്തരത്തിൽ അനുഗ്രഹിക്കപ്പെട്ടതായി മാറട്ടെ എന്ന് പ്രാർത്ഥിക്കുന്നു.




**സാം മാത്യു, ഡാളസ്**

അമേരിക്കൻ ഐക്യനാടുകളിലെ മലയാളി പെന്തെക്കോസ്തുകാർക്ക് വിശേഷാൽ യുവജനങ്ങൾക്ക് എന്നും ആവേശമാണ് പിസിഎൻഎകെ സമ്മേളനങ്ങൾ. യുവജനങ്ങളെ സമർപ്പണത്തിലേക്ക് നയിക്കുന്നതിനും സുവിശേഷകരായി ഒരുക്കിയെടുക്കുന്നതിനും ഓരോ സമ്മേളനവും ഒരു വലിയ അളവുവരെ പങ്കുവഹിച്ചിട്ടുണ്ട്. മലയാളി പെന്തെക്കോസ്ത് തനിമ നിലനിർത്തുന്നതിനും കോൺഫറൻസ് മുഖാന്തിരമാകുന്നു എന്നത് സന്തോഷകരമായ വസ്തുതയാണ്. എല്ലാ സംഘാടകരെയും സർവ്വശക്തൻ അനുഗ്രഹിക്കുമാറാകട്ടെ.



**എബിൻ വർഗീസ്, ഡാളസ്**

വെട്ടുകിളിക്ക് രാജാവില്ലെങ്കിലും അവ അണിയണിയായി സഞ്ചരിക്കുന്നു എന്ന ബൈബിൾ വചനം അന്വർത്ഥമാക്കുന്ന നിലയിലാണ് നാല് പതിറ്റാണ്ടുകളോളം എത്തിനിൽക്കുന്ന മലയാളി പെന്തെക്കോസ്ത് കോൺഫറൻസ്. ഐക്യതയുടെ കാഹളം മുഴക്കുന്ന കോൺഫറൻസ് നൽകുന്ന സന്ദേശം ഓരോ സഭകൾക്കും ഉത്തേജനമായി ഭവിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥന. പ്രതീക്ഷകൾപോലെ ആത്മീയാനുഭവങ്ങളുടെ കലവറയിൽ നിന്ന് തൃപ്തരായി മടങ്ങുവാൻ പെൻസിൽവേനിയ സമ്മേളനത്തിൽ എത്തുന്ന എല്ലാവരെയും സർവ്വകൃപാലുവായ ദൈവം സഹായിക്കട്ടെ.



Congratulations to the organizers of the 38th PCNAK conference! Organizing a conference takes a lot of effort, dedication, and attention to detail. Your hard work and commitment to creating a meaningful and impactful conference for Malayalee community are truly commendable. May the conference be a great success, bringing together attendees for fellowship, inspiration, and spiritual growth. Thank you for your dedication to serving others through this conference.

**Biju Thomas,** Dallas



## ഒത്തുചേരലിന്റെ ഊഷ്മളത അനുഭവിക്കുന്ന ആത്മീയ സംഗമം

**വെസ്ലി മാത്യു, ഡാളസ്**

പി സിഎൻഎകെ കോൺഫറൻസുകൾ എക്കാലവും സമ്മാനിക്കുന്നത് ദീപ്തമായ ഓർമ്മകളും അനുഭവങ്ങളും ആണ്. അമേരിക്കയിലെ പ്രവാസികളായ മലയാളി പെന്തക്കോസ്ത് വിശ്വാസികളെ സംബന്ധിച്ചിടത്തോളം കോൺഫ്രൻസ് എന്നും ഒരു വികാരമാണ്. സഭാ വിഭാഗങ്ങളുടെ അതിർവരമ്പുകൾ ഇല്ലാതെ, ദൈവമക്കളുടെ ഒത്തുചേരലിന്റെ ഊഷ്മളത അനുഭവിക്കുന്ന അനുഗ്രഹത്തിന്റെ നാളുകളാണ് കോൺഫ്രൻസ് കാലഘട്ടം.

യേശു പഠിപ്പിച്ച സാർവ്വത്രിക സ്നേഹത്തിന്റെ പ്രതിഫലനമാണ് നാല് പതിറ്റാണ്ടോളമായി അനസ്യൂതം തുടരുന്ന കോൺഫറൻസ്. നമ്മുടെ മാതാപിതാക്കൾ, സഹോദരങ്ങൾ, മക്കൾ തുടങ്ങിയവർ എല്ലാവരും ഒരേ വേദിയിൽ ഒത്തുചേരുന്നത് ആഹ്ലാദത്തിന്റെ നിമിഷങ്ങളാണ് സമ്മാനിക്കുന്നത്. 'നിങ്ങളുടെ പരസ്പര സ്നേഹം കണ്ടിട്ട് നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് ലോകം അറിയട്ടെ' എന്ന ദൈവവചനം അക്ഷരാർത്ഥത്തിൽ അന്വർത്ഥമാക്കുന്ന നിലയിൽ നമ്മുടെ കോൺഫറൻസുകൾ തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കോൺഫറൻസിൽ മുഖ്യപ്രഭാഷകരായി പങ്കെടുക്കുന്ന ദൈവദാസന്മാരിൽ നിന്നും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി പ്രോത്സാഹനം നൽകുന്ന വചനങ്ങൾ മുഴങ്ങട്ടെ! അഹോരാത്രം കോൺഫറൻസിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിക്കുന്ന എല്ലാ ഭാരവാഹികൾക്കും ആശംസ.



**അലക്സ് നൈനാൻ, ഡാളസ്**

ഏറെ പ്രതീക്ഷ ഉണർത്തുന്ന ഒരു സമ്മേളനമാണ് പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ കൗണ്ടിയിൽ നടക്കുന്ന 38-ാമത് പിസിഎൻഎകെ സമ്മേളനം നാല് പതിറ്റാണ്ടിന്റെ ചരിത്രംപേറുന്ന പിസിഎൻഎകെ സമൂഹത്തിനും സഭയ്ക്കും നൽകുന്ന ഐക്യതയുടെ സന്ദേശം കാലിക പ്രസക്തമാണ്. തുടർന്നും ശക്തിയോടെ മുന്നേറുവാനും എല്ലാവരെയും ഒരു കുടക്കീഴിൽ അണിനിരത്തിമുമ്പോട്ട് കുതിക്കുവാനും സർവ്വശക്തൻ കരുണ ചെയ്യട്ടെ. എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.



**ജോബിൻ ജോൺസൺ, ഹൂസ്റ്റൺ**

ലോകജനതയെ പിടിച്ചുകുലുക്കിയ കോവിഡ് മഹാമാരിക്ക് ശേഷം അമേരിക്കൻ മലയാളി പെന്തെക്കോസ്ത് സമൂഹത്തിന് പ്രതീക്ഷയുടെ പുലരി വെളിച്ചം പകരുന്നതാണ് ജൂൺ 29 മുതൽ ജൂലൈ 1 വരെ ഫിലാഡൽഫിയയിൽ നടക്കുവാൻ പോകുന്ന 38-ാമത് പിസിഎൻഎകെ. സൗഹൃദവും ആത്മീയ സന്തോഷവും പങ്കിടുവാൻ ലഭിക്കുന്ന ഈ കോൺഫറൻസ് ഏറെ പ്രതീക്ഷാപൂർവ്വം എല്ലാവരും കാത്തിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. പ്രതീക്ഷകൾ സഫലമണിയത്തക്കനിലയിൽ സമ്മേളനം ആത്മീയവിരുന്നിന്റെ നാളുകളാകട്ടെ.



**ബിനോയ് സാമുവേൽ ആര്യപ്പള്ളിൽ, ഡാളസ്**

നമ്മുടെ പൂർവ്വപിതാക്കന്മാരുടെ സഹനത്തിന്റെയും ത്യാഗത്തിന്റെയും ഫലമാണ് മലയാളി പെന്തെക്കോസ്ത് സമൂഹത്തിന്റെ വളർച്ചയും അനുഗ്രഹങ്ങളും. മലങ്കരയുടെ മണ്ണിൽ നിന്നും അമേരിക്കൻ മണ്ണിലേക്ക് പറിച്ചു നടപ്പെട്ടവർ തങ്ങളുടെ ആത്മീയ പൈതൃകം കാത്തുസൂക്ഷിച്ചതിന്റെ ഫലമാണ് ഈ രാജ്യത്ത് മലയാളി പെന്തെക്കോസ്ത് സഭകൾ വളർന്ന് പന്തലിക്കുവാൻ മുഖാന്തിരമായത്. കഴിഞ്ഞ നാലുപതിറ്റാണ്ടുകൾ ഈ സന്ദേശം ഉയർത്തിപിടിക്കുവാൻ പിസിഎൻഎകെ വഹിച്ച പങ്ക് വലിയതാണ്. സമ്മേളനത്തിന് എല്ലാ പ്രാർത്ഥനകളും ആശംസകളും.

CENTURY 21
ROYAL

SCARSDALE, NEW YORK

We aim to provide our clients what they are looking for in a Real Estate experience.

We have been providing outstanding service in residential and commercial Real Estate for past 29+ years.



GEORGE JOHN
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com



STANLEY MATHEW
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

**We still believe in personal service to all our customers who rely on our dedication, trust and integrity**



Follow us on:



www.royalfinehomes.com
www.century21royal.com

Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700



പാസ്റ്റർ കുര്യൻ തോമസ്



ബഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരി

# സുവിശേഷ ദർശനവുമായി ബഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിയും പാസ്റ്റർ കുര്യൻ തോമസും

തിരുവല്ല താഴാംപള്ളത്ത് പാസ്റ്റർ റ്റി. റ്റി. തോമസ് സുവിശേഷവേലയ്ക്കായി സമർപ്പിക്കപ്പെട്ട് വചനപഠന ശേഷം ആദ്യമായി എത്തുന്നത് നീരേറ്റുപുറത്താണ്. അവിടെ സഭാപ്രവർത്തനത്തിന് ആരംഭം കുറിച്ച അദ്ദേഹവും സഹധർമ്മിണി സാറാമ്മയും പ്രേക്ഷിത വേലയിൽ പൂർണസമയ പ്രവർത്തകരായി വിവിധ ദേശങ്ങളിൽ പ്രവർത്തിച്ചു. കഷ്ടതയുടെയും പ്രതിസന്ധികളുടെയും നടുവിൽ തളരാതെ പോരാടിയ ആ ക്രിസ്തു ഭക്തർ അനേകരെ ക്രിസ്തുവിനായി നേടുകയും സഭകൾക്ക് ആരംഭം കുറിക്കുകയും ചെയ്തു. ഇടയശുശ്രൂഷയിലൂടെ ദീർഘവർഷങ്ങൾ അനേക സുവിശേഷകരെ വാർത്തെടുത്തു, അശരണർക്കാശ്വാസമായി. ഐ.പി.സി. എന്ന പ്രസ്ഥാനത്തിൽ ത്യാഗപരമായ ശുശ്രൂഷയിലൂടെ ബഹുമാനം പിടിച്ചുവാങ്ങിയ പാസ്റ്റർ റ്റി. റ്റി. തോമസ് താൻ ശുശ്രൂഷകനായിരുന്ന സഭകളെ വളർച്ചയുടെ പടവുകളിലെത്തിക്കുന്നതിലും പങ്കു വഹിച്ചു. കീക്കൊഴൂർ, മല്ലപ്പള്ളി, വലിയകാവ്, റാന്നി ഹെബ്രോൺ, റാന്നി വൈക്കം, തോന്നിയാമല എന്നീ സഭകളുടെ ശുശ്രൂഷകനായിരുന്ന ശേഷമാണ് 1980-ൽ റാന്നിക്കു സമീപം മന്ദമരുതിയിൽ ഐ.പി.സി. സഭയ്ക്ക് തുടക്കം കുറിക്കുന്നത്. ജന്മംകൊണ്ട് തിരുവല്ല സ്വദേശിയായ പാസ്റ്റർ റ്റി. റ്റി. തോമസ് താഴാംപള്ളം കർമ്മം കൊണ്ട് മന്ദമരുതി സ്വദേശിയായി മാറി. തന്റെ പ്രവർത്തനശൈലികൊണ്ട് അയൽവാസികൾക്കും ദേശനിവാസികൾക്കും പ്രിയങ്കരനായി. ഐ.പി.സി. സഭയുടെ ആരംഭംകുറിച്ച് അതിനെ വളർച്ചയുടെ പടവുകളിലെത്തിക്കാൻ തന്റെ ശുശ്രൂഷാകാലയളവിൽ തനിക്കിടയായി. നാട്ടുകാരുമായി ഹൃദ്യമായ ബന്ധം പുലർത്തുവാൻ കഴിഞ്ഞ അദ്ദേഹവും സഹധർമ്മിണിയും കാലക്രമേണ താഴാംപള്ളത്തെ അപ്പച്ചനും അമ്മച്ചിയുമായി മാറി. അശരണർക്ക് ആശ്വാസമായും കരയുന്നവർക്ക് കണ്ണീർ ഒപ്പുന്ന കരുണയുള്ള കരമായും ആവശ്യത്തിലിരിക്കുന്നവർക്ക് ഭാരം ഇറക്കി വെക്കാൻ കഴിയുന്ന അത്താണിയായും മന്ദമരുതി നിവാസികൾക്ക് ഈ സുവിശേഷക ദമ്പതികൾ പ്രിയങ്കരരായിരുന്നു. 1991-ൽ ന്യൂയോർക്കിലേക്കു പോകുന്നതുവരെയും മന്ദമരുതി എന്ന ഗ്രാമത്തിലെ നിറസാന്നിധ്യമായിരുന്നു ഈ കുടുംബം. തന്റെ ഓട്ടം ചന്തമായി ഓടി അവസാനിപ്പിച്ച് നിത്യവിശ്രാമത്തിനായി നാഥന്റെ സന്നിധിയിൽ താൻ എത്തിച്ചേർന്നു. താഴാംപള്ളത്ത് അമ്മച്ചി എന്നറിയപ്പെടുന്ന സാറാമ്മയും വാർദ്ധക്യത്തിന്റെ ക്ഷീണം വകവെക്കാതെ ദേശത്തിനുവേണ്ടിയും തങ്ങൾ പരിചയപ്പെട്ടവർക്കുവേണ്ടിയും പ്രാർത്ഥനയിൽ ജാഗരിക്കുന്നു. ഈ ദമ്പതികൾക്കു ദൈവം ദാനമായി നൽകിയ നാലുമക്കളിൽ രണ്ടാമനാണ് പാസ്റ്റർ കുര്യൻ തോമസ്. വളർച്ചയുടെ പടവുകൾ പിന്നിടുന്ന ബെഥേൽ ഇന്റർനാഷണൽ സെമിനാരിയുടെ സ്ഥാപകനും ഡയറക്ടറും ന്യൂയോർക്കിലെ ബെഥേൽ ഇന്റർനാഷണൽ ചർച്ചിന്റെ സീനിയർ പാസ്റ്ററുമാണ്



പാസ്റ്റർ റ്റി. റ്റി. തോമസും സഹധർമ്മിണി സാറാമ്മയും



മാതാപിതാക്കളോടൊപ്പം പാഴ്സനേജുകളിൽ ജീവിക്കുകയും ചിട്ടയായ ആത്മീയ ശിക്ഷണത്തിൽ വളരുകയും ചെയ്തത് ബാല്യത്തിൽ തന്നെ ആത്മീയ അനുഭവങ്ങൾ തനിക്ക് ലഭിക്കുവാൻ കാരണമായി. ചെറിയ പ്രായത്തിൽ തന്നെ രക്ഷാനിർണയം പ്രാപിച്ച താൻ സുവിശേഷവേലയ്ക്കായി തന്നെ സമർപ്പിച്ചു. പിതാവിനൊപ്പം ആത്മീയാരാധനകളിൽ സജീവമായിരുന്ന തനിക്ക് 17-ാം വയസിൽ അമേരിക്കൻ ഐക്യനാടുകളിൽ വചനപഠനത്തിനായി എത്തുവാൻ അവസരം ലഭിച്ചു. ന്യൂയോർക്കിലെ ലോംഗ് ഐലണ്ട് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നാലുവർഷം വേദപഠനം നടത്തി. അനന്തരം 1976-ൽ ഡാളസിലെ ഗിൽഫർഡ് അവന്യൂ ചർച്ച് എന്ന വെള്ളക്കാരുടെ സഭയിൽ ഒരു വർഷം സഹശുശ്രൂഷകനായി പ്രവർത്തിപ്പാനും അവസരം ലഭിച്ചു. അതിനുശേഷം വീണ്ടും ന്യൂയോർക്കിൽ എത്തിയ പാസ്റ്റർ കുര്യൻ തോമസ് മറ്റു രണ്ടുപേരുടെ കൂടെ ബ്രോങ്ക്സ് ഫുൾ ഗോസ്പൽ അസംബ്ലിക്ക് ആരംഭമിട്ടു. തുടർന്നുള്ള 15 വർഷം അവിടെത്തന്നെ തുടർന്നു.

1990-ലാണ് ന്യൂയോർക്ക് ബെഥേൽ ഇന്റർനാഷണൽ ചർച്ചിന് ആരംഭമിടുന്നത്. 1991-ൽ രജിസ്റ്റർ ചെയ്ത സഭയുടെ സീനിയർ പാസ്റ്ററായി പാസ്റ്റർ റ്റി. റ്റി. തോമസ് ചുമതലയേറ്റു. പിതാവിനോടൊപ്പം സഹശുശ്രൂഷകനായി പ്രവർത്തിച്ചുവരവെയാണ് പിതാവിന്റെ കർമ്മഭൂമികൂടിയായ മന്ദമരുതിയിലെ കുടുംബവീടിനോട് ചേർന്ന് 2004-ൽ ബെഥേൽ ഇന്റർനാഷണൽ തിയോളജിക്കൽ സെമിനാരിക്ക് തുടക്കമിടുന്നത്. ദൈവം നൽകിയ ദർശനത്തിന്റെയും ദീർഘവർഷങ്ങളിലെ പ്രാർത്ഥനയുടെയും പൂർത്തീകരണമായിരുന്നു അത്. 1971-ൽ വേദപഠനത്തിനായി ന്യൂയോർക്കിൽ എത്തിയ കാലം മുതലുള്ള പ്രാർത്ഥനയാണ് ഭാരതത്തിൽ സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളിത്വം വഹിക്കണം എന്നത്. കൊയ്ത്ത് വളരെയുണ്ട് വേലക്കാരോ ചുരുക്കം എന്ന വചനത്തിന്റെ അർത്ഥം ഗ്രഹിച്ച് സുവിശേഷവയലിലേക്ക് വേലക്കാരെ ഒരുക്കുക എന്ന ദൗത്യത്തിൽ മുന്നേറുകയാണ് ഈ വേദപാഠശാല. രണ്ടു പതിറ്റാണ്ടുകളിലായി നൂറുകണക്കിന് സുവിശേഷകരെ വാർത്തെടുക്കുവാൻ ബഥേൽ ഇന്റർനാഷണൽ സെമിനാരിക്കു കഴിഞ്ഞു. B.Th മലയാളം മീഡിയം & ഇംഗ്ലീഷ് മീഡിയം, M.Div കോഴ്സുകൾ ഉള്ള ഈ സ്ഥാപനം ഐ.പി.സി. ജനറൽ കൗൺസിലിന്റെയും IATA യുടെയും അംഗീകാരം ഉള്ള ശ്രദ്ധേയമായ സ്ഥാപനമാണ്. അനുഭവസമ്പന്നരായ അദ്ധ്യാപകരുടെ ശിക്ഷണം, മികച്ച ലൈബ്രറി, നല്ല കെട്ടിടങ്ങൾ, ക്യാമ്പസ്, ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ ഇവയെല്ലാം ഈ സ്ഥാപനത്തെ മികവുറ്റതും വേറിട്ടതുമാക്കുന്നു.

ഐ.പി.സി. കേരളാ സ്റ്റേറ്റിന്റെ അംഗീകാരത്തോടെ ഉടുമ്പൻചോല ഏരിയയുടെ ചുമതല വഹിക്കുന്ന പാസ്റ്റർ കുര്യൻ തോമസിന്റെ പ്രവർത്തനഫലമായി ഇവിടെ അനേക പുതിയ പ്രവർത്തനങ്ങൾ ഉടലെടുക്കുവാൻ ഇടയായി. തനിക്കു ദൈവം നൽകിയ സമയവും നന്മകളും കഴിവുമൊക്കെ ദൈവരാജ്യ വ്യാപ്തിക്കായി പ്രയോജനപ്പെടുത്തുന്ന പാസ്റ്റർ കുര്യൻ തോമസിന് പിന്തുണയുമായി തന്റെ കുടുംബവും സഹോദരങ്ങളും സഭയും ഒപ്പമുണ്ട്.

കുഴിക്കാല ചാമക്കാലായിൽ പാസ്റ്റർ കോശി ചെറിയാന്റെയും റേച്ചൽ ചെറിയാന്റെയും മകൾ മോളി കുര്യനാണ് സഹധർമ്മിണി. മക്കളായ ആൻസി-സ്റ്റീവി തോമസ്, ആഷ്ലി-അനിൽ തോമസ് എന്നിവരും എല്ലാവിധ പിന്തുണയുമായി പാസ്റ്റർ കുര്യൻ തോമസിന്റെ ദർശനത്തിനൊപ്പം സജീവ സാന്നിധ്യമാണ്.

സഹോദരന്മാരായ തോമസ് വർഗീസ്, ജോൺ തോമസ്, വിത്സൻ തോമസ് എന്നിവരും അവരുടെ കുടുംബങ്ങളും ന്യൂയോർക്ക് ബെഥേൽ ഇന്റർനാഷണൽ ചർച്ച് കുടുംബവും ഈ പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നു. ദർശനത്തിനനുസൃതമായ സമർപ്പണമാണ് ഈ ശുശ്രൂഷകളുടെ വിജയമെന്ന് പാസ്റ്റർ കുര്യൻ തോമസ് കരുതുന്നു. മാതാപിതാക്കൾ പകർന്നു നൽകിയ ആത്മീയ ശിക്ഷണവും ശുശ്രൂഷയിൽ വിജയത്തിനാധാരമെന്ന് കരുതുന്ന ഈ ദൈവഭൃത്യൻ ക്രിസ്തു നടത്തിയ വഴികളെ ഓർത്ത് ദൈവനാമത്തിന് മഹത്വം കരേറ്റുകയും തുടർപ്രവർത്തനത്തിനായി ദൈവകരങ്ങളിൽ സമർപ്പിക്കുകയും ചെയ്യുന്നു.

**കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും**

Bethel International Theological Seminary
Makkapuzha P.O., Ranni, Pathanamthitta - 689676
Phone: 04735 262569
Jesson Thomas (Dean) - 9446348026
E-mail: bitseminary@yahoo.com / kurien.thomas@hotmail.com


HIGHGATE
INTERNATIONAL COLLEGE
Study in Australia
Highgate International College
Level 3, 251 Adelaide Terrace, Perth- 6000,WA Australia.
RTO No:45710, CRICOS: 03927F
Courses Offered:
Hospitality Course (2 Years)
SIT30821 Certificate III in Commercial Cookery
SIT40521 Certificate IV in Kitchen Management
SIT50422 Diploma of Hospitality Management
Business Course (2Years)
BSB50120 Diploma of Business
BSB60120 Advanced Diploma of Business
Information Technology Course (2 Years)
ICT50220 Diploma of Information Technology
ICT60220 Advanced Diploma of Information Technology
Entry Requirements
This course has the following entry requirements:
International students must:
Be at least 18 years of age.
Have an IELTS score of 5.5 or equivalent
(test results must be no more than 2 years old)
with 5.0 in each band
Have completed a Year 12
or equivalent high school certificate
For Admission and more Info please contact:
Highgate International College
Level 3, 251 Adelaide Terrace, Perth- 6000,WA Australia.
RTO No:45710, CRICOS: 03927F
www.hic.edu.au email: admissions@hic.edu.au,
Ph: +61 8 6383 6555



# മായാത്ത ഓർമ്മകളും അനുഭവസമ്പത്തുമായി കരുത്തോടെ പാസ്റ്റർ റ്റി. തോമസ്

**1972**ൽ അമേരിക്കൻ മണ്ണിലേക്ക് കുടിയേറിയ പാസ്റ്റർ റ്റി. തോമസ് വല്ലപ്പോഴുമൊക്കെ മലങ്കരയുടെ മണ്ണിലേക്ക് എത്തുമായിരുന്നു. എങ്കിലും 2023-ലെ യാത്ര പഴയകാല ഓർമ്മകൾ പുതുക്കുവാനുള്ള യാത്രയായിരുന്നു. ഗൃഹാതുരത്വം ഉണർത്തുന്ന ഓർമ്മകളും പേറി പഴയകാലത്തിലേക്കുള്ള യാത്ര നൽകിയത് വലിയ സംതൃപ്തിയാണ്. ദൈവസഭയുടെ ശതാബ്ദി കൺവൻഷന് പങ്കെടുക്കാൻ പാക്കിൽ കൺവൻഷന് പ്രസംഗിച്ച് ഏ. ജി. കൺവൻഷനും കുമ്പനാട് ഐപിസി കൺവൻഷനും പങ്കാളിയായി ഓർമ്മകൾ അയവിറക്കി മടങ്ങുമ്പോൾ പാസ്റ്റർ റ്റി. തോമസ് പറയുന്നത് ഈ അനുഭവം മറക്കുവാൻ കഴിയുന്നതല്ല. അരനൂറ്റാണ്ടിലധികം പിന്നിട്ട അമേരിക്കൻ ജീവിതത്തിൽ സുവിശേഷ വെളിച്ചം നഷ്ടപ്പെടുത്താതെ ഡാളസിൽ താൻ തുടക്കം കുറിച്ച സഭയുടെ ശുശ്രൂഷകനായി 42 വർഷം നിലപാടിലും ഉപദേശത്തിലും വിട്ടുവീഴ്ചയില്ലാതെ സേവനം ചെയ്തു. പഠനവും എഴുത്തും ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി ഡാളസ് ക്രോസ് വ്യൂ ചർച്ചിന്റെ ഫൗണ്ടിംഗ് പ്രസിഡന്റ് എന്ന നിലയിൽ പുതിയ ശുശ്രൂഷകന് പിന്തുണ നൽകി ഒപ്പം നിൽക്കുകയാണ് പാസ്റ്റർ റ്റി. തോമസ് എന്ന 74 കാരൻ.

പമ്പാ നദിക്കരയിലെ കുറിയന്നൂർ എന്ന കൊച്ചു ഗ്രാമത്തിൽ നിന്നും കോന്നിക്ക് സമീപം മലയോരഗ്രാമമായ കൊന്നപ്പാറയിലേക്ക് പറിച്ചു നടപ്പെട്ടതാണ് ഓറേത്തു എണ്ണിക്കാട്ടു കുടുംബം. മാർത്തോമ്മ സഭാ വിശ്വാസികൾ ആയിരുന്നു ആ കുടുംബക്കാർ. അവിടെയാണ് എ.റ്റി. തോമസ് എന്ന ദൈവദാസന്റെ ജനനം. ദൈവീക ഭക്തിയിൽ വളർന്നുവന്ന അദ്ദേഹം തികഞ്ഞ സത്യാന്വേഷി കൂടിയായിരുന്നു.

മർത്തോമാ സഭയിൽ ആയിരിക്കുമ്പോൾ തന്നെ 20-ാം വയസ്സിൽ എത്തുമ്പോഴേക്കും മൂന്നു പ്രാവശ്യം ബൈബിൾ വായിച്ചു കഴിഞ്ഞിരുന്നു. വചന സത്യങ്ങൾ ഗ്രഹിച്ച താൻ വിശ്വാസസ്നാനത്തിന്റെ ആവശ്യകത തിരിച്ചറിയുകയും മൂത്ത സഹോദരിയുടെ ഭവനം സന്ദർശിക്കവെ കുഴിക്കാലായിൽ പാസ്റ്റർ ഉള്ളായം ചെറിയാച്ചന്റെ കൈക്കീഴിൽ സ്നാനം ഏറ്റു. 1944 നവംബറിലായിരുന്നു ഇത് സംഭവിച്ചത്. തുടർന്ന് സുവിശേഷവേലക്കായുള്ള നിയോഗം ലഭ്യമായതിനാൽ പാസ്റ്റർ കെ. ഇ. എബ്രഹാമിന്റെ നിർദ്ദേശമനുസരിച്ച് കുമ്പനാട് ഹെബ്രോൻ ബൈബിൾ കോളജിൽ വചനപഠനം നിർവഹിച്ചു. 1955 മുതൽ ദൈവസഭയുടെ ശുശ്രൂഷകൻ ആയി കൊന്നപ്പാറ, അതിരുങ്കൽ, രാമമംഗലം, വാര്യാപുരം, മേപ്രാൽ, കോട്ടയം, പുതുപ്പള്ളി, തിരുവല്ല തുടങ്ങിയ സഭകളുടെ ചുമതല വഹിച്ചു. 1960 മുതൽ സെന്ററിന്റെ ചുമതലയിലേക്ക് നിയോഗിക്കപ്പെട്ടു. മൂവാറ്റുപുഴ, പത്തനംതിട്ട, ചെങ്ങന്നൂർ, കോട്ടയം, തിരുവല്ല സെന്ററുകളുടെ ചുമതല വഹിച്ചു. കൗൺസിലംഗം, കുമ്പനാട് ലേഡീസ് ബൈബിൾ സ്കൂൾ അധ്യാപകൻ തുടങ്ങിയ ചുമതലകൾ വഹിച്ച പാസ്റ്റർ എ. റ്റി. തോമസ് ആദർശം ബലി കഴിക്കാത്ത സുവിശേഷകൻ ആയിരുന്നു. വിശ്വാസത്തിലും സഭാ നടത്തിപ്പിലും ശക്തമായ നിലപാടിൽ ഉറച്ചുനിന്ന വ്യക്തി കൂടിയാണ്. സത്യത്തിലും നീതിയിലും അടിസ്ഥാനമിട്ട തന്റെ നിലപാടിൽ മായം ചേർക്കാൻ ഒരിക്കലും തയ്യാറായിരുന്നില്ല. 1986-ൽ വിരമിക്കുന്നതുവരെ സുവിശേഷ പോർക്കളത്തിലെ ധീരയോദ്ധാവായി അനേകരെ ക്രിസ്തുവിനായി നേടുകയും സഭകൾ ആരംഭിക്കുകയും ചെയ്തു.



മുളക്കുഴ സഭാ ആസ്ഥാനം സന്ദർശിച്ചപ്പോൾ

പെന്തക്കോസ്ത് മുന്നേറ്റത്തിന് ആരംഭനാളിൽ പാസ്റ്റർ കെ. ഇ. എബ്രഹാമിനോടൊപ്പം പ്രവർത്തനങ്ങളിൽ തുണയായി നിന്ന ആര്യപ്പള്ളിൽ അവറാച്ചൻ എന്ന എ. സി. എബ്രഹാമിന്റെ മകൾ അന്നമ്മയാണ് പാസ്റ്റർ എ. റ്റി. തോമസിന്റെ ജീവിതസഖിയായത്. അവരുടെ ദാമ്പത്യ ജീവിതത്തിൽ ദൈവം അഞ്ച് ആൺമക്കളെയും ഒരു പെൺപൈതലിനെയും ദാനമായി നൽകി. മൂന്നാമത്തെ മകൻ പതിനാറാം വയസ്സിൽ നിത്യതയിൽ ചേർക്കപ്പെട്ടു.

പാസ്റ്റർ എ. റ്റി. തോമസ് അന്നമ്മ ദമ്പതികളുടെ മൂത്തമകനാണ്. ഡാളസ്സ് ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് സ്ഥാപകൻ പാസ്റ്റർ റ്റി തോമസ്. 1980 ആഗസ്റ്റ് മാസം പതിനേഴാം തീയതി സ്വന്തഭവനത്തിൽ പ്രാർത്ഥിച്ച് ആരംഭിച്ച കൂട്ടായ്മയാണ് ഇന്ന് ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് എന്നറിയപ്പെടുന്ന സഭ. 42 വർഷം നീണ്ട ഇടയശുശ്രൂഷയിൽ നിന്നും 2022 ആഗസ്റ്റ് മാസം 7-ാം തീയതി വിരമിച്ച പാസ്റ്റർ റ്റി. തോമസ് ഫൗണ്ടിംഗ് പ്രസിഡന്റ് എന്ന നിലയിൽ സഭയിൽ സജീവമാണ്. അമേരിക്കയിലെ മലയാളി സഭകളിൽ ആർക്കും കൈവരിക്കാനാവാത്ത റെക്കോർഡിനുടമയാണ് പാസ്റ്റർ റ്റി. തോമസ്. പലരും ദേശത്തിനും കാലത്തിനുമനുസരിച്ച് നിലപാടുകളിലും ഉപദേശത്തിലും അയവു വരുത്തി നിലനിൽപ്പിനായി തത്രപെടുമ്പോൾ തന്റെ പിതാവിനെപോലെ നിലപാടുകളിൽ ഉറച്ചു നിന്ന ഇദ്ദേഹം ആത്മീയതയിലെ മായത്തെയും മുഖംമൂടികളെയും അംഗീകരിക്കാറില്ല.

സുവിശേഷകനായ പിതാവിനൊപ്പം പാഴ്സ്നേജുകളിൽ വളർന്ന ജീവിതാനുഭവപാഠങ്ങൾ ജീവിതത്തിനു കരുത്തേകി. പത്താംക്ലാസ് പൂർത്തീകരിക്കുമ്പോഴേക്കും ആറ് സ്കൂളുകൾ മാറിക്കഴിഞ്ഞിരുന്നു. സുവിശേഷകുടുംബം അനുഭവിക്കുന്ന ബുദ്ധിമുട്ടും പോരാട്ടവും എല്ലാം ദൈവസന്നിധിയോടടുപ്പിച്ചു എന്നുപറയാം. ചിട്ടയായ ആത്മീയ ശിക്ഷണം മാതാപിതാക്കളിൽ നിന്ന് ലഭിച്ചതിനാൽ ദൈവോന്മുഖമായ ജീവിതം നയിപ്പാനും കർത്തൃവേലയ്ക്കായുള്ള താൽപര്യം ബാല്യപ്രായം മുതലേ ഉള്ളിലുരുവായിരുന്നു. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും തിരുവല്ല മാർത്തോമാ കോളേജിൽ നിന്ന് ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചറും പാസായി. തുടർന്ന് രണ്ടുവർഷം മുളക്കുഴ മൗണ്ട് സിയോൻ ബൈബിൾ കോളേജിൽ വേദപഠനം നടത്തി. അതിനുശേഷം കൊട്ടാരക്കര സഭയുടെ ആരംഭഘട്ടത്തിൽ അവിടെ രണ്ടുമാസം പ്രവർത്തിച്ചു. ആ സമയത്താണ് 1972-ൽ സ്റ്റുഡന്റ് വിസയിൽ അമേരിക്കയിലെത്തുന്നത്. ടെമ്പിൾ ബാപ്റ്റിസ്റ്റ് ബൈബിൾ കോളേജിൽ രണ്ടുവർഷം വേദപഠനം നടത്തി. തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് ടെക്സാസിൽ നിന്ന് ബിസിനസ് മാനേജ്മെന്റ് ബിരുദം നേടി. 1977-ലാണ് പാസ്റ്റർ റ്റി. തോമസ് ഡാളസിലെത്തുന്നത്. അതിനു മുമ്പ് ന്യൂയോർക്കിലായിരുന്ന കാലയളവിൽ (1975 -1977) പാസ്റ്റർ എ.സി. ജോർജ്ജിനൊപ്പം സഹശുശ്രൂഷകനായിരിപ്പാൻ കർത്താവ് അവസരം നൽകി.

ജോലിയോടൊപ്പം കർത്തൃ ശുശ്രൂഷ എന്ന തീരുമാനം ആയിരുന്നു പാസ്റ്റർ റ്റി. തോമസിന്റേത്. 1977ലാണ് ന്യൂയോർക്കിൽ നിന്നും ഡാളസ്സിൽ എത്തുന്നത്. അക്കാലത്ത് മലയാളികൾ വളരെ കുറവായിരുന്നു ഡാളസിൽ എന്ന് പറയാം.

1980 -ൽ ഡാളസിൽ ചർച്ച് ഓഫ് ഗോഡ് ജനറൽ അസംബ്ലി നടക്കുന്ന സമയത്ത് പാസ്റ്റർ ജോസഫ് സി. തോമസ് കുടുംബമായി എത്തി. അദ്ദേഹത്തിന്റെ ഉപദേശവും പ്രോത്സാഹനവും ഒരു കൂട്ടായ്മയുടെ ആരംഭത്തിനു കാരണമായി. കേരളത്തിലെ ചർച്ച് ഓഫ് ഗോഡുകാർക്ക് സുപരിചിതനും മിഷനറിയുമായിരുന്ന വില്യം പോസ്പിസിൽ സായിപ്പിനെ കാണുകയും സ്നേഹബന്ധം പുതുക്കുകയും ചെയ്തു. അദ്ദേഹം കേരളത്തിൽ നിന്ന് മടങ്ങുമ്പോൾ അവസാനമായി ആരാധനയിൽ സംബന്ധിച്ചത് പാസ്റ്റർ എ ടി തോമസ് ശുശ്രൂഷിച്ചിരുന്ന കോട്ടയം സഭയിൽ ആയിരുന്നു. അക്കാലത്ത് തന്നെ പരിചയമുള്ള മിഷനറി വില്യം പോസ്പിസിൽ ക്ഷണം സ്വീകരിച്ച് പാസ്റ്റർ റ്റി. തോമസിന്റെ ഭവനത്തിലെത്തി. അന്ന് പാസ്റ്റർ ജോസഫ് സി. ജോസഫ്, ജേക്കബ് ജോർജ്, എ. വി. ഫിലിപ്പോസ് എന്നിവരും കുടുംബമായി എത്തിയിരുന്നു. 1980 ആഗസ്റ്റ് 17 ഞായറാഴ്ച റവ. വില്യം പോസ്പിസിൽ പ്രാർത്ഥിച്ച് ആരംഭം കുറിച്ച കൂട്ടായ്മയാണ് ഇന്നത്തെ ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ്. ഈസ്റ്റ് ഡാളസ് ചർച്ച് ഓഫ് ഗോഡ് എന്നതായിരുന്നു സഭയുടെ ആദ്യനാമധേയം. മൂന്ന് ഭവനങ്ങളിലായി അക്കാലത്ത് മാറിമാറി ആരാധന നടത്തിവന്നു. പിന്നീട് ഡാളസ് ഡൗൺ ടൗണിൽ വിക്ടർ സ്ട്രീറ്റിലെ ഒരു സ്പാനിഷ് ചർച്ചിന്റെ മുറിയിലേക്ക് ആരാധന മാറ്റി. 1992 ആയപ്പോഴേക്കും സ്വന്തമായി ആരാധനാലയം പണിത് ആരാധന അവിടേക്ക് മാറ്റി.

2017-ൽ ഇന്നു കാണുന്ന ആരാധനാലയം പണിയുകയും സഭയുടെ പേര് ഈസ്റ്റ് ഡാളസ് ചർച്ച് ഓഫ് ഗോഡ് എന്നതിനു പകരമായി ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് എന്ന് നാമകരണം നൽകുകയും ചെയ്തു.

തന്റെ നിലപാടുകളിലും ബോധ്യങ്ങളിലും ഉറച്ചു നിൽക്കുന്ന ഈ ഗുണം പൈതൃകമായി കിട്ടിയതാണെന്ന് ഉറപ്പായും പറയാം. എന്തൊക്കെ ബുദ്ധിമുട്ട് വന്നാലും ചെയ്യുന്ന കാര്യങ്ങൾ വിശ്വസ്തതയോടെ ചെയ്യണമെന്ന കാര്യത്തിൽ പാസ്റ്റർ റ്റി. തോമസിന് നിർബന്ധബുദ്ധി തന്നെയുണ്ട്. ഉദ്ദേശ ശുദ്ധിയും, ആദർശ ശുദ്ധിയും ലക്ഷ്യബോധവുമാണ് പ്രവർത്തനങ്ങളിലെ വിജയ കാരണമെന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്. കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് കാലാനുസൃതമായ മാറ്റങ്ങൾ പലതും ഉൾക്കൊള്ളണം എന്നതിൽ സംശയമില്ല. എന്നാൽ നമ്മൾ പിന്തുടർന്നു വരുന്ന സംസ്കാരത്തെയും ഉപദേശത്തനിമയെയും പാടെ തള്ളി പറയാൻ പറ്റില്ല എന്നാണ് പാസ്റ്റർ റ്റി തോമസിന്റെ നിലപാട്. സംഗീതം, ആരാധന, വേഷം തുടങ്ങിയവയിലൊക്കെ എത്രയോ മാറ്റങ്ങൾ വന്നു കഴിഞ്ഞു. എന്നാൽ വചനത്തിന്റെ അടിസ്ഥാനതത്വങ്ങൾ ബലികഴിച്ചാകരുത് മാറ്റങ്ങൾ സ്വീകരിക്കുന്നത്. സമൂഹത്തിലെ മാറ്റങ്ങൾ ഉൾക്കൊള്ളുമ്പോൾ തന്നെ വചനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടു മാത്രമേ മാറുവാൻ പാടുള്ളൂ. മലയാളി സംസ്കാരത്തിന് പ്രാധാന്യം നൽകുമ്പോൾ ഉള്ള പ്രശ്നം ഇന്ന് അമേരിക്കയിലെ പെന്തക്കോസ്ത് സഭകൾ നേരിടുകയാണ്. മലയാളികളെക്കാൾ തീവ്ര നിലപാടായിരുന്നു 1952 നു മുൻപ് വരെ ഇംഗ്ലീഷ് സഭകൾക്കുണ്ടായിരുന്നത്. 1952-ലാണ് ആഭരണ വിഷയത്തിൽ മാറ്റം വന്നത്. മലയാളികളും മാറുകയാണ്. എന്നാൽ ഒന്നും നിഷിദ്ധം അല്ലാത്ത നിലയിലേക്ക് കാര്യങ്ങൾ പോകുന്നതാണ് ദുഃഖകരം. ഒരിക്കൽ ദൃശ്യമായിരുന്ന വേർപാടിന്റെ അനുഭവങ്ങൾ പലതും അദൃശ്യമായിരിക്കുന്നു.

പാഴ്സനേജിൽ വളർന്ന ഓർമ്മ; ആദർശത്തിനും നിലപാടിനും വേണ്ടി ഉറച്ചു നിന്ന സുവിശേഷകനായ പിതാവിൽ നിന്നും ലഭിച്ച ശിക്ഷണത്തിന്റെ ഓർമ്മ; സകലതും ത്യജിച്ചിറങ്ങിയ ഒരു തലമുറയുടെ ഓർമ്മ. അതാണ് പാസ്റ്റർ റ്റി. തോമസിന്റെ വാക്കുകളിൽ നിഴലിച്ചു നിൽക്കുന്നത്.

ക്രോസ് വ്യൂ ചർച്ച് ഓഫ് ഗോഡ് വളർച്ചയുടെ പാതയിൽ തന്നെയാണ്. തന്റെ ശുശ്രൂഷയിലും ഇടപാടുകളിലും മാന്യത കൈവിടാതെയും നിലപാടുകളിൽ ഉറച്ചും പാസ്റ്റർ റ്റി. തോമസ് പുതിയ ശുശ്രൂഷകനോടൊപ്പം പിന്തുണ നൽകി ഒപ്പമുണ്ട്. പ്രാർത്ഥനയ്ക്കും പഠനത്തിനും കൂടുതൽ സമയം വേർതിരിച്ച് വാർദ്ധകൃത്തിലും പാസ്റ്റർ റ്റി. തോമസ് സജീവമാണ്.

കേരളത്തിലേക്കുള്ള ഇത്തവണത്തെ യാത്ര ഓർമ്മകൾ പുതുക്കുവാനുള്ളതായിരുന്നു. തിരുവല്ല മർത്തോമാ കോളേജ് പൂർവ്വ വിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു. ബന്ധുജനങ്ങളെയും സ്നേഹിതരെയും പഴയ വിശ്വാസികളെയും ദൈവദാസന്മാരെയും സന്ദർശിച്ച് ഓർമ്മകൾ പുതുക്കി. മലയാളക്കരയിലെ വന്നിട്ടുള്ള മാറ്റങ്ങൾ അത്ഭുതത്തോടെ പാസ്റ്റർ റ്റി. തോമസ് നോക്കിക്കണ്ടത്. ഒരുകാലത്ത് നാമമാത്രം ആയിരുന്ന പെന്തെക്കോസ്ത് കേരളത്തിൽ പ്രബലസ്ഥാനം നേടിയിരിക്കുന്നു എന്നതും ചാരിതാർത്ഥ്യം പകർന്ന വസ്തുതയാണ്. സുവിശേഷത്തിനായി വിലകൊടുത്തയിടങ്ങളിൽ സഭ വളർന്നത് കാണുമ്പോൾ ആ മുഖത്ത് വിരിഞ്ഞത് സർവ്വശക്തനോടുള്ള നന്ദിയും സന്തോഷവുമാണ്.

1975-ൽ ഓതറ മൂത്തേടത്ത് വർക്കി നൈനാന്റെയും ശോശാമ്മയുടെയും മകൾ മറിയാമ്മ തോമസാണ് ഭാര്യ. ഡോ. ഷാരോൺ ജോർജ്, ഡോ. ക്രിസ്റ്റീൻ ജോർജ്, സ്റ്റീഫൻ തോമസ് എന്നിവർ മക്കളും, ഡോ. മിനു ജോർജ്ജ്, ഡോ. ജെയ്സൺ ജോർജ്, ഡോ. ഷാരിൻ തോമസ് എന്നിവർ മരുമക്കളും ആണ്. ആറു കൊച്ചുമക്കളും ഉണ്ട് ഈ ദമ്പതികൾക്ക്.



പാസ്റ്റർ റ്റി. തോമസ് കുടുംബാംഗങ്ങളോടൊപ്പം

MOB: 9526602670

BELIEVERS JOURNAL
KUMBANAD P.O.
THIRUVALLA
KERALA

beljourn@gmail.com

BELIEVERS JOURNAL

2023 MAY
AMERICAN
SPECIAL

RNI. NO. KERMAL/2008/26530

beljourn.com/ www.bjournal.org




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.